# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.21/338/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/03/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2) ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി, മലപ്പുറം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.21/338/2024 തീയ്യതി: 04/03/2024

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 04-02-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-02-2024 | 15-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-02-2024 | 15-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ദിനേശൻ.എം., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് )

ശ്രീ. നസീർ. ടി.കെ., ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈഷി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജാത.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഷംസിയ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി വിനീത പി.പി, ഓഡിറ്റർ

ശ്രീമതി ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ഷാജി | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 04-09-2022 |
| ശ്രീ. മിത്രൻ ജി | സെക്രട്ടറി | 05-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി .രജിത വാസുദേവൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.മനോജ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.സാബിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. രാജീവ് ബോസ് | പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗിരിജ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൈനബ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ശിവപ്രസാദ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിഹാബ് മച്ചിങ്ങൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് ഗോപാലകൃഷ്ണൻ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ തുകകൾ പൂർണ്ണ സംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | റീകൺസിലിയേഷനു ശേഷവും ബാങ്ക് ബുക്ക് നീക്കിയിരിപ്പ് പാസ്സ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | ലോൺ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | Bank Reconciliation Statementൽ Directly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-7 |
| 9 | Bank Reconciliation Statementൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-8 |
| 10 | നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-9 |
| 11 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല. | 1-1-10 |
| 12 | Deposit Work-തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-11 |
| 13 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFSമായി പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബാധ്യതയായി തുടരുന്നു. | 1-1-13 |
| 15 | ബാധ്യത തെറ്റായി രേഖപ്പെടുത്തി | 1-1-14 |
| 16 | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് നെഗറ്റീവ് തുക | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 22 | ക്ഷേമപദ്ധതികൾ | 1-7 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | തനത് ഫണ്ട് - അവലോകനം | 1-11 |
| 27 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം | 1-12 |
| 28 | നഗരസഭ ക്രമ വിരുദ്ധമായി പണം പിരിക്കുന്നു- ഗുരുതരമായ വീഴ്ച്ച. | 1-13 |
| 29 | മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല | 1-14 |
| 30 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 31 | തൊഴിൽ നികുതി-അപാകതകൾ | 1-16 |
| 32 | കറന്റ് അക്കൗണ്ടിൽ മുനിസിപ്പൽ ഫണ്ട് സൂക്ഷിച്ചതിനാൽ പലിശ നഷ്ടം | 1-17 |
| 33 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, വസ്തുനികുതി നിർണ്ണയം-അപാകതകൾ | 1-18 |
| 34 | 22-23 പദ്ധതി അവലോകനം -പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല | 1-19 |
| 35 | ഡെപ്പോസിറ്റ് വർക്ക് /മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 36 | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് - സെന്റേജിനത്തിൽ അധിക തുക അനുവദിച്ചു | 1-21 |
| 37 | നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങൽ - 327600 അധികച്ചെലവ്. | 1-22 |
| 38 | റിജക്ട് വേസ്റ്റ് നീക്കംചെയ്യൽ -ഏജൻസിക്ക് GST ഉൾപ്പെടെയുള്ള തുക അനുവദിച്ചു | 1-23 |
| 39 | ബയോബിൻ വിതരണം -അപാകതകൾ | 1-24 |

| | | |
|---|---|---|
| 40 | എസ്.എസ്.കെ ഫണ്ട് വിനിയോഗം അപാകതകൾ | 1-25 |
| 41 | മാലിന്യസംസ്കരണത്തിന് വാഹനം വാങ്ങൽ–അപാകതകൾ | 1-26 |
| 42 | നഗരസഭ പെൻഷൻഫണ്ട് -അവലോകനം | 1-27 |
| 43 | വയോമിത്രം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 44 | ലൈഫ് ഫ്ലാറ്റുകൾക്ക് ശൗചാലയ നിർമ്മാണം -വിനിയോഗ വിവരം ലഭ്യമല്ല. | 1-29 |
| 45 | അമൃത് -02 കുടിവെള്ള പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 46 | ലൈബ്രറി സെസ്സ് അടവാക്കൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-31 |
| 47 | നഗരസഭ വാഹനങ്ങളുടെ പരിപാലനം -അപാകതകൾ | 1-32 |
| 48 | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിലെ അപാകതകൾ | 1-33 |
| 49 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല | 1-34 |
| 50 | തെരുവ് വിളക്കുകളുടെ റിപ്പയർ AMC-അപാകതകൾ | 1-35 |
| 51 | ജി.ജി.എച്ച്.എസ് സ്കൂളിൽ കമ്പ്യൂട്ടർ ലാബ് നവീകരണം - അപാകതകൾ | 1-36 |
| 52 | ഗവൺമെന്റ് മോഡൽ ഹയർസെക്കന്ററി സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേക്ക് ഫർണിച്ചർ -പദ്ധതി നിർവ്വഹണം- അപാകതകൾ | 1-37 |
| 53 | 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ–നിർവ്വഹണത്തിലെ അപാകതകൾ | 1-38 |
| 54 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ | 1-39 |
| 55 | സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-40 |
| 56 | പലിശ ഒഴിവാക്കി നൽകിയത് - സർക്കാർ അനുമതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-41 |
| 57 | വൈദ്യുതി ചാർജ് -യഥാസമയം അടവാക്കിയില്ല-പിഴ അടവാക്കി | 1-42 |
| 58 | വീട് വാസയോഗ്യമാക്കൽ പദ്ധതി -അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-43 |
| 59 | ഇലക്ട്രിക്കൽ പ്രവൃത്തി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-44 |
| 60 | ഒറിജിനൽ രശീതിയില്ലാതെ ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി | 1-45 |
| 61 | മുൻ കാലയളവിലെ ഇലക്ട്രിസിറ്റി, വാട്ടർ ബില്ലുകൾ നൽകിയത് -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-46 |
| 62 | കോഴിത്തൊടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം- അധിക നിരക്ക് നൽകി. | 1-47 |
| 63 | നഗരസഭ കെട്ടിടത്തിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ– അധിക ചെലവ്. | 1-48 |
| 64 | റോഡ് ഇന്റർലോക്കിംഗ്- അധിക ചെലവ് | 1-49 |
| 65 | പ്രൊജക്ട് തയ്യാറാക്കാതെ പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 1-50 |
| 66 | നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ– അവലോകനം | 1-51 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കോഴിത്തൊടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം- 15000/- രൂപയുടെ അധിക ചെലവ് | 3-1 |
| 2 | നഗരസഭ കെട്ടിടത്തിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ– 36378/- രൂപയുടെ അധിക ചെലവ് | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2023 തീയതിയിലെ 40-)ം നം. തീരുമാനം പ്രകാരം അംഗീകരിച്ച് **14-07-2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം, തിയ്യതി :**

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ് )പ്രകാരമുള്ള അനുപാതങ്ങൾ,58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക കണക്കിൽ തുകകൾ പൂർണ്ണ സംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.

അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ സംഖ്യയിലാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ. RP-40(a), RP-40(b)).

### 1-1-3 ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളും ബാങ്ക് ബുക്കുകളുമായി റീകൺസിലിയേഷൻ നടത്തി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ) ചട്ടങ്ങൾ, 2007 ചട്ടം 54).

### 1-1-4 റീകൺസിലിയേഷനു ശേഷവും ബാങ്ക് ബുക്ക് നീക്കിയിരിപ്പ് പാസ്സ്ബുക്ക് നീക്കിയിരിപ്പുമായി

**പൊരുത്തപ്പെടുന്നില്ല.**

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ന് Total (Add-Less) ചെയ്ത തുക (നീക്കിയിരുപ്പ്) | 31.03.2023 ന് ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | SBI Propert Tax Online-67206729726 | 60, 81, 369 | 61,57,908 | 76539 |
| 2 | SBI 67143974519 | -648.50 | 0.5 | 649 |
| 3 | SBI Own Fund -57065238437 | 4,79,572.68 | 4,83,832.68 | 4260 |
| 4 | Canara -757201001145 | 23,95,934 | 25,60,099 | 1,64,165 |
| 5 | Hdfc Own Fund-50100328340178 | 46,11,581 | 44,62,064 | 1,49,517 |
| 6 | South Indian Bank Own Fund-0329053000014648(450210110) | 34,67,561 | 46,51,758 | 11,84,197 |

### 1-1-5 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. അഡ്വാൻസ് രജിസ്റ്ററിൽ ഓരോ ഇനം അഡ്വാൻസുകളും വേർതിരിച്ച് രേഖപ്പെടുത്തുകയോ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനം ഡെപ്പോസിറ്റുകളും വേർതിരിച്ച് രേഖപ്പെടുത്തുകയോ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ B-7-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
3. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
4. HUDCOയിൽ നിന്നും നഗരസഭക്ക് PMAY ലോൺ, മാർക്കറ്റ് ലോൺ എന്നീ രണ്ട് ലോണുകളുണ്ട്. മാർക്കറ്റ് HUDCO ലോൺ, PMAY-HUDCO ലോൺ എന്നിവയുടെ വർഷാവസാനം തിരിച്ചടക്കാനുള്ള ബാലൻസ് തുക ഒരുമിച്ച് ചേർത്ത് 16,37,28,706/- രൂപയാണ് ബാലൻസ് ഷീറ്റിൽ കൊടുത്തിരിക്കുന്നത്(B-5 Loan From HUDCO). മാർക്കറ്റ് ലോൺ രജിസ്റ്റർ പ്രകാരം 31.03.2023 ലെ നീക്കി ബാക്കി 3,55,42,040 രൂപയാണ്. PMAY ക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഹഡ്കോ വായ്പയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5.വസ്തുനികുതി, തൊഴിൽ നികുതി (Institutions/Professionals/Traders), വാടക എന്നീ ഇനങ്ങളിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-6 ലോൺ രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അർബൻ കോ-ഓപ്പറേറ്റീവ് അക്കൗണ്ടിൽനിന്നുള്ള ബസ് സ്റ്റാന്റ് ലോൺ രജിസ്റ്റർ പ്രകാരം 2022-23 വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള തുക 63658433 രൂപയാണ്.എന്നാൽ 2021-22 വാർഷിക കണക്കിലെ ഷെഡ്യൂൾ B-5, 2022-23 ലെ ട്രയൽ ബാലൻസ് എന്നിവ പ്രകാരം 63417148 രൂപയാണ്. 2,41,285 രൂപയുടെ വ്യത്യാസത്തിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 41/14.02.2024) ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട് ബാങ്കിൽ നിന്നുള്ള ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും ബാങ്കിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസമുണ്ടെന്നും ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയ്ക്ക് പെയ്മെന്റ് ഓർഡർ അടിച്ചത് മൂലമാണ് ബാലൻസ് ഷീറ്റിൽ 241291 രൂപയുടെ വ്യത്യാസം വന്നതെന്നും വ്യത്യാസം 01.04.2022ന് ജേണൽ വൌച്ചറിലൂടെ ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-7 Bank Reconciliation Statementൽ Directly Credited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

Bank Reconciliation Statementൽ Directly Credited By Bank ആയി ചേർത്ത ചുവടെ ചേർത്ത തുകകൾ സ്ഥാപനത്തിന്റെ വരവ് തന്നെയാണോയെന്ന് ഉറപ്പ് വരുത്തി ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൌണ്ട് നമ്പർ | തുക വരവ് വെച്ച കാലയളവ് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648(450210110) | 2021 മെയ്- 2022 ഫെബ്രുവരി | 11, 42,982 |
| 2 | SBI E-Payment VAT-67190200537 | 2014 മാർച്ച്-2017 മാർച്ച് | 31,05,393 |
| 3 | HDFC 50100289808301 | 2020 ഒക്ടോബർ | 45,90,825 |
| 4 | SBI Property Tax Online -67206729726 | 2014 ആഗസ്റ്റ്- 2023 മാർച്ച് | 1,40,16,182 |

### 1-1-8 Bank Reconciliation Statementൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

Bank Reconciliation Statementൽ Directly Debited By Bank ആയി ചേർത്ത ചുവടെ ചേർത്ത തുകകൾ നാളിത് വരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൌണ്ട് നമ്പർ | തുക പിൻവലിച്ച കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648(450210110) | 2021 ഏപ്രിൽ- 2021 ജൂലൈ | 30,44,038 |
| 2 | SBI E-Payment VAT-67190200537 | 2013 മെയ്- 2019 മാർച്ച് | 81,84,824 |
| 3 | Union Bank Ayyankali 572002010012640 | 2016 ഫെബ്രുവരി-2019 ഫെബ്രുവരി | 2,85,689.56 |
| 4 | SBI 67313481444 Contributory Pension | 2019 ഫെബ്രുവരി | 88.5 |

### 1-1-9 നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

സ്ഥാപനം ഇഷ്യൂ ചെയ്ത 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് നമ്പർ | ചെക്ക് ഇഷ്യൂ ചെയ്ത കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648(450210110) | 2020 ഏപ്രിൽ- 2021 ജൂലൈ | 732484 |
| 2 | SBI E-Payment VAT-67190200537 | 2013 മെയ്-2018 ഡിസംബർ | 7318507 |
| 3 | Union Bank Ayyankali 572002010012640 | 2016 മാർച്ച്-2019 ഫെബ്രുവരി | 3,14,415 |
| 4 | SBI 67313481444 Contributory Pension | 2019 ഫെബ്രുവരി | 88 |

### 1-1-10 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ ക്രെഡിറ്റ് ആയില്ല.

ബാങ്കിൽ നിക്ഷേപിച്ച ചുവടെ ചേർത്ത ചെക്ക് തുകകൾ ക്രെഡിറ്റ് ആയിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൌണ്ട് നമ്പർ | ചെക്ക് ഡെപ്പോസിറ്റ് ചെയ്ത കാലയളവ് | തുക |
|---|---|---|---|
| 1 | South Indian Bank Own Fund-0329053000014648(450210110) | 2020 ഫെബ്രുവരി- 2021 ജൂൺ | 98,509 |
| 2 | SBI E-Payment VAT-67190200537 | 2016 ജൂലൈ- 2018 ഡിസംബർ | 24,40,667 |
| 3 | SBI 67313481444 Contributory Pension | 2018 ഫെബ്രുവരി-2018 ഒക്ടോബർ | 9,718 |
| 4 | HDFC 50100289808301 | 2020 ഒക്ടോബർ | 45,90,825 |
| 5 | SBI Property Tax Online -67206729726 | 2014 ജൂലൈ-20203 മാർച്ച് | 1,05,25,043 |

### 1-1-11 Deposit Work-തെറ്റായി അക്കൗണ്ട് ചെയ്തു

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 8 പ്രകാരം Deposit Works-Civil Works എന്ന ഹെഡിൽ 94,00,000 രൂപ നെഗറ്റീവ് ഫിഗർ ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 41/14.02.2024) അമൃത് 2.0 കുടിവെള്ള പദ്ധതിയുടെ ഭാഗമായി അമൃത്മിഷൻ ഡയറക്ടർക്ക് മുനിസിപ്പൽ കോൺട്രിബ്യൂഷനായി നൽകേണ്ട തുകയായ 9400000 രൂപ 31.03.2023ന് സാംഖ്യയിൽ 341100100- Deposit Works-Civil Works എന്ന ലയബിലിറ്റി ഹെഡിൽ തെറ്റായി പേയ്മെന്റ് ഓർഡർ അടിച്ചതിനാലാണ് നെഗറ്റീവ് ഫിഗർ ആയി പ്രതിഫലിച്ചതെന്നും 16.02.2024ന്

ജേണൽ വൌച്ചർ നം. 42300467 പ്രകാരം ഈ തുക 460600300-വാട്ടർ ഡെപ്പോസിറ്റ് എന്ന ഹെഡിലേക്ക് ഡെബിറ്റ് ചെയ്ത് പരിഹരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-12 വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFSമായി പൊരുത്തപ്പെടുന്നില്ല.

അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല.

### 1-1-13 ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബാധ്യതയായി തുടരുന്നു.

B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 7899570 രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകകളുടെ വിവരവും പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിവരവും മറ്റു വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

### 1-1-14 ബാധ്യത തെറ്റായി രേഖപ്പെടുത്തി

വാർഷിക കണക്കിലെ ഷെഡ്യൂൾ B-4 പ്രകാരം 320809900-Other Grants & Contributions For Specific Purpose എന്ന ഹെഡിൽ 18,53,14,245 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ആയതിന് തത്തുല്യമായ നീക്കിയിരിപ്പ് B-17 പ്രകാരം അവശേഷിക്കുന്നില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നതിന് അനുസരിച്ച് / ചെലവാകുന്ന തുകയ്ക്ക് അനുസരിച്ച് എൻട്രി വരുത്താത്തതാണ് B-4 പ്രകാരം 18,53,14,245 രൂപ അവശേഷിക്കാൻ കാരണമെന്ന് വാക്കാൽ അറിയിച്ചു. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-15 ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് നെഗറ്റീവ് തുക

Union Bank Ayyankali-572002010012640 അക്കൌണ്ടിൽ ബാങ്ക് ബുക്ക് പ്രകാരം 31.3.2023 ലെ നീക്കിയിരിപ്പ് -3956 രൂപയാണ് (നെഗറ്റീവ് തുക). ആധിക തുക പെയ്മെന്റ് ഓർഡർ അടിച്ചതാണ് അപാകതയ്ക്ക് കാരണമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 41/14.02.2024) മറുപടി ലഭ്യമാക്കി.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/26.03.2022 | 1/21.03.2023 |

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 64006991 |
| വരവ് | 370558195 |
| ആകെ | 434565186 |
| ചെലവ് | 380874115 |
| നീക്കിയിരിപ്പ് | 53691071 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 27622646 | 27515866 | 106780 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 26001510 | 24232328 | 1769182 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12967000 | 12967000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 16081000 | 16077621 | 3379 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 17542672 | 27251585 | -9708913 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 9120500 | 15988102 | -6867602 |

കുറിപ്പ്-

1.എ.സി.ആർ പ്രകാരമുള്ള ചെലവാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. വികസന ഫണ്ട്(ജനറൽ) ഇനത്തിൽ 27157309 രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്. 358557 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയതിനാലാണ് ACR, AFS എന്നിവ തമ്മിൽ ചെലവിനത്തിൽ വ്യത്യാസം വന്നിട്ടുള്ളത്.

2. വികസന ഫണ്ട്(SCP) ഇനത്തിൽ 22036832 രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള ചെലവ്. 2195496 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയതിനാലാണ് ACR, AFS എന്നിവ തമ്മിൽ ചെലവിനത്തിൽ വ്യത്യാസം വന്നിട്ടുള്ളത്.

3. CFC Tied ഇനത്തിൽ മുന്നിരിപ്പായി ബാങ്ക് അക്കൗണ്ടിൽ ഉള്ള 5548769 രൂപ ACRൽ ഉൾപ്പെടാത്തതിനാലാണ് ചെലവ് തുക വരവിനേക്കാൾ അധികരിച്ചിട്ടുള്ളത്.

4. CFC Untied ഇനത്തിൽ മുന്നിരിപ്പായി ബാങ്ക് അക്കൗണ്ടിൽ ഉള്ള 13570585 രൂപ ACRൽ ഉൾപ്പെടാത്തതിനാലാണ് ചെലവ് തുക വരവിനേക്കാൾ അധികരിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 412 | 569633540 | 209 | 135510137 | | 203 | 50.72% |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭരണചെലവുകളും ഗുണഭോക്താക്കൾക്ക് നൽകുന്നതും | 286370 | 10020972 | 10311298 | -3956 |

(കുറിപ്പ്- വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ആയത് തൊഴിലുറപ്പിന്റെ ക്യാഷ്ബുക്കിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല).

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 4383400 | 396 |
| വിധവാ പെൻഷൻ | 22081400 | 2008 |
| വാർദ്ധക്യകാല പെൻഷൻ | 36133600 | 3493 |
| വികലാംഗ പെൻഷൻ | 5842800 | 565 |
| വിവാഹ ധനസഹായം | 660000 | 22 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1932200 | 178 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2024 ന് 12.10 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 369655/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകളുടെ വിനിയോഗ വിവരം യഥാസമയം ലഭ്യമാകുന്നില്ല. ഇത് നിരീക്ഷിക്കുന്നതിന് സംവിധാനം നിലവിലില്ല (ഉദാ-സോഷ്യൽ സെക്യൂരിറ്റി മിഷനിൽ വയോമിത്രം പദ്ധതിക്കായി അടവാക്കിയ തുകയുടെ വിനിയോഗം ).
2. വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ നിർവ്വഹിക്കപ്പെട്ട മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിനത്തിൽ നൽകാനുള്ള തുകകളുടെ വിവരം വ്യക്തമാക്കുന്ന രേഖകൾ ഒന്നും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ നഗരസഭക്ക് എത്ര ബാധ്യതയുണ്ടെന്ന് വ്യക്തമല്ല.
3. ഒറ്റ പ്രോജക്ടായി നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കുന്നു.
4.വർക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ള നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം,ലൈബ്രറി സെസ്സ്,ഫ്ലഡ് സെസ്സ് എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക്/വകുപ്പുകളിലേക്ക് യഥാസമയം അടവാക്കിയിട്ടില്ല.
5. വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകളുടെ മോണിട്ടറിംഗ് സമിതികൾ എന്ന കർത്തവ്യം നിർവ്വഹിച്ചിട്ടില്ല
6. ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.
7. വിവിധ ഏജൻസികൾക്ക് കൊടുക്കുന്ന മുൻകൂറുകൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
8. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.
9.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്-13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. ,
10. 1967-68 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ഓഡിറ്റ് തടസ്സം നിലനിൽക്കുന്നുണ്ട്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല.
11 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സേവനാവകാശ നിയമ വ്യവസ്ഥകൾ പ്രദർശിപ്പിക്കുന്ന നിയമപ്രകാരമുള്ള നോട്ടീസ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല.
12. കൃഷി ഓഫീസർ,പ്രൊജക്ട് ഓഫീസർ,എസ്.സി.ഡി.ഒ,പ്രിൻസിപ്പാൾ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രൊജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2014 | 2013-14 | 07.08.2015 |
| എ.ജി ഓഡിറ്റ് | 1.1.2019 | 2017-18 | 6.3.2019 |

## 1-11 തനത് ഫണ്ട് - അവലോകനം

**I) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.**

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിൽ മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 35 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും മുൻ വർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടന്നിട്ടില്ല. തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ് സഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. നഗരസഭയുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. നികുതിയേതര വരുമാന മാർഗങ്ങൾ ലൈസൻസ് ഫീസ്, വാടക, ബസ്സ്റ്റാൻറ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ്, ബസ്സ്റ്റാന്റിൽ TVസ്ഥാപിച്ച് പരസ്യം ചെയ്യൽ ,കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, വിവിധയിനം രജിസ്ട്രേഷൻ ഫീസ്, ലൈബ്രറി, ക്രമിറ്റോറിയം ഫീ എന്നിവയുമാണ്.

**II) വസ്തുനികുതി.**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്തു പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നഗരസഭ കൗൺസിലിന്റെ 25-04-2023 ലെ 8ാം നമ്പർ തീരുമാന പ്രകാരം 17-05-2023 ന് പ്രാഥമിക വിജ്ഞാപനവും 29-09-2023ലെ 4ാം തീരുമാന പ്രകാരം 12-10-23 ന് അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

3).മേഖലാ തരംതിരിവ്, റോഡുകളുടെ വർഗീകരണം, പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ 25.04.2023 ലെ 8-)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വാർഡ് അടിസ്ഥാനത്തിലുള്ള റോഡ് മാപ്പിൽ വഴി സൗകര്യം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). യു.എ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. യു.എ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങൾക്ക് 3 ഇരട്ടി വസ്തുനികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. നഗരസഭയിൽ ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023

ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. ആയത് പൂർത്തീകരിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ ഖണ്ഡിക 15പ്രകാരം GIS സംവിധാനം മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ കുറ്റമറ്റരീതിയിൽ കെട്ടിട വിവരങ്ങൾ ഏതെങ്കിലും നഗരസഭ ശേഖരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ചേർക്കാവുന്നതാണ്. ആയത് പ്രകാരം GIS മാപ്പിംഗ് നടത്തുന്നതിന് ഊരാളുങ്കൽ സർവ്വീസ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുകയും, പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ 46783703/-രൂപ കുടിശ്ശിക (2022-23 AFS പ്രകാരം)ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6)സർവ്വീസ് ചാർജ്

കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285ാം അനുഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം സർവ്വീസ് ചാർജ് ഈടാക്കുവാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്.

| സേവനം | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| പൂർണ്ണതോതിൽ | വസ്തു നികുതിയുടെ 75% |
| ഭാഗികം | വസ്തു നികുതിയുടെ 50% |
| സേവനം ലഭ്യമാകാത്തതിന് | വസ്തു നികുതിയുടെ 10% |

**7)സേവന ഉപനികുതി**

2011ലെ കേരള മുൻസിപാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുൻസിപാലിറ്റി നിയമത്തിലെ വകുപ്പ് 235-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചുവടെ ചേർക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്.

| **സേവനം** | **ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി** |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% |
| ജല വിതരണം | വസ്തു നികുതിയുടെ 3% |

| | |
|---|---|
| തെരുവ് വിളക്കുകൾ | വസ്തു നികുതിയുടെ 2% |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% |

**III)തൊഴിൽ നികുതി**

നഗരസഭയിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ കാര്യക്ഷമമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 9 പ്രകാരം സെക്രട്ടറി നികുതിദായകരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്തി അടവാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നഗരസഭ ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 3(2)പ്രകാരം, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, ടാക്സി ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു.

തൊഴിൽ നികുതിയിനത്തിൽ 1368017/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**IV).ലൈസൻസ് ഫീസ്.**

കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ഹെൽത്ത് ഓഫീസർ ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 2970 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കേണ്ട മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ നഗരസഭക്ക് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈസൻസ് ഫീ ഇനത്തിൽ 177490/- രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**V).വാടക**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടകയിനത്തിൽ 1251866/-രൂപ കുടിശ്ശിക (AFS പ്രകാരം)ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**VI). വിനോദ നികുതി**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 2 തിയറ്ററിൽ നിന്നും നഗരസഭയ്ക്ക് വിനോദ നികുതി ലഭിക്കുന്നുണ്ട്. ഈ ഇനത്തിൽ തൻവർഷം 3234184/-രൂപ വരവുണ്ട്. വിനോദ നികുതിയിനത്തിൽ 318000/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്. (എൻക്വയറി നം:02/22-23/05.02.2024)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകുറുകൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡിപ്പോസിറ്റ് തുകകൾ (മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം) ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാമ്പത്തിക വർഷം | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| 1. | KWAമലപ്പുറം | പൈപ്പ് ലൈൻ നീട്ടൽ | 2012-13 | 44/3-13 തി.31.3.2013, 45/3-13 തി.31.3.2013, | 1190000 1500000 | 0 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 1190000 1500000 |
| 2 | കോസ്റ്റ് ഫോർഡ് | ആധുനിക ഗ്യാസ് ക്രിമറ്റോറിയം | 2015-16 | 254/6-15 തീയ്യതി 18.6.2015 | 384285 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 384285 |
| 3 | കോസ്റ്റ് ഫോർഡ് | ആധുനിക ഗ്യാസ് ക്രിമറ്റോറിയം | 2015-16 | 822/12-15 തീയ്യതി 4.12.2015 | 519000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 519000 |
| 4 | കേരള വാട്ടർ അതോറിറ്റി | ആഭരണക്കല്ല് കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2015-16 | 875/12-15 തീയ്യതി 4.12.2015 | 1350000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 1350000 |
| 5 | കേരള വാട്ടർ അതോറിറ്റി | പെരിന്തൽമണ്ണ നഗരസഭയിലെ വിദ്യാഭ്യാസ കോംപ്ലക്സിലേക്ക് കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ കണക്ഷൻ | 2015-16 | 6/12-15 തീയ്യതി 11.12.15 | 100000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 100000 |
| 6 | കെ.എസ് ഇ . ബി | വാർഡ് 12 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 38/9-5-18 | 44,858 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 44,858 |
| 7 | കെ.എസ് ഇ .ബി | വാർഡ് 17 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 82/27.02.19 | 15,938 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 15,938 |
| 8 | കെ.എസ് ഇ .ബി | വാർഡ് 27 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 88/28.1.19 | 6696 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 6696 |
| 9 | കെ.എസ് ഇ .ബി | വാർഡ് 21 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 87/ 28.1.2019 | 16698 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 16698 |
| 10 | കെ.എസ് ഇ | വാർഡ് 2 ൽ | 2018-19 | 76/ | 32373 | 0 | പൂർത്തീകരണ | 32373 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | .ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | | 23.01.2019 | | | വിവരം ലഭ്യമല്ല | |
| 11 | കെ.എസ് ഇ .ബി | വാർഡ് 32 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 101/ 25.05.2018 | 26982 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 26982 |
| 12 | കെ.എസ് ഇ .ബി | വാർഡ് 10 ൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 2018-19 | 43/12.2.2019 | 57961 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 57961 |
| 13 | കെ.എസ് ഇ .ബി | വാർഡ് 14 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 46/ 9.05.2018 | 7811 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 7811 |
| 14 | കെ.എസ് ഇ .ബി | വാർഡ് 34 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 98/ 30.01.2019 | 34650 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 34650 |
| 15 | കെ.എസ് ഇ .ബി | വാർഡ് 16 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 2018-19 | 97/30-1-19 | 15844 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 15844 |
| 16 | കെ.എസ് ഇ .ബി | ലൈഫ് ഫ്ലാറ്റ് വൈദ്യുതി കണക്ഷൻ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ | 2020-21 | 22000523/ 08.09.20 | 3464971 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 3464971 |
| 17 | KWA | പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 2020-21 | 22001816/ 24.03.21 | 49000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 49000 |
| 18 | IRTC | വെർമ്മി കമ്പോസ്റ്റ് നിർമ്മാണം | 2020-21 | 22000558/ 11.09.20 | 833910 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 833910 |
| 19 | KWA | പൈപ് ലൈൻ എക്സ്റ്റൻഷൻ | 2021-22 | Cc 12251078530 /27.1.22 | 5440000 (15,90,000 + 38,50,000) | 581299 | പൂർത്തീകരിച്ചിട്ടില്ല | 1008701 തിരികെ അടവാക്കി യിട്ടുണ്ട്. എന്നാൽ 38,50,000/- രൂപയുടെ പ്രവൃത്തികൾ പൂർത്തീക രിച്ചിട്ടില്ല |
| 20 | KWA | JJM House Hold Water Connection Design And Survey | 2021-22 | CO 32258704399/ 23.03.2022 | 2110000 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 2110000 |
| 21 | കെ.എസ് ഇ .ബി | ചെമ്പൻകുന്ന് അംഗൻവാടി മീറ്റർബോർഡ് മാറ്റിവെക്കൽ | 2021-22 | 057149/ 17.04.2021 | 755 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 755 |
| 22 | കെ.എസ് ഇ .ബി | മീറ്റർബോർഡ് മാറ്റിവെക്കൽ | 2021-22 | 057150/ 17.04.2021 | 784 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 784 |
| 23 | കെ.എസ് ഇ .ബി | RE Alignment Of HT Line At Old Market | 2021-22 | 057163/ 04.05.21 | 20554 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 20554 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 24 | കെ.എസ് ഇ .ബി | Dismantling Service Connection In Old Market | 2021-22 | 000201/5.7.21 | 9880 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 9880 |
| 25 | കെ.എസ് ഇ .ബി | Shifting Of LT Line At Moosakutty Memorial Bustand | 2021-22 | 061946/ 28.09.21 | 85141 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 85141 |
| 26 | കെ.എസ് ഇ .ബി | Electricity Temporory Connection At Moosakutty Memorial Bustand | 2021-22 | 061963/ 7.10.21 | 12590 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 12590 |
| 27 | കെ.എസ് ഇ .ബി | 200 KVA Transformer HT, 200 KVA Generator MV Set And Connected Electric At The Premises Of Municipal Office, PMNA(PW2- 13845/21) | 2021-22 | 662038/ 18.10.21 | 10340 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 10340 |
| 28 | കെ.എസ് ഇ .ബി | Power Requirement Above 10- KVA To The Moosakutty Smaraka Modern Bus Stand(PW1- 24825/21) | 2021-22 | 062020/ 04.01.2022 | 11812 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 11812 |
| 29 | കെ.എസ് ഇ .ബി | Inspection Fee And Electricity Duty (PW1- 13845/21) | 2021-22 | 534067/ 06.01.2022 | 895 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 895 |
| 30 | കെ.എസ് ഇ .ബി | Power Requirement In Moosakutty Smaraka Modern Bus Stand(PW1- 24825/21) | 2021-22 | Vr.No. 42100205 | 361268 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 361268 |
| 31 | കെ.എസ് ഇ .ബി | Power Requirement In Moosakutty Smaraka Modern Bus Stand(PW1- 24825/21) | 2021-22 | 062040/ 27.01.22 | 6432 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 6432 |
| 32 | കെ.എസ് ഇ .ബി | Realignment LT Line At Vetticolony Ward 16(PW2- 9082/21) | 2021-22 | 0719991/ 02.03.2022 | 21609 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 21609 |
| 33 | കെ.എസ് ഇ .ബി | Service Connection LT Normal For Moosakutty Bus Stand (PW1- | 2021-22 | 072011/ 15.03.22 | 11354 | 0 | പൂർത്തീകരണ വിവരം ലഭ്യമല്ല | 11354 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 24825/21) | | | | | | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

**1-13 നഗരസഭ ക്രമ വിരുദ്ധമായി പണം പിരിക്കുന്നു- ഗുരുതരമായ വീഴ്ച.**

2018-ലെ കേരള നെൽ വയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടം- ചട്ടം 12(9) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ ചട്ടത്തിലെ അനുബന്ധമായുള്ള പട്ടികയിൽ സൂചിപ്പിച്ച നിരക്കിൽ ഫീസ് അടവാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ഭൂമിയിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണം 3,000 ചതുരശ്ര അടിയിൽ (സ്ക്വയർ ഫീറ്റ്) അധികരിക്കുന്ന പക്ഷം അപ്രകാരം അധികം വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100/- രൂപ നിരക്കിലുള്ള അധിക ഫീസ് കൂടി അടവാക്കേണ്ടതാണ്. റവന്യൂ വകുപ്പിന്റെ 14.1.2019ലെ പി1/818/2018/ റവന്യൂ നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത ഫീസ് '0029-00-800-88-Receipts Collected Under Rule 12(9) Of The Kerala Conservation Of Paddy Land And Wetland (Amendment Act) 2018 എന്ന ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിലെ 3000 ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമാണത്തിന് മേൽ ശീർഷകത്തിൽ റവന്യൂ വകുപ്പിൽ അടവാക്കേണ്ട ഫീസ് ക്രമ വിരുദ്ധമായി നഗരസഭയിൽ സ്വീകരിച്ച് അപേക്ഷകനു രസീതി നൽകിയിട്ടുണ്ട്. ഇപ്രകാരം സ്വീകരിച്ച തുകകൾ 140129900 [Other Fees For Grant Of Permit] എന്ന ഹെഡിൽ ആണ് ബുക്ക് ചെയ്തിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തിലും ഇത്തരത്തിൽ ക്രമ വിരുദ്ധമായി നഗരസഭ പണം സ്വീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ഈ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-12 പ്രകാരം ഓഡിറ്റ് പരാമർശിക്കുകയും, തുക സർക്കാരിലേക്ക് അടവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക ഓഡിറ്റ് തിയ്യതി വരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി സ്വീകരിച്ച തുകകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**1). 2022-23 ൽ സ്വീകരിച്ച തുകകൾ.**

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | 3000ചതുരശ്ര അടിയിൽ കൂടുതലുള്ള നിർമാണത്തിന് ഒടുക്കിയ ഫീസ് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | BA 340/22-23 | ശ്രീ. മുഹമ്മദ് സലീം & ശ്രീമതി. സുഹാന മുഹമ്മദ് സലീം | 16,70,000 | 122010500604/15.11.2022 |
| 2 | BA 87/22-23 | ശ്രീ. ഷാജഹാൻ എം.കെ & ഹസീന | 61,400 | 122010110389/22.09.2022 |
| 3 | BA 220/22-23 | ശ്രീ. സന്തോഷ് | 7,74,100 | 122010106524/20.07.2022 |
| 4 | BA 219/22-23 | ശ്രീ. അബ്ദുൽ ഷുക്കൂർ | 16,05,800 | 122010500303/25.08.2022 |
| 5 | BA 385/21-22 | ശ്രീ. മുഹമ്മദ് ഷഫീഖ് സി.എം. | 3,75,500 | 122010105909/07.07.2022 |
| 6 | BA 276/22-23 | സെക്യൂറ ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 5,06,400 | 122010114220/25.11.2022 |
| | | | 69,945 | 122010114219/25.11.2022 |
| 7 | BA 318/22-23 | ശ്രീമതി. റസിയ | 92,000 | 122010121029/09.03.2023 |
| 8 | BA 516/22-23 | ശ്രീ. ഉസ്മാൻ | 1,15,411 | 122010117069/24.01.2023 |
| 9 | BA 406/21-22 | ഡോ. ശറഫുദ്ദീൻ | 13,56,532 | 122010500606/15.11.2022 |
| | | | 4,32,000 | 1220101113615/15.11.2022 |
| 10 | BA 257/22-23 | ശ്രീ. മൊയിനുദ്ദീൻ | 99,450 | 122010117909/07.02.2023 |
| ആകെ | | | 71, 58, 538/- | |

**2). 2021-22 ൽ സ്വീകരിച്ച തുകകൾ.**

| ക്രമ | ഫയൽ | അപേക്ഷകന്റെ പേര് | ഒടുക്കിയ | രസീത് നമ്പർ/ തീയതി |
|---|---|---|---|---|

| നമ്പർ | നമ്പർ | | ഫീസ് | |
|---|---|---|---|---|
| 1 | BA 380/21-22 | ശ്രീ. മുഹമ്മദ് എന്ന മാനഹാജി | 3,71000 | 121010122183/17.3.2022 |
| 2 | BA 378/21-22 | ശ്രീ. അബ്ദുൽ നാസർ | 3,90200 | 121010122181/17.3.2022 |
| 3 | BA 374/21-22 | ശ്രീ. മുജീബ് റഹ്മാൻ, ശ്രീമതി. സുനീറ ബാനു | 69800 | 121010122229/18.3.2022 |
| 4 | BA 518/20-21 | ശ്രീമതി. പുഷ്പാ മണി, ശ്രീമതി. ജിഷ, ശ്രീ. ഹരീഷ്, ശ്രീ. ഗിരീഷ് | 3,59943<br>3,11663 | 120010124039/24.3.2021<br>121010117337/9.2.2022 |
| 5 | BA 328/21-22 | ശ്രീ. അബ്ദുസ്സലാം | 7,26500 | 121010113916/17.12.2021 |
| ആകെ | | | 22,29,106 | |

മേൽ പട്ടികൾ പ്രകാരം 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി മൊത്തം 93,87,644/- രൂപ ഈ ഇനത്തിൽ നഗരസഭ തനത് ഫണ്ടിൽ സ്വീകരിച്ചിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 18/09.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ വിരുദ്ധമായി പിരിച്ചെടുത്ത തുക ബന്ധപ്പെട്ട ഹെഡിൽ സർക്കാറിലേക്ക് അടവാക്കുന്നതിനും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതിനും നിലവിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

നഗരസഭയുടെ അധികാര പരിധിയിൽപ്പെടാത്ത ഇനത്തിൽ പണം പിരിച്ചെടുക്കുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയം സർക്കാറിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ട് വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 1-14 മുനിസിപ്പൽ ഫണ്ട്-ബാധ്യതയ്ക്കനുസൃതമായ ഫണ്ട് നീക്കിയിരിപ്പില്ല

നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ ബാധ്യതകളുടെ വിവരം താഴെ നൽകുന്നു.

| ഇനം | തുക |
|---|---|
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ( B4 ഷെഡ്യൂൾ ) | 24,40,28,234 |
| ഡെപ്പോസിറ്റ് ( B7 ഷെഡ്യൂൾ ) | 52,38,22,955 |
| ലൈബ്രറി സെസ്സ്, GST ഉൾപ്പടെ പിരിച്ചെടുത്തത് ഒടുക്കാനുള്ളത് ഉൾപ്പെടെ മറ്റ് ബാധ്യതകൾ ( B9 ഷെഡ്യൂൾ) | 2,43,38,752 |
| ആകെ ബാധ്യത | 79,21,89,941 |

വാർഷിക കണക്കിലെ ഷെഡ്യൂൾ RP-40(b) പ്രകാരം വിവിധ അക്കൗണ്ടുകളിലായി ആകെ മുൻസിപ്പൽ ഫണ്ട് ബാലൻസ് ഉള്ളത് ( 5,21,79,276 ബാങ്ക്, 15,11,795 ക്യാഷ്) 5,36,91,071 രൂപ മാത്രമാണ്. നഗരസഭയുടെ ബാധ്യത തീർക്കുന്നതിന് മുനിസിപ്പൽ ഫണ്ട് പര്യാപ്തമല്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

സർക്കാരിൽ നിന്നും പ്രത്യേക ഉദ്ദ്യേശ്യ ഗ്രാന്റുകളായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് അനുസൃതമായും സർക്കാരിലേക്കും മറ്റും നൽകുന്നതിനായി കളക്ട് ചെയ്ത തുകയിൽ ഒടുക്കാൻ തിരികെ നൽകാൻ ശേഷിക്കുന്ന തുകയ്ക്കനുസൃതമായും ഡെപ്പോസിറ്റ് ഇനത്തിൽ തിരിച്ച് നലകേണ്ട തുകയ്ക്ക് അനുസൃതമായും നഗരസഭാ ഫണ്ടിൽ തുക ഇല്ലാത്തത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതും വൻതോതിലുള്ള ബാധ്യത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്

## 1-15 ഷോപ്പിംഗ് കോപ്ലക്സ് വാടക ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിൽ ആകെ 447 റൂമുകളാണ് വാടകക്ക് നൽകിയിട്ടുള്ളത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | കോപ്ലക്സ് | റൂമുകളുടെ എണ്ണം |
|---|---|---|
| 1 | ബൈപ്പാസ് ബസ്സ് സ്റ്റാന്റ് കോംപ്ളക്സ് | 22 എണ്ണം, |
| 2 | ഹൈടെക് ഷോപ്പിംഗ് കോംപ്ളക്സ് | 143 |
| 3 | മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ളക്സ് | 94 |
| 4 | മൂസക്കുട്ടി ബസ് സ്റ്റാന്റ് കിയോസ്ക്ക് | 16 |
| 5 | മൂസക്കുട്ടി ബസ് സ്റ്റാന്റ് റൂം | 37 |
| 6 | നെഹ്റു സ്റ്റേഡിയം കോംപ്ളക്സ് | 41 |
| 7 | പഴയ മാർക്കറ്റ് കോംപ്ളക്സ് | 24 |

| | | |
|---|---|---|
| 8 | ആർ എൻ മനഴി സ്മാരക ബസ്റ്റാന്റ് കോംപ്ളക്സ് | 60 |
| 9 | ടൗൺ സ്ക്വയർ കിയോസ്ക്ക് | 10 |
| | ആകെ | 447 |

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിലവിൽ റൂമുകൾ കൈവശം വെച്ചിരിക്കുന്ന പല ലൈസൻസികളും യഥാസമയം വാടക ഒടുക്കാതെ തുടരുന്നു. വാടക രജിസ്റ്റർ പ്രകാരം വിവിധ ഷോപ്പിംഗ് കോംപ്ളക്സുകളിലെ ലൈസൻസികളിൽ നിന്നും 2022-23 ൽ പിരിച്ചെടുക്കാൻ അവശേഷിച്ച വാടക കുടിശികയുടെ വിവരം താഴെ കൊടുക്കുന്നു .

**ആർ എൻ മനഴി ബസ് സ്റ്റാന്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക അടവാക്കേണ്ട കാലയളവ് | മാസ വാടക | 2022-23 ൽ വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | G 31 | മുഹമ്മദ് ഉസ്മാൻ | 06/2022 To 03/2023 | 2895 | 28950 (6/22 To 3/23) |
| 2 | G32 | അബ്ദുൾ നാസർ | 04/2022 To 03/2023 | 1972 | 23664(04/22 To 03/23) |
| **ആകെ** | | | | | **52614 + ജി.എസ്.ടി** |

**ഹൈടെക് ഷോപ്പിംഗ് കോപ്ലക്സ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | വാടക (₹) | കാലയളവ് | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | G2 | അബ്ദുൾ സലാം എ | 7021 | 04/2022 To 03/2023 | 56168 (08/2022 To 03/2023) |
| 2 | G32 | അംജദ് ബാബു | 5170 | 02/23 To 03/2023 | 10340 (02/23 To 03/23) |
| **ആകെ** | | | | | **66508+ ജി.എസ്.ടി** |

**മോഡേൺ ഇൻഡോർ മാർക്കറ്റ്**

| ക്രമ നം | റൂം നം | വാടകക്കാരന്റെ പേര് | കാലയളവ് | വാടക (₹) | വാടക അടവാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 1 | 10 | മുഹമ്മദ് ഷാഫി | 04/2022 To 03/2023 | 2232 | 26784 (04/2022 To 03/2023) |
| 2 | 11 | അബ്ദു റഹ്മാൻ | 04/2022 To 03/2023 | 1890 | 22680 (04/2022 To 03/2023) |
| 3 | 17 | ഹസ്സൻ, അബ്ദുറഹ്മാൻ & Others | 04/2022 To 03/2023 | 2198 | 26376 (04/2022 To 03/2023) |
| 4 | 18 | നാരായണൻ | 04/2022 To 03/2023 | 2198 | 26376 (04/2022 To 03/2023) |
| 5 | 23 | അബൂബക്കർ പി പി | 04/2022 To 03/2023 | 2198 | 26376 (01/2023 To 03/2023) |
| 6 | 29 | ഷാഹുൽ ഹമീദ് ടി | 04/2022 To 03/2023 | 2232 | 26784 (04/2022 To 03/2023) |
| 7 | 32 | അബ്ദുറഹ്മാൻ | 08/2022 To 03/2023 | 2232 | 17856 (08/2022 To 03/2023) |
| 8 | 33 | അബ്ദുറഹ്മാൻ | 08/2022 To 03/2023 | 2232 | 17856 (08/2022 To 03/2023) |

| | | | | | |
|---|---|---|---|---|---|
| 9 | 35 | സക്കീർ ഹുസൈൻ | 11/2022 To 03/2023 | 2232 | 11160 (11/2022 To 03/2023) |
| 10 | 55 | യൂസഫ് | 04/2022 To 03/2023 | 2232 | 26784 (04/2022 To 03/2023) |
| 11 | 60A | അലി | 04/2022 To 03/2023 | 2397 | 28764 (04/2022 To 03/2023) |
| 12 | 86 | ഷൗക്കത്ത് | 04/2022 To 03/2023 | 2363 | 28356 (04/2022 To 03/2023) |
| 13 | 100 | മമ്മി എം | 04/2022 To 03/2023 | 2625 | 31500(06/2022 To 03/2023) |
| **ആകെ** | | | | | **317652+ ജി.എസ്.ടി** |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/22-23 Dtd 07.02.2024) ക്ക് അവശേഷിക്കുന്ന വാടക കുടിശ്ശിക അടവാക്കുന്നതിന് ലൈസൻസികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, കുടിശിക മുഴുവനായും അടവാക്കാത്ത പക്ഷം ഡെപ്പോസിറ്റ് തുകയിൽ നിന്നും, വാടക കുടിശിക പിഴ സഹിതം ഈടാക്കുന്നതാണെന്നും മറുപടി നൽകി. വാടക അടവാക്കുന്നതിൽ ലൈസൻസികൾ കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും, സമയബന്ധിതമായി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.വാടകയ്ക്ക് നൽകാത്ത മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-16 തൊഴിൽ നികുതി-അപാകതകൾ

2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. 2022-23 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ മുഴുവൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനവശേഷിക്കുന്നുണ്ടെന്ന് പരിശോധിക്കാനായിട്ടില്ല.

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണമായി വാർഡ് 30, 31 എന്നിവയിലെ ചുവടെ കൊടുത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുകയോ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ.നം | വാർഡ് നം.& കെട്ടിട നം | സ്ഥാപനം | അടവാക്കേണ്ട അർദ്ധ വർഷം |
|---|---|---|---|
| 1 | 30/355-1 | DARSON ENTERPRISES | ഒന്നാം പാദം&രണ്ടാം പാദം |
| 2 | 30/415 | TRENDZ GODOWN | ഒന്നാം പാദം&രണ്ടാം പാദം |
| 3 | 31/1 | EMPLOYEE CANTEEN | ഒന്നാം പാദം&രണ്ടാം പാദം |
| 4 | 31/342-4,5 | ZIEO PHARMACEUTICALS | ഒന്നാം പാദം&രണ്ടാം പാദം |
| 5 | 32/1537 | KPH MOBILES | ഒന്നാം പാദം&രണ്ടാം പാദം |
| 6 | 32/1550 | NEW ANNAPOORNA RESTAURANT | ഒന്നാം പാദം&രണ്ടാം പാദം |
| 7 | 32/1638/64 | KALLADA RESIDENCY | ഒന്നാം പാദം&രണ്ടാം പാദം |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളും, സമാനമായി മറ്റു വാർഡുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും 1994 ലെ കേരള

മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ പ്രകാരവും 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ 3(11) പ്രകാരവും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയത് ഈടാക്കാതിരുന്നതിന്മേൽ നൽകിയ എൻക്വയറിക്ക് ലൈസൻസികൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്ന മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും ഓരോ അർദ്ധ വർഷവും 1250/-രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ പത്രം ചമച്ചിട്ടുള്ള കരാറുകാരിൽ 2022-23 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | മുഹമ്മദ് സലീം |
| 2 | വിനോജ് വി ജെ |
| 3 | മുസ്തഫ പി പി |
| 4 | സൈനുദ്ദീൻ പി ടി |

3. റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. നഗരസഭ പരിധിക്കുള്ളിലെ മുഴുവൻ റേഷൻ ഡിലേഴ്സിനും ഡിമാന്റ് നോട്ടീസ് നൽകി , തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) എന്നിവ പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1250/-രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച വിഭാഗത്തിൽപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ബാർ കൗൺസിൽ അസോസിയേഷന് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.22/22-23 Dtd 07.02.2023)

5. കുടുംബ ശ്രീ മുഖേനയുള്ള നിയമനം – ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭ പരിധിയിലെ പി ടി എം ഗവ: കോളേജിലെ വിവിധ തസ്തികകളിലേക്കും , വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ തസ്തികയിലേക്കും കരാർ പ്രകാരം 179 ദിവസത്തേക്ക് താത്ക്കാലികമായി ജോലി ചെയ്യുന്നതിന് കുടുംബശ്രീ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരെ നിയമിച്ചതായും, സി ഡി എസ് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

**വാട്ടർ അതോറിറ്റി മീറ്റർ റീഡർ തസ്തികയിൽ നിയമിച്ചവർ**

| ജീവനക്കാരുടെ പേര് | ജോലി ചെയ്ത കാലയളവ് | ഒന്നാം അർദ്ധ വർഷം (04/22 To 09/22) നൽകിയ ആകെ ഹോണറേറിയം | രണ്ടാം അർദ്ധ വർഷം (10/22 To 03/23) നൽകിയ ആകെ ഹോണറേറിയം |
|---|---|---|---|
| ജിനി | 08/22 To 09/22 | 38970 | ...... |
| സ്മിത | 08/22 To 03/23 | 70255 | 88590 |

**പി ടി എം കോളേജിൽ നിയമിച്ചവർ**

| ജീവനക്കാരുടെ പേര് | ജോലി ചെയ്ത കാലയളവ് | ഒന്നാം അർദ്ധ വർഷം (04/22 To 09/22) നൽകിയ ആകെ വേതനം | രണ്ടാം അർദ്ധ വർഷം (10/22 To 03/23) നൽകിയ ആകെ വേതനം |
|---|---|---|---|

| | | | |
|---|---|---|---|
| ഹസീന | 04/22 To 02/23 | 76810 | 69525 |
| മിനി | 04/22 To 02/23 | 76135 | 66150 |
| പ്രിയ | 04/22 To 10/22 | 76810 | 10125 |
| രമിത | 04/22 To 02/23 | 45900 | 36310 |
| ഉമ്മു ഷബ്ന | 04/22 To 02/23 | 38475 | 47110 |
| ബേബി ശാലിനി | 04/22 To 03/23 | 89100 | 89775 |
| രജിത | 04/22 To 03/23 | 78300 | 64800 |
| സുധ | 04/22 To 03/23 | 95175 | 79650 |
| ലക്ഷ്മി | 04/22 To 02/23 | 79585 | 77625 |
| അമ്പിളി | 07/22 To 03/23 | 34425 | 59260 |
| ദീപ | 12/22 To 03/23 | ......... | 7020 |

മേൽ ജീവനക്കാരിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ പ്രകാരവും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/22-23 Dtd 15.02.2024) ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 കറന്റ് അക്കൗണ്ടിൽ മുനിസിപ്പൽ ഫണ്ട് സൂക്ഷിച്ചതിനാൽ പലിശ നഷ്ടം

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയിൽ ഇ പെയ്മെന്റിനു വേണ്ടി എസ്.ബി.ഐ പെരിന്തൽമണ്ണ ബ്രാഞ്ചിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (SBI Property Tax Online -67206729726) 31.3.2023 ന് പാസ്ബുക്ക് പ്രകാരം 61,57,909.89 രൂപ നീക്കിയിരിപ്പ് ഉണ്ട്. പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-40/14.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അക്കൗണ്ടിൽ നിന്നും തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി പലിശയിനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-18 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, വസ്തുനികുതി നിർണ്ണയം-അപാകതകൾ

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിന്റെ ഭാഗമായി നഗരസഭയിൽ മുൻവർഷങ്ങളിൽ വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണവും/ വിവരങ്ങളും പെർമിറ്റ് രജിസ്റ്റർ പ്രകാരം ലഭ്യമായ മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി.

പരിശോധനക്ക് ഹാജരാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2018-19 മുതൽ ലഭ്യമായ അപേക്ഷകളിൽ പെർമിറ്റ് അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ നമ്പർ അനുവദിക്കാത്തതുമായിട്ടുള്ള ടവറുകളുടെയും രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ഫയൽ നമ്പർ. | പെർമിറ്റ് നം, അപേക്ഷകന്റെ/കമ്പനി പേര് | നിലവിലെ അവസ്ഥ, അപാകത |
|---|---|---|---|
| 1 | BA 33/18-19 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. വാർഡ്- 7, സ.നം. 28/4 | പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് കാലാവധി 08.06.2021ന് അവസാനിച്ചിട്ടുണ്ട്. 03.09.2019ന് നോട്ടീസ് നൽകിയതായി |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ട്<br>ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 2 | BA 157/18-19 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്.<br>വാർഡ്- 6, സ.നം. 91/1B | പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പെർമിറ്റ് കാലാവധി 08.07.2019ന് അവസാനിച്ചിട്ടുണ്ട്.<br>ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 3 | BA 721/18-19 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>വാർഡ് നം.23,<br>സ.നം. 12/9A-2<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | അപേക്ഷാ ഫീസ് ആയി 1000/-രൂപ അടവാക്കിയതാണ്.<br>നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്<br>ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 4 | BA 123/19-20 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>വാർഡ്-32<br>സ. നം. 14/3-7<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | അപേക്ഷാ ഫീസ് അടവാക്കിയിട്ടുണ്ട്<br>നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്<br>ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| 5 | BA 14/2020-21 | പെർമിറ്റ് അനുവദിച്ചിട്ടുണ്ട് വാർഡ്-3 സ. നം. -12/10B-6 ഇൻഡസ് ടവർസ് ലിമിറ്റഡ് | ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 6 | BA 161/20-21 | പെർമിറ്റ് അനുവദിച്ചിട്ടുണ്ട് വാർഡ്- 7 സ. നം. 28/4-11 . PRTL.RIL-0073 GBT | ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 7 | BA 21/21-22 | പെർമിറ്റ് അനുവദിച്ചിട്ടുണ്ട് വാർഡ്- 32, സ.നം. 43/4-2,43/4-1,42/11,43/16, 109/6, 109/3 PRTL.RIL-0079 സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. | ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 8 | BA 74/21-22 | പെർമിറ്റ് നം രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് അനുവദിച്ചിട്ടുണ്ട് സ. നം. 56/7-1 വാർഡ് 14. സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. | ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 9 | BA 76/21-22 | പെർമിറ്റ് നം. രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് അനുവദിച്ചിട്ടുണ്ട് സ. നം. - 33/2-10 . വാർഡ് 8 | ടി ടവർ നിർമ്മാണം നടന്നതായോ/ പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |

പെർമിറ്റ് രജിസ്റ്ററിൽ മതിയായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്രമ നം. 1 മുതൽ 9 വരെ ടവറുകളുടെ നിർമ്മാണം/പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/08.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ എല്ലാ ടവറുകളുടെയും അപേക്ഷകൾ പ്രകാരമുള്ള സൈറ്റുകൾ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗവുമായി ചേർന്ന് പരിശോധിച്ച് ആയവയിൽ ടവർ നിർമ്മാണം നടന്നിട്ടുണ്ടോ/പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതും

പ്രവർത്തിക്കുന്ന ടവറുകൾക്ക് ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള, ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കി, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 22-23 പദ്ധതി അവലോകനം -പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല

നഗരസഭയുടെ 22-23 ലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു

| | നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 9 | 1 | 6241120 | 5181195 | 83.01% |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 0 | 2230000 | 2126732 | 95.37% |
| 4 | MO(ISM) | 1 | 1 | 0 | 2200000 | 2200000 | 100.00% |
| 5 | MO(HOMEO) | 2 | 2 | 0 | 400000 | 399684 | 99.92% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 1 | 11825000 | 7318913 | 61.89% |
| 7 | സെക്രട്ടറി | 53 | 29 | 24 | 175349316 | 41340336 | 23.57% |
| 8 | മുനി.എൻജിനിയർ | 313 | 129 | 184 | 345168947 | 50059987 | 14.50% |
| 9 | പ്രിൻസിപ്പാൾ | 11 | 9 | 2 | 8717555 | 7203628 | 82.63% |
| 10 | പ്രൊജക്ട് ഓഫീസർ | 11 | 8 | 3 | 22846257 | 13996245 | 61.26% |
| 11 | എസ്.സി.ഡി.ഒ | 7 | 7 | 0 | 6576160 | 5383397 | 81.86% |
| 12 | ഫിഷറീസ് ഓഫീസർ | 2 | 2 | 0 | 300000 | 300000 | 100% |
| | ആകെ | 424 | 209 | 215 | 569633540 | 135510137 | **23.78%** |

**ഓഡിറ്റ് നിരീക്ഷണം**

1.തൻവർഷം ആകെ അംഗീകാരം ലഭ്യമാക്കിയ 424 പ്രൊജക്ടുകളിൽ 195 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകൾ ആയിരുന്നു. ഇതിൽ 121 എണ്ണം തൻവർഷത്തിലും നിർവ്വഹണം നടത്തിയിട്ടില്ല.

2. മുനിസിപ്പൽ എൻജിനിയർ,സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ നിരക്ക് 25 ശതമാനത്തിൽ താഴെയാണ്.

3.ആകെ ചെലവ് 23.78% മാത്രമാണ് വകയിരുത്തിയ ഫണ്ടുകൾ യഥാസമയം ലഭ്യമാക്കി നിർവ്വഹണം നടത്തുന്നതിൽ നഗരസഭക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വോഷണത്തിന്(നം-30/13.2.24 )സമർപ്പിച്ച മറുപടിയിൽ തനത് ഫണ്ട് ലഭ്യത കുറവ് കൊണ്ടാണ് പദ്ധതി ചെലവ് കുറയാനുള്ള കാരണമായി വ്യക്തമാക്കിയത്. പദ്ധതിക്ക് ഫണ്ട് വകയിരുത്തുമ്പോൾ പണം ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമായിരുന്നു. ആയതിനാൽത്തന്നെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് വർക്ക് /മുൻകൂർ -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

22-23 ൽ മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ഡപ്പോസിറ്റ് വർക്കുകൾ/മുൻകൂർ എന്നിവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 430/23 എസ് സി കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | 308/16-03-2023 | 950000 (എസ്.സി.പി) | 719338 | പൂർത്തീകരിച്ച | 230662 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 431/23–ക്രീമിറ്റോറിയംപൈപ്പ് ലൈൻ നീട്ടൽ | 298/14.3.23 | 270000(cfc) | 208474 | പൂർത്തീകരിച്ച | 61526 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 441/23–സി.എച്ച് റോഡ്പൈപ്പ് ലൈൻ നീട്ടൽ | 291/14.3.23 | 200000(CFC) | 143375 | പൂർത്തീകരിച്ച | 56625 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 11/23 പൈപ്പ് ലൈൻ നീട്ടൽ(താമരത്ത് കോളനി) | 16/26.05.2022 | 1000000(SCP) | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 1000000 |
| കേരള വാട്ടർ അതോറിറ്റി | 395/23-പൈപ്പ് ലൈൻ നീട്ടൽ | 300/14.03.2023 | 436000(cfc) | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 436000 |
| | | | | | ആകെ | 1784813 |

പൂർത്തീകരണ വിവരം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സമർപ്പിച്ച മറുപടിയിൽ ( നം : 4/5.2.24)വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്നാണ് അറിയിച്ചത്. പൂർത്തീകരണ / തിരിച്ചടവ് വിവവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1784813/-രൂപ തടസ്സം ചെയ്യുന്നു .

## 1–21 വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് – സെന്റേജിനത്തിൽ അധിക തുക അനുവദിച്ചു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്ത പ്രൊജക്ടുകൾ പ്രകാരം പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള വിവിധ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI മലപ്പുറം സിവിൽസ്റ്റേഷൻ ബ്രാഞ്ച്. നമ്പർ 67000676537) താഴെ കൊടുത്ത പ്രകാരം തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രൊജക്ട് /പേര് | അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം/ തീ | റിമാർക്സ് |
|---|---|---|---|---|
| 430/23-കോളനികളിലേക്ക് പൈപ്പ് ലൈൻനീട്ടൽ (എസ്.സി) | 1261000 | 950000 | 385/28.3.23 | PAC -723318.00<br>അനുവദിച്ചത് -11.02% -79709.00<br>അനുവദിക്കാവുന്നത് -10% -72331.00 |
| 11/23-താമരത്ത് പൈപ്പ് ലൈൻ നീട്ടൽ(എസ്.സി) | 1000000 | 1000000 | 16/26.5.22 | PAC -780048.00<br>അനുവദിച്ച സെൻറേജ് -10.% -78004.00<br>അനുവദിക്കാവുന്നത് -10% -78004.00 |
| 441/23-സി.എച്ച് റോഡ് പൈപ്പ് ലൈൻ(സി.എഫ്.സി) | 200000 | 200000 | 299/14.3.23 | PAC -158957<br>അനുവദിച്ചത് -11.02% -17517.00<br>അനുവദിക്കാവുന്നത് -10% -15895.00 |

| | | | | |
|---|---|---|---|---|
| 431/23 ക്രിമറ്റോറിയം പൈപ്പ് ലൈൻ(സി.എഫ്.സി) | 274000 | 270000 | 298/14.3.23 | PAC -205075.47<br>അനുവദിച്ചത് -11.02%-22599.00<br>അനുവദിക്കാവുന്നത് -10% -20507.00 |
| 395/23-KWA പൈപ്പ് ലൈൻ നീട്ടൽ(സി.എഫ്.സി) | 436811 | 436000 | 300/14.3.23 | PAC -337818.00<br>അനുവദിച്ചത് -11.02% -37227.00<br>അനുവദിക്കാവുന്നത് -10% -33781.00 |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.വാട്ടർ അതോറിറ്റി സമർപ്പിച്ച 11/23 പ്രൊജക്ട് ഒഴികെയുള്ള മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 11.02 % സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തുകയും നഗരസഭ ആയത് അടവാക്കുകയും ചെയ്തിട്ടുണ്ട് . സ.ഉ.നം:1069/2018/ത.സ്വ.ഭ.വ /16.4.2018 പ്രകാരം വാട്ടർ അതോറിറ്റിക്ക് PWD മാന്വൽ ബാധകമാക്കിയതിനാൽ എസ്റ്റിമേറ്റ് ,പ്ലാൻ എന്നിവ തയ്യാറാക്കാൻ ഈടാക്കുന്ന 2.5% സെന്റേജ് അനുവദനീയമല്ല. ആയതിനാൽ ബാക്കി 10% (12.5-2.5) സെന്റേജ് മാത്രമേ ആനുവദനീയമുള്ളൂ. ഇത് കണക്കിലെടുക്കാതെ തുക അടവാക്കിയതിനാൽ സെന്റേജ് ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികം തുക നൽകാൻ ഇടയായിട്ടുണ്ട്.

2.മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റിയുമായി നരഗസഭ ഒപ്പു വച്ച കരാർ ബന്ധപ്പെട്ട ഫയലുകളിൽ ചേർത്ത് ഹാജരാക്കിയിട്ടില്ല. കരാർ ചമച്ചിട്ടുണ്ടെങ്കിൽ ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
3.മേൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം :7/22-23/6.2.24 )മറുപടി ലഭ്യമാക്കിയിട്ടില്ല.അധികമായി അനുവദിച്ച സെന്റേജ് ചാർജ്ജ് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങൽ - 327600 അധികച്ചെലവ്.

നിർവ്വഹണം - മുനിസിപ്പൽ സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര്/ നിർവ്വഹണം | 33/23-നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങൽ | അടങ്കൽ | 2000000(സി.എഫ്.സി) |
| ചെലവ് | 1677600 | ബിൽ നം/ തീ | 312/18.3.23-335520<br>357/20.3.23-1342080 |
| കോൺട്രാക്ടർ | KEL (KEL ഇല്ക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് ) | എഗ്രിമെൻറ് | ഇല്ല |

നഗരസഭ ഓഫീസിന് ടെണ്ടർ മുഖേന 200 കെ.വി ജനറേറ്റർ വാങ്ങുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം അംഗീകാരം വാങ്ങിയിട്ടുള്ളത്. ജനറേറ്റർ വിതരണം ചെയ്യുന്നതിന് ടെണ്ടർ നോട്ടീസ് നം.PW2/15164/22 തീയ്യതി 15.11.2022 പ്രകാരം ഓപ്പൺ ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിൽ രണ്ട് സ്ഥാപനങ്ങളാണ് നിരക്ക് സമർപ്പിച്ചത്. ഇതിൽ KEL -1677600 (GST ഉൾപ്പടെ) രൂപയും മഹീന്ദ്ര കമ്പനിയുടെ ഉടമസ്ഥതയിലുള്ള സതേൺ ജെൻസെറ്റ് ഇലക്ട്രിക്കൽസ് 1350000 (GST ഉൾപ്പടെ) രൂപയുമാണ് നിരക്ക് സമർപ്പിച്ചത്. എന്നാൽ ജനറേറ്റർ വിലയുടെ 30% മുൻകൂർ ഓർഡർ നൽകുമ്പോഴും ,70% ജനറേറ്റർ ഡെസ്പാച്ച് ചെയ്യുന്നതിന് മുമ്പ് നൽകണമെന്ന വ്യവസ്ഥയുള്ളതിനാൽ കൗൺസിലിന്റെ 1(1)/7.1.2023 തീരുമാന പ്രകാരം ഈ ടെണ്ടർ റദ്ദാക്കുകയും അക്രഡിറ്റഡ് ഏജൻസിയായ KEL നെ നേരിട്ട് പ്രവർത്തി എൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതിൻറ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തി (200KVA DG SET ( 18 MONTH WARRANTY) MANUAL CONTROL PANNEL ,3PHASE MANUAL CONTROL ,ALTERNATOR -1421695+255905 GST) 1677600 രൂപ അനുവദിച്ചു (ഇൻ വോയ്സ് :നം 116/22-23/18.3.23). ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1)സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുത്തു.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/Fin/2.9.2022 പ്രകാരം KEL എന്ന സ്ഥാപനത്തെ "PMC" ആയി ഇലക്ട്രോമെക്കാനിക്കൽ പ്രവർത്തിയും ,പൊതുവായ സിവിൽ പ്രവർത്തികളും നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികൾ ആയാണ് അംഗീകരിച്ചിട്ടുള്ളത് (ക്രമ നം:30).
എന്നാൽ KEL നേരിട്ട് പ്രവൃത്തി നിർവ്വഹിച്ചതിൽ നിന്നും NON-PMC എന്ന നിലയിലാണ് KEL നെ ഈ പ്രവൃത്തി ഏല്പിച്ചിട്ടുള്ളത് എന്ന് കണ്ടു. ഇത് മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.
2) അക്രഡിറ്റഡ് ഏജൻസി സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചു.

GO(P) 67/2021/Fin Dt 28.04.2021 പ്രകാരം PMC ആയി ക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സെന്റേജിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിച്ച്, കുറഞ്ഞ സെന്റേജ് ക്വാട്ട് ചെയ്യുന്ന സ്ഥാപനങ്ങളെയാണ് പ്രവൃത്തി

നിർവ്വഹണം ഏല്പിക്കേണ്ടത്. ഇപ്രകാരം PMC ആയി പ്രവൃത്തി നിർവ്വഹണം ഏറ്റെടുക്കുന്ന സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാറിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്റ്റ് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ ആയത് പാലിച്ചിട്ടില്ല. KEL നേരിട്ട് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. PMC അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തത്.അക്രഡിറ്റഡ് ഏജൻസിയുമായി കരാർ ചമച്ചിട്ടില്ല. ഇതെല്ലാം മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

3) ഓപ്പൺ ടെണ്ടറിൽ കുറഞ്ഞ നിരക്കിൽ ലഭ്യമാകുമായിരുന്ന ജനറേറ്റർ ഉയർന്ന വിലക്ക് KEL ൽ നിന്നും വാങ്ങി ₹327600 അധികച്ചെലവ്.

KEL സ്ഥാപിച്ച ജനറേറ്റർ 7.2.2024 ന് നഗരസഭയിലെ ഓവർസിയർ ശ്രീ.സുനിൽകുമാർ.കെ.പി യുടെ സാന്നിധ്യത്തിൽ ഭൗതികമായി പരിശോധിച്ചതിൽ സതേൺ ജെൻസെറ്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ മോഡൽ നമ്പർ.MPower62485G ജനറേറ്റർ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ഓപ്പൺ ടെണ്ടിൽ "സതേൺ ജെൻസെറ്റ് ഇലക്ട്രിക്കൽസ്" സമർപ്പിച്ച സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ജനറേറ്റർ തന്നെയാണ് KEL സ്ഥാപിച്ചിട്ടുള്ളത് എന്ന് ടെണ്ടറിനൊപ്പം "സതേൺ ജെൻസെറ്റ് ഇലക്ട്രിക്കൽസ്" സമർപ്പിച്ച ബ്രോഷറുമായി ചേർത്ത് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സതേൺ ജെൻസെറ്റ് ഇലക്ട്രിക്കൽസ് ഇതിന് 1350000/- രൂപയാണ് ടെണ്ടറിൽ വില രേഖപ്പെടുത്തിയിരുന്നത്. എന്നാൽ KEL ഈ ജനറേറ്ററിന് 1677600/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി കരാറുകാരനെ ഏല്പിച്ചിരുന്നുവെങ്കിൽ 1350000 നിരക്കിൽ ലഭ്യമാകുമായിരുന്ന ഈ ജനറേറ്ററിന് 1677600 നഗരസഭക്ക് ചെലവ് വന്നു.

ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ ടെണ്ടർ കാൻസൽ ചെയ്ത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി KEL നേരിട്ട് നിർവ്വഹിച്ചത് കാരണം പ്രൊജക്ടിൽ 327600 (1677600-1350000 ) രൂപയുടെ അധികച്ചെലവ് ഉണ്ടായി.

4) നികുതികൾ ഈടാക്കിയിട്ടില്ല.

2.5 ലക്ഷത്തിൽ അധികരിച്ചുള്ള ബില്ലുകളിന്മേൽ 2% TDS നടത്തേണ്ടതും ഇൻസ്റ്റലേഷൻ ആയതിനാൽ 2% (കമ്പനി) ആദായനികുതി ഈടാക്കേണ്ടതായിരുന്നു.ആയത് പാലിച്ചിട്ടില്ല

5) GeM മുഖേനെ വാങ്ങൽ നടത്തണം എന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

25000 രൂപയ്ക്ക് മുകളിൽ അടങ്കൽ ഉള്ളതും കേന്ദ്ര സർക്കാർ ഓൺലൈൻ പോർട്ടൽ ആയിട്ടുള്ള GeM ൽ ലഭ്യമായതുമായ (കമ്പ്യൂട്ടർ ഒഴികെ ) സാധനങ്ങൾ GeM ൽനിന്നും നിർബന്ധമായും വാങ്ങാൻ നിർദ്ദേശമുള്ളതാണ് (സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം -9 കാണുക)ആയത് പാലിച്ചിട്ടില്ല.

6) പ്രൊജക്ട് ഭേദഗതി ചെയ്തിട്ടില്ല.

അംഗീകൃത പ്രൊജക്ടിലുണ്ടായ മാറ്റത്തിന് ഡി.പി.സി യുടെ അംഗീകാരം വാങ്ങിയിട്ടില്ല.

7) പ്രവർത്തന ക്ഷമമായിട്ടുള്ള പഴയ ജനറേറ്റർ ഉപയോഗപ്പെടുത്തുന്നില്ല.

പ്രാദേശിക പരിശോധനയിൽ പ്രവർത്തന ക്ഷമമായിട്ടുള്ള പഴയ ജനറേറ്റർ (അശോക് ലൈലന്റ് -മോഡൽ നം:LP82.5D-ARAI/ DGT-82KV)പുനരുപയോഗം നടത്താതെ ഷെഡിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:12/8.2.24) സമർപ്പിച്ച മറുപടിയിൽ

" KEL ന് കരാറോ സെക്യൂരിറ്റി ഡപ്പോസിറ്റോ ഇല്ലാതെ ജനറേറ്റർ നേരിട്ട് വാങ്ങാവുന്നതാണ് എന്നും ജനറേറ്റർ വിതരണം " സപ്ലൈ " ആയതിനാൽ ആദായ നികുതി ഈടാക്കിയിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഈ മറുപടികൾ ശരിയല്ല.കരാർ ചമക്കാതെ KEL ൽ നിന്ന് ജനറേറ്റർ വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ജനറേറ്റർ സ്ഥാപിക്കുക എന്നതിൽ ഇൻസ്റ്റലേഷൻ ഉൾപ്പെടുന്നതിനാൽ ഇത് മരാമത്ത് പ്രവൃത്തിയായി കണക്കാക്കി അതിനനുസരിച്ച് നികുതി ഈടാക്കേണ്ടതായിരുന്നു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടപ്പാക്കി 327600 രൂപ അധികച്ചെലവ് വരുത്തിയതിനാൽ പ്രൊജക്ട് ചെലവ് ₹ 1677600 തടസ്സം ചെയ്യുന്നു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജ്കട് നടപ്പാക്കി നഗരസഭക്ക് 327600 രൂപ അധികച്ചെലവ് വരുത്തിയതിന് സർക്കാറിൽ നിന്ന് സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

പ്രവർത്തനക്ഷമമായി പഴയ ജനറേറ്റർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്

## 1-23 റിജക്ട് വേസ്റ്റ് നീക്കംചെയ്യൽ -ഏജൻസിക്ക് GST ഉൾപ്പെടെയുള്ള തുക അനുവദിച്ചു

**നിർവ്വഹണോദ്യോഗസ്ഥൻ :മുനിസിപ്പൽ സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് / പേര് | 59/23-തിരസ്കൃത മാലിന്യം നീക്കം ചെയ്യൽ | അടങ്കൽ | 4000000(സി.എഫ്.സി) |
| ചെലവ് | 4000000/- | ബിൽ നം/ തീ | 261/22.2.23-3911587<br>352/27.3.23-88413 |

| | | | |
|---|---|---|---|
| കോൺട്രാക്ട് | മലബാർ പ്രൊസസ്സ് ,കോട്ടത്തറ ,പാലക്കാട് | എഗ്രിമെൻറ് | നമ്പർ ഇല്ല |

22-23 ൽ നഗരസഭ ശേഖരിച്ച പുനരുപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങൾ കൊണ്ടുപോയതിന് താഴെ കൊടുത്ത ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ മലബാർ പ്രോസസ്സ് ,പാലക്കാടിന് തുക അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ബിൽ ഇൻവോയ്സ് /തീ | തുക | GST | ആകെ |
|---|---|---|---|
| 95/5.12.22 | 311440 | 56060 | 367500 |
| 96/5.12.22 | 324387 | 58390 | 382777 |
| 144/28.12.22 | 294556 | 53021 | 347577 |
| 146/6.1.23 | 256851 | 46233 | 303084 |
| 147/9.1.23 | 265671 | 47821 | 313492 |
| 148/11.1.23 | 276412 | 49755 | 326167 |
| 14920.1.23 | 274365 | 49386 | 323751 |
| 150/24.1.23 | 269010 | 48422 | 317432 |
| 151/6.2.23 | 898747 | 161104 | 1059851 |
| 152/10.2.23 | 126472 | 22766 | 149238 |
| 153/13.2.23 | 92848 | 16283 | 109131 |
| ആകെ | 3390759 | 609241 | 4000000 |
| കോടാകൂർക്ക് നൽകിയത് | | | 3864406 |
| (-) GST TDS 2% | | | 67797 |
| (-) IT 2% | | | 67797 |

പദ്ധതിയുടെ കരാർ പ്രകാരം കിലോഗ്രാമിന് 6.30 രൂപ നിരക്കിലാണ് കോൺട്രാക്റ്ററായ മലബാർ പ്രോസസ്സ് ,പാലക്കാട് മാലിന്യങ്ങൾ കൊണ്ടുപോകുന്നത്. ആയതിന് പുറമെ 18% ജി.എസ്.ടി കൂടി കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആദായ നികുതി നിയമത്തിൽ HSN Code 999422 : Collection Services Of Non-Hazardous Recyclable Materials, ഇനമായിട്ടാണ് ടാക്സ് ബില്ലിൽ ആയത് ഉൾപ്പെടുത്തിയിട്ടുള്ളത്. Combined Office Administrative Services , Recyclable Materials എന്നിവക്കായുള്ള കോഡിൽ പുനരുപയോഗിക്കാൻ കഴിയാത്ത Rejected Waste നെ ഉൾപ്പെടുത്തിയാണ് ജി.എസ്.ടി ചാർജ് ചെയ്തിരിക്കുന്നത്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ജോയിന്റ് കമ്മീഷണറുടെ 03.10.2022 ലെ JC – MPLM/ 643/2022-M4നമ്പർ കത്ത് പ്രകാരം പാഴ് വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി എസ് ടിയിൽ നിന്നും ഒഴിവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. പാഴ് വസ്തുക്കൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്തതിനാൽ ജി.സ്.ടി ഇനത്തിൽ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:10/8.2.24 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ജി.എസ്.റ്റി ഇനത്തിൽ അനുവദിച്ച തുക ഭാവിയിൽ ക്രമീകരിക്കേണ്ടതും .വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 ബയോബിൻ വിതരണം -അപാകതകൾ

**നിർവ്വഹണോദ്യോഗസ്ഥൻ :മുനിസിപ്പൽ സെക്രട്ടറി**

| | | | |
|---|---|---|---|
| പ്രൊജക്ട് / പേര് | 443/23-സ്മാർട്ട് ബയോബിൻ വിതരണം | അടങ്കൽ | 2160000<br>1944000<br>(സി.എഫ്.സി) |

| | | | |
|---|---|---|---|
| | | | 216000 (ഗു.വി) |
| ചെലവ് | 680034/- (സി.എഫ്.സി) | ബിൽ നം/ തീ | 414/31.3.23 |
| ഏജൻസി | KAICO ,ആലപ്പുഴ | എഗ്രിമെൻറ് | 29.3.2023 |

ഉറവിട മാലിന്യ നിർമ്മാർജ്ജനത്തിന് 1000 ഗുണഭോക്താക്കൾക്ക് സംസ്ഥാനാവിഷ്കൃത പദ്ധതിയുമായി സംയോജിപ്പിച്ച് (60% വികസനഫണ്ട് 30% സംസ്ഥാനാവിഷ്കൃതം,10% ഗുണഭോക്തൃ വിഹിതം ) ബയോബിൻ വിതരണം ചെയ്യുന്നതിന്ന് തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹിച്ച പ്രൊജക്ട് ആണിത്.

2022-23 ൽ 315 ബയോബിന്നിന്റെ വിലയായി 680034.00 രൂപ KAICO യ്ക്ക് നൽകിയിട്ടുണ്ട് (ഇൻവോയ്സ് NO. AMB/ 957/22-23/29.3.2023 (സ്പെസിഫിക്കേഷൻ ഇല്ല) @1928.57 +12%GST )

നേരിട്ടുള്ള നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ ഈ പ്രൊജക്ടിന്റെ ടെണ്ടറിൽ പങ്കെടുത്ത 4 ഏജൻസികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ “OLLOS BIOTECH PVT LTD” ന്റെ ടെണ്ടറിലെ യൂണിറ്റ് കോസ്റ്റ് (2750/രൂപ /Each) സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.5.2022 പ്രകാരം പരമാവധി അനുവദനീയമായ 2450/-രൂപയിൽ അധികരിച്ചതാണ് എന്നതിനാൽ 29.3.23 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി യുടെ 2-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ 1(3)/7.3.2023 തീരുമാനപ്രകാരം ക്യാൻസൽ ചെയ്യുകയും സർക്കാർ ഏജൻസിയായ KAICO യിൽ നിന്നും ബിന്നുകൾ വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സർക്കാർ ഉത്തരവ് (സാധാ)നം:2164/2022/LSGD/2.9.2022 പ്രകാരം KAICO യ്ക്ക് കാർഷിക ഉപകരണങ്ങളുടെ വിതരണം, റിപ്പയർ എന്നിവ നേരിട്ട് നടത്തുന്നതിന് അനുമതി ഉണ്ട്. എന്നാൽ ബയോബിൻ വിതരണം ചെയ്യുന്നതിന് KAICO ക്ക് അനുമതി നൽകിയിട്ടില്ല. ടെണ്ടർ കൂടാതെ ബയോബിൻ വിതരണം ചെയ്യാൻ അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

2.22-23 ൽ വാങ്ങിയ 315 ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന്ന് 10% (ഒരു ഗുണഭോക്താവിൽ നിന്നും 216/- രൂപ)ഗുണഭോക്തൃ വിഹാതം ഈടാക്കി അടവാക്കിയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്

3.2022-23 ൽ വാങ്ങിയ 315 ബയോബിന്നുകൾ വിതരണം ചെയ്തതിന്റ സ്റ്റോക്ക്/കൈപ്പറ്റ് വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

4. പദ്ധതി നിർവ്വഹണത്തിലെ നിലവിലുള്ള പുരോഗതിവിവരം ഫയലിൽ ലഭ്യമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

ഇഉ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:14/8.2.24) സമർപ്പിച്ച മറുപടിയിൽ “KAICO യ്ക്ക് ടെൻണ്ടർ കൂടാതെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതിന് സർക്കാർ ഏജൻസി ആയതിനാൽ പ്രത്യേകം അക്രഡിറ്റേഷൻ ആവശ്യമില്ലെന്ന്” വ്യക്തമാക്കി. ഈ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല (KAICO യുക്ക് കാർഷിക ഉപകരണങ്ങൾ , ആയതിന്റ റിപ്പയർ എന്നിവയാണ് നേരിട്ട് നടത്താവുന്നത്)

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിക്കുന്നത് വരെ തുക 680034/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 എസ്.എസ്.കെ ഫണ്ട് വിനിയോഗം അപാകതകൾ

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് മുഖേന താഴെ പറയും പ്രകാരം 2 പ്രൊജക്ടുകളിലായി ₹ 2500000 State Project Director SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| 1.23/23- എസ്.എസ്.കെതുക അടവാക്കൽ (ജനറൽ) അടങ്കൽ- 1500000/- | 1500000 | 53/25.8.2022 (വികസനഫണ്ട്,ജനറൽ) |
| 2.24/23-എസ്.എസ്.കെ തുക അടവാക്കൽ (എസ്.സി) അടങ്കൽ- 1000000/- | 1000000 | 54/25.8.2022 (വികസനഫണ്ട്,എസ്.സി) |

എസ്.എസ്.എ വിഹിതം നൽകൽ സംബന്ധിച്ച് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 പ്രകാരം താഴെ കൊടുത്ത നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 86/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1.പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

2.പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭക്ക് നൽകിയിട്ടില്ല.

3.ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചതായി കാണുന്നില്ല.

4.വികസന പദ്ധതികളിൽ നഗരസഭ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5.സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ ഒരോ വിഭാഗത്തിന്റയും സംക്ഷിപ്തം മാത്രമാണ് ചേർത്തിട്ടുള്ളത് .

6.എസ്.സി ഫണ്ട് വകയിരുത്തിയത് എസ്.സി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

7.എസ്.സി ഫണ്ട് വകയിരുത്തി നൽകിയതിന്റെ വിനിയോഗം പ്രത്യേകം നൽകിയിട്ടില്ല. (ആകെ 2500000/-രൂപയുടെ ഒന്നിച്ചുള്ള സാക്ഷ്യപത്രം )

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:13/8.2.24)സമർപ്പിച്ച മറുപടിയിൽ മേൽ അപാകതകൾക്ക് വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല. (ചെലവ് വിശദാംശങ്ങൾ പ്രത്യേകം തയ്യാറാക്കിയിട്ടില്ല).പദ്ധതി നിർവ്വഹണത്തിൽ തദ്ദേശ സ്ഥാപനത്തിന്റ സാനിദ്ധ്യം ഉറപ്പാക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-26 മാലിന്യസംസ്കരണത്തിന് വാഹനം വാങ്ങൽ-അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ :മുനിസിപ്പൽ സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് / പേര് | 76/23-മാലിന്യസംസ്കരണത്തിന് വാഹനം | അടങ്കൽ | 2500000(സി.എഫ്.സി) |
| ചെലവ് | 2391445 | ബിൽ നം/ തീ | 323/21.3.23-1552647/-<br>324/21.3.23-838798/- |
| കരാറുകാരൻ | TATA MOTORS (GEM മുഖേന) | എഗ്രിമെൻറ് | ONLINE |

നഗരസഭയിലെ ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്ന് സ്വന്തമായി വാഹനം വാങ്ങുന്നതിന് തയ്യാറാക്കി അംഗീകാരം വാങ്ങിയ മേൽ പ്രൊജക്ട് പ്രകാരം TATA MOTORS ൽ നിന്നും താഴെ കൊടുത്ത പ്രകാരമുള്ള 2 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.
ബിൽ ഇൻവോയ്സ് വിവരം

1. ടാറ്റാ യോദ്ധ ക്രൂ കാബിൻ 4x2 ബി.എസ്.4- പിക്ക്അപ്പ് വാൻ -838798/- (ഇൻവോയ്സ് നം:A/800631914/9.12.22 )
2. ടാറ്റാ ടിപ്പർ ഡംബർ ബി.എസ്.6 ടിപ്പർ ലോറി -1552647/-(ഇൻവോയ്സ് നം:A/800632196/30.1.23)

28.05.2022ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗ്ഗ രേഖ -അനുബന്ധ വിഷയങ്ങൾ ഖണ്ഡിക 8.2(6) പ്രകാരം മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രത്യേകം രൂപ കല്പന ചെയ്ത വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ഖണ്ഡിക 8.2(7) പ്രകാരം പുതിയ വാഹനം വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് വാഹനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ താഴെ കൊടുത്ത കാര്യങ്ങളിൽ വ്യക്തത നൽകേണ്ടതാണ്.

1.മേൽ വാഹനങ്ങൾ വാങ്ങുന്നതിന് മുമ്പ് മാലിന്യ സംസ്കരണത്തിന് എത്ര വാഹനങ്ങൾ നഗരസഭയിൽ ഉണ്ടായിരുന്നു.

2. ഇലക്ട്രിക് അല്ലാത്ത വാഹനം മേൽ പ്രകാരം വാങ്ങുന്നതിന് തീരുമാനിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/13.2.24) സമർപ്പിച്ച മറുപടിയിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് കാര്യക്ഷമത കുറവായതിനാലാണ് പെട്രോൾ വാഹനം വാങ്ങിയത് എന്നാണ് വ്യക്തമാക്കിയത്. പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 നഗരസഭ പെൻഷൻഫണ്ട് -അവലോകനം

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. ഇതേ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി, ട്രഷറിയിലോ ദേശസാത്കൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യങ്ങൾക്ക് വേണ്ടി 9 ാം ചട്ടത്തിലെ മൂന്നും നാലും ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതുമാണ്. 03/05/1997 ലെ ജി.ഒ.(പി)96/97/ത.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം റെഗുലർ ജീവനക്കാർക്കും കണ്ടിജന്റ് ജീവനക്കാർക്കും പ്രത്യേകം പെൻഷൻ ഫണ്ട് അക്കൗണ്ടുകൾ ട്രഷറിയിൽ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

നഗരസഭയിലെ മുനിസിപ്പൽ പെൻഷൻ ഫണ്ടിനെ സംബന്ധിച്ച് താഴെ കൊടുത്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

1. നഗരസഭയുടെ റഗുലർ/കണ്ടിജന്റ് പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിന് ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളുടെ വിവരം, 2022-23 ലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ്.

2 2023 മാർച്ച് 31 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കുവാനുള്ള തുക സംബന്ധിച്ച് എൽ.എസ്.ജി.ഡി അർബൻ ഡയറക്ടറുടെ കത്ത്

3. 2022-23 വർഷം റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കിയ തുക, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമായ തുക , നഗരസഭ പെൻഷൻ ഇനത്തിൽ ഓഡിറ്റ് വർഷം ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നഗരസഭ ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | റെഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|---|
| | | 2022-23 | 2022-23 |
| 1 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയ തുക | 1602047 | 0 |
| 2 | പെൻഷൻ, മറ്റു ആനുകൂല്യങ്ങൾ ഇനത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ചെലവായ തുക | 7192368 | 7950442 |
| 3 | CVPതിരിച്ചടവ് | 668076 | 757126 |
| 4 | മുനിസിപ്പൽ ഫണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വരവു വന്ന തുക | 1825020 | 0 |

4. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്ന തുക ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് .ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (26/13.2.24) നഗരസഭയ്ക്ക് മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതിലേക്കായി പെരിന്തൽമണ്ണ സബ്ട്രഷറിയിൽ 12.7.2023 ന് കത്ത് (നം:എ-1/1005/2019)നൽകിയിട്ടുള്ളതാണെന്നും ആയത് ലഭ്യമാവുന്ന മുറയ്ക്ക് തുടർ നടപടി വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മുനിസിപ്പൽ ഫണ്ടിലേക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 വയോമിത്രം പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ :മുനിസിപ്പൽ സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് /പേര് | 26/23-വയോമിത്രം പദ്ധതി | അടങ്കൽ | 1000000 (ജനറൽ) |
| ചെലവ് | 1000000 | ബിൽ നം/തീ | 50/24.8.22 |

മേൽ പ്രൊജക്ട് പ്രകാരം നഗരസഭ പരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് ആരോഗ്യ മേഖലയിലെ ആനുകൂല്യം

നൽകുന്നതിന്ന് സർക്കാർ ഏജൻസിയായ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ,തിരുവനന്തപുരത്തിന് 1000000/- രൂപ കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം TSB-79901140007770). എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധയിൽ മുൻ വർഷങ്ങളിൽ നൽകിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (നം: 27/13.2.24)ലഭ്യമാക്കിയ മറുപടിയോടൊപ്പം 22-23 ൽ നൽകിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 10ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

## 1-29 ലൈഫ് ഫ്ലാറ്റുകൾക്ക് ശൗചാലയ നിർമ്മാണം -വിനിയോഗ വിവരം ലഭ്യമല്ല.

നിർവ്വഹണോദ്യോഗസ്ഥൻ :മുനിസിപ്പൽ സെക്രട്ടറി

| | | | |
|---|---|---|---|
| പ്രൊജക്ട് | 374/23 -സ്നേഹ ഭവനം -ശൗചാലയം നിർമ്മാണം | അടങ്കൽ | 2083211/-<br>1666750 (കേന്ദ്രഫണ്ട്)<br>416461 (സി.എഫ്.സി) |
| | 378/23 -സ്നേഹ ഭവനം -ശൗചാലയം നിർമ്മാണം (ഫയൽ നം:പി.സി-3/15874/2020 ) | | 2585235<br>760038 (കേന്ദ്രഫണ്ട്)<br>1825197 (സി.എഫ്.സി) |
| ചെലവ് | 66670/- | ബിൽ നം/തീ | 103/26.10.22-314388 (സി.എഫ്.സി) |
| | 951048 | | 297/14.3.23-/436650 (സി.എഫ്.സി) |

മേൽ പ്രകാരമുള്ള 2 പ്രൊജക്ടുകൾ പ്രകാരം നഗരസഭ ഫ്ലാറ്റ് അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അനുബന്ധ ശൗചാലയം നിർമ്മാണത്തിന് 15400/- വീതം (നഗരസഭ വിഹിതം -8733/- ശുചിത്വമിഷൻ വിഹിതം -6667 /-) അനുവദിക്കുന്നതിനുള്ളതാണ്.

1. 372 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതിയുടെ ഫ്ളാറ്റിൽ ശൗചാലയം നിർമ്മാണത്തിന് 15200/-നിരക്കിൽ തുക അനുവദിക്കുന്നതിനുള്ള പ്രൊജക്ട് ആണ് **378/23** (നഗരസഭ വിഹിതം -8733/- ശുചിത്വമിഷൻ വിഹിതം -6667 /-). ആയതിൽ ശുചിത്വമിഷൻ ഡയറക്ടറുടെ 19.1.2021 ലെ 833/ഡി1/2020/എസ്.എം നമ്പർ കത്ത് പ്രകാരം 352 പേരുടെ വിഹിതമായി 2346784/-രൂപ നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ് . പ്രസ്തുത ഫണ്ടിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് .
2. 498എസ്.സി ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതിയുടെ ഫ്ളാറ്റിൽ ശൗചാലയം നിർമ്മാണത്തിന് 15400/-നിരക്കിൽ തുക അനുവദിക്കുന്നിുള്ള പ്രൊജക്ട് ആണ് 374/23 (നഗരസഭ വിഹിതം -8733/- കേന്ദ്ര വിഹിതം -6667 /-). ആയതിൽ ശുചിത്വമിഷൻ വിഹിതമായി 3320166/-രൂപ നഗരസഭയിൽ ലഭ്യമാക്കിയതിൻറയും ആയത് വിനിയോഗിച്ചതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.
3. 22-23 ൽ മേൽ 2 പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച തുക യഥാക്രമം 66670/-(പത്ത് പേർക്ക് ),951048 (142 പേർക്ക് ) അനുവദിച്ച തുകയുടെ കൈപ്പറ്റ് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
4. ഫ്ലാറ്റുകളുടെ എസ്റ്റിമേറ്റിൽ ഓരോ ഫ്ലാറ്റിനും പ്രത്യേകം ശൗചാലയം ഉൾപ്പെടുത്തിയിട്ടുള്ളതും ഫ്ലാറ്റുകളുടെ ആകെ നിർമ്മാണ ചെലവിൽ ശൗചാലയം നിർമ്മാണത്തിനുള്ള ചെലവും ഉൾപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ ഫ്ലാറ്റിന്റെ ഗുണഭോക്താക്കൾക്ക് വീണ്ടും ശൗചാലയം നിർമ്മിക്കുന്നതിന് പ്രത്യേകം ധനസഹായം അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതും ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം-28/13.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 1017718/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 അമൃത് -02 കുടിവെള്ള പദ്ധതി -വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നം.41/23, അമൃത് കുടിവെള്ള പദ്ധതിക്ക് നഗരസഭ വിഹിതം ഡെപ്പോസിറ്റ് ചെയ്യൽ എന്ന പദ്ധതിയിൽ അമൃത് 2.0 യുടെ നടത്തിപ്പമായി ബന്ധപ്പെട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഗരസഭക്ക് അനുവദിച്ച തുക 9400000/-രൂപ [സ.ഉ (ആർ.ടി) നം.473/2023/ത.സ്വ.ഭ.വ/23.02.23 പ്രകാരം] അമൃത് മിഷൻ ഡയറക്ടർ ,തിരുവനന്തപുരത്തിന്റ അക്കൗണ്ടിലേക്ക് (നം:7468785906 IDIB )ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ബിൽ നം:395/30.3.2023-CFC Tied) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ, ചെലവ് തുകയുടെ വിനിയോഗ വിവരം എന്നിവ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ വിനിയോഗം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/22-23/24.01.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.തുക 9400000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 ലൈബ്രറി സെസ്സ് അടവാക്കൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

2022-23 വർഷം നഗരസഭ താഴെപ്പറയും പ്രകാരം ലൈബ്രറി സെസ്സ് അടവാക്കിയിട്ടുണ്ട്

| വർഷം | തുക | വൗച്ചർ നം/തീ | അഭിപ്രായം |
|---|---|---|---|
| 21-22(II Half) | 1519968 | 64/5/18.5.22 | (30.4.22 ന് മുമ്പ് അടവാക്കണം) |
| 22-23 (I Half ) | 693646 | 41/10/11.10.22 | (30.10.22 ന് മുമ്പ് അടവാക്കണം) |
| 22-23 (II Half) | 1745463 | 46/5/11.5.2023 | (30.4.2023 ന് മുമ്പ് അടവാക്കണം ) |

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട് , 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതാണ്. സർക്കുലർ നം. 17263/ഘ3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിക്കപ്പെട്ടതായി കാണുന്നില്ല.

പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക യഥാസമയം ഒടുക്കിയില്ലെങ്കിൽ സെക്രട്ടറിയുടെ നഷ്ടോത്തരവാദിത്വത്തിൽ പിഴ അടവാക്കേണ്ടതും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുകയും ചെയ്യുന്നതാണ്.

മേൽ തുക അടവാക്കിയതിൽ 21-22 II Half ഒഴികെയുള്ളവയ്ക്ക് ലൈബ്രറി കൗൺസിലിന്റ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം: 42/13.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-32 നഗരസഭ വാഹനങ്ങളുടെ പരിപാലനം -അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിൽ താഴെ പറയുന്ന വാഹനങ്ങൾ നിലവിലുണ്ട്

| ക്രമ നമ്പർ | വാഹനം | ഉപയോഗിക്കുന്ന വിഭാഗം |
|---|---|---|
| 1 | KL-53-6134 -MAHINDRA JEEP | എഞ്ചിനീയറിംഗ് |
| 2 | KL-53F-333 -TOYOTA CAR | സെക്രട്ടറി |
| 3* | KL -52A-1845 -MAHINDRA LORRY | ആരോഗ്യ വകുപ്പ് |
| 4* | KL-53A -805 -TATA LORRY | ആരോഗ്യ വകുപ്പ് |
| 5* | KL-53H -830 -APE AUTO | ശുചീകരണം |
| 6* | KL-53H -549 -APE AUTO | ശുചീകരണം |
| 7 | KL-53T -9851 -TATA JEEP | ആരോഗ്യ വകുപ്പ് |
| 8 | KL-01-CW1078 -TATA EV | സെക്രട്ടറി |
| 9 | KL-53-L-9978 -TOYOTA CAR | ചെയർമാൻ |
| 10 | KL-53U-1292 -TATA LORRY | ആരോഗ്യ വകുപ്പ് |
| 11 | KL-53A -4056 -SCOOTER | സെക്രട്ടറി |

(* ക്രമനം 3,4,5,6 എന്നിവ കാലപ്പഴക്കം കാരണം കയ്യൊഴിയാൻ ആയിട്ടുള്ളവയാണ് )

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ജി.ഒ.(എം.എസ്.) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് എന്നിവ പ്രകാരമാണ് മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ പരിപാലനം നടത്തേണ്ടത്. ഈ ചട്ടത്തിന്റെയും ഉത്തരവിന്റെയും വെളിച്ചത്തിൽ നഗരസഭയിലെ വാഹന പരിപാലനം സംബന്ധിച്ച കാര്യങ്ങളും വാഹനങ്ങളുടെ ഫയലുകൾ, ലോഗ് ബുക്ക് എന്നിവയും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് ചട്ടം 4 ൽ പ്രതിപാദിക്കുന്ന താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

I. റിപ്പയർ രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ തയ്യാറാക്കിയിട്ടില്ല.

Ii. സ്പെയർ പാർട്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം Iii) മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

Iii. ഇന്ധന ഓയിൽ സ്റ്റോക്ക് രജിസ്റ്റർ (അനുബന്ധം V) മാതൃകയിൽ പരിപാലിച്ചിട്ടില്ല.

IV.പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക് തയ്യാറാക്കിയിട്ടില്ല.

V. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

2. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്

നഗരസഭയിലെ വാഹനങ്ങളുടെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത സമയത്ത് നടത്തുന്നില്ല. .ചട്ടം 8 (1) പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മുനിസിപ്പാലിറ്റിയിലെ എല്ലാ വാഹനങ്ങളുടെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ്

നടത്തിയിട്ടില്ല (ടെസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല).

3. ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണം. എന്നാൽ നഗരസഭയുടെ വാഹനങ്ങളുടെ ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ലെന്ന് മാത്രമല്ല, ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമില്ല..

ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്താത്തതിനാലും, ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കാത്തതിനാലും വാഹനത്തിന്റെ ഇന്ധന ക്ഷമതയും, ഇന്ധന ഉപഭോഗവും പരിശോധിക്കാൻ സാധ്യമല്ലാത്ത സാഹചര്യമാണുള്ളത്.

4) സ.ഉ (കൈ)നം-45/2019/പൊ.മ.വ./തീ-16.10.2019 പ്രകാരം പ്രത്യേക വിഭാഗത്തിൽ പെട്ട വാഹനങ്ങൾ നിശ്ചിത കിലോമീറ്റർ ഓടിയിട്ടുള്ളതോ നിശ്ചിത വർഷം പഴക്കമുള്ളതോ ആയിട്ടുള്ളവ മാനദണ്ഡങ്ങൾ പാലിച്ച് കയ്യൊഴിയുന്നതിനുള്ള നടപടികൾ പി.ഡബ്ല്യു.ഡി വിഭാഗം മെക്കാനിക്കൽ എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട് .ക്രമനം 3,4,5,6 എന്നിവ നിലവിൽ കാലപ്പഴക്കം വന്ന് കയ്യൊഴിയൽ നടത്തേണ്ടവയാണ്. ആയതിന്മേൽ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം:44/14.2.24) ലഭ്യമാക്കിയ മറുപടിയോടൊപ്പം സമർപ്പിച്ച രേഖകൾ (റിപ്പയർ രജിസ്റ്റർ ) അപൂർണ്ണമാണ് . വാഹനങ്ങളുടെ പരിപാലനം ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റ അടിസ്ഥാനത്തിൽ അനുബന്ധ രജിസ്റ്ററുകൾ പരിപാലിച്ച് കൊണ്ടാണെന്ന് ഉറപ്പാക്കേണ്ടതും മേൽ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-33 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിലെ അപാകതകൾ

നഗരസഭയുടെ വിവിധ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിയിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. South Indian Bank Own Fund -0329053000014648 അക്കൌണ്ടിന്റെ റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്ന് രേഖപ്പെടുത്തിയ പല തുകകളും സെക്രട്ടറി ചെക്ക് മുഖേന പിൻവലിക്കപ്പെട്ടിട്ടുള്ളതാണ്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയ്യതി | തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തീയ്യതി |
|---|---|---|---|
| 1 | 57128/03.04.2021 | 14040 | 03.04.2021 |
| 2 | 61049/04.06.2021 | 121691 | 04.06.2021 |
| 3 | 61079/07.07.2021 | 3580 | 07.07.2021 |
| 4 | 61086/07.07.2021 | 81382 | 07.07.2021 |

2. ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന ചെക്കുകൾ Cheque Deposited But Not Cleared എന്ന ഇനത്തിൽ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ചെക്കുകൾ ക്ലിയർ ചെയ്ത് തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. കൂടാതെ റീകൺസിലിയേഷൻ പത്രികയിൽ ചെക്ക് തുക ആയി രേഖപ്പെടുത്തിയ തുകയും പ്രസ്തുത ചെക്ക് മുഖേന ബാങ്കിൽ ക്രെഡിറ്റ് ആയ തുകയും തമ്മിൽ വ്യത്യാസം ഉണ്ട്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയ്യതി | തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്രെഡിറ്റ് ആയ തീയ്യതി /തുക |
|---|---|---|---|
| 1 | 513842/03.05.2021 | 3221 | 06.05.2021/ 50179 |
| 2 | 468775/29.03.2021 | 20000 | 07.05.2021/25000 |
| 3 | 513849/04.06.2021 | 5788 | 09.06.2021/50179 |

3. ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന ചെക്കുകൾ Cheque Issued But Not Presented For Payment എന്ന ഇനത്തിൽ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ചെക്കുകൾ പ്രകാരം തുകകൾ അക്കൗണ്ടിൽ നിന്നും പിൻവലിയ്ക്കപ്പെട്ടിട്ടുണ്ട്. കൂടാതെ റീകൺസിലിയേഷൻ പത്രികയിൽ ചെക്ക് തുക ആയി രേഖപ്പെടുത്തിയ തുകയും പ്രസ്തുത ചെക്ക് മുഖേന ബാങ്കിൽ നിന്ന് പിൻവലിക്കപ്പെട്ട തുകയും തമ്മിൽ വ്യത്യാസം ഉണ്ട്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയ്യതി | തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തീയ്യതി/തുക |
|---|---|---|---|
| 1 | 057128/31.03.2021 | 12100 | 03.04.2021/ 14040 |
| 2 | 061049/03.06.2021 | 22,250 | 04.06.2021/121691 |

| | | | |
|---|---|---|---|
| 3 | 061079/05.07.2021 | 2880 | 07.07.2021/3580 |
| 4 | 061086/15.7.2021 | 29,537 | 07.07.2021/81382 |

റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-56/15.02.2024) SIB Own Fund -0329053000014648 അക്കൌണ്ടിൽ Directly Debited By Bank ആയി ചേർത്ത തുകകളിൽ ക്രമനമ്പർ 1,2,3,4 എന്നിവയ്ക്ക് യഥാക്രമം 14040, 121691, 3580, 81382 എന്നീ തുകകൾക്ക് സാംഖ്യയിൽ പേയ്മെന്റ് ഓർഡർ വരുത്തി ബാങ്ക് ബുക്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിലും ഡെബിറ്റ് ചെയ്തിട്ടുള്ളതാണെന്നും ബാങ്ക് റീകൺസിലിയേഷൻ ചെയ്തപ്പോൾ Technical Error വന്നതിനാൽ ചില തുകകൾ റീകൺസിൽ ആവുകയും ചിലത് റീകൺസിൽ ആവാതിരിക്കുകയും ചെയ്തതിനാലാണ് Directly Debited By Bank എന്ന ഹെഡിൽ ഉൾപ്പെട്ടതെന്നും സാംഖ്യ സോഫ്റ്റ് വെയറിൽ ഈ അപാകത പരിഹരിക്കാൻ നിലവിൽ സംവിധാനമില്ലായെന്നും മറുപടി ലഭ്യമാക്കി. മറ്റ് അപാകതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0364/23 |
| പ്രൊജക്ടിന്റെ പേര് | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് ഓഫീസർ |
| അടങ്കൽ തുക | 2,00,000 രൂപ (വികസന ഫണ്ട്) |
| ചെലവഴിച്ച തുക | 15,245 രൂപ |
| ബിൽ നമ്പർ | BRN : 22150347000801239322/24-02-2023 :15,245 |

ഗുണഭോക്താക്കൾക്ക് രണ്ട് മാസത്തെ ഭക്ഷണ കിറ്റ് വിതരണം മാത്രമാണ് മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ളത്. വകയിരുത്തിയ 2,00,000 രൂപയിൽ 15,245 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്) നം.146/2022/LSGD/08-07-2022 പ്രകാരം ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിവക്ക് കീഴിലെ വിവിധ കമ്പോണന്റുകൾ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹിക്കാനാവാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 24/09-02-2024 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്കുകളുടെ റിപ്പയർ AMC-അപാകതകൾ

ഫയൽ നം. PW2-11957/2010 (Vol -6)

**തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC ചാർജ്ജിനത്തിൽ 15-12-2021 മുതൽ 14-12-2022 വരെ മാസം 2,20,645 രൂപ +18% GSTയും 06-02-2023മുതൽ 2,08,125 + 18% GSTകണക്കാക്കി യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. കരാറുകാരൻ വിവിധ ഇനം വിളക്കുകൾക്ക് ടെണ്ടറിൽ രേഖപ്പെടുത്തിയ AMC നിരക്ക് താഴെ കാണും പ്രകാരമാണ് :**

എ) 15-12-2021 മുതൽ 14-12-2022 വരെ

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 285 | 520 |
| 2 | 20W CFL | 250 | 1550 |
| 3 | 2X11W 4 Pin CFL | 495 | 694 |
| 4 | 40X2W CFL | 450 | 70 |
| 5 | 2X11W Single Fluorescent Light | 280 | 250 |
| 6 | 120W LED Light | 925 | 408 |
| 7 | 20/22W LED Light | 694 | 1105 |
| 8 | 45W LED Light | 700 | 405 |
| 9 | Sodium Vapour Lamp | 1450 | 165 |

ബി) 06-02-2023 മുതൽ

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 275 | 520 |
| 2 | 20W CFL | 255 | 1550 |
| 3 | 2X11W 4 Pin CFL | 460 | 694 |
| 4 | 40X2W CFL | 354 | 70 |
| 5 | 2X11W Single Fluorescent Light | 274 | 250 |
| 6 | 120W LED Light | 900 | 408 |
| 7 | 20/22W LED Light | 655 | 1105 |
| 8 | 45W LED Light | 775 | 405 |
| 9 | Sodium Vapour Lamp | 875 | 165 |

**ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-**

1. ഓരോ മാസവും തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല, വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തിൽ ഏത് തരം വിളക്കാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. പ്രവൃത്തി നടത്തുന്നതിന് KSEB യിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയത് പ്രകാരം യുണൈറ്റഡ് എനർജി സിസ്റ്റംസ്, തിരുവനന്തപുരത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ 35/13-02-2024 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 ജി.ജി.എച്ച്.എസ് സ്കൂളിൽ കമ്പ്യൂട്ടർ ലാബ് നവീകരണം - അപാകതകൾ

| | |
|---|---|
| നിർവഹണം | പ്രിൻസിപ്പാൾ |
| പ്രൊജക്ട് | നം.353/23: ജി.ജി.എച്ച്.എസ് സ്കൂളിൽ കമ്പ്യൂട്ടർ ലാബ് നവീകരണം |
| അടങ്കൽ- | 1050000/- (MG-NR) |
| ചെലവ്- | 1045053/- (MG-NR)<br>BRN. 221503470031014237 67/21.03.2023 - 691671/-<br>BRN. 221503470031014237 41/21.03.2023 -353382/- |

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതി ടെണ്ടർ നടപടികൾ പാലിക്കാതെ SIDCO മുഖേനയാണ് നടപ്പാക്കിയത്.

സാധനങ്ങളും സേവനങ്ങളും നൽകിയതിന് SIDCO യുടെ താഴെ പരാമർശിക്കുന്ന ഇൻവോയ്സുകൾ പ്രകാരമാണ് പണം ചെലവഴിച്ചത്.

1). Invoice No. MJRI/22-23/235 Dt. 25-2-23 Of SIDCO Rs. 691671/-

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | Prelaminated Board Computer Table With One Drawer<br>90x45x75 Cm | 60 | 4908 + 18% GST |
| 2 | Computer Chair Without Arm | 60 | 3351+ 18% GST |
| 3 | Prelaminated Board Almiraha<br>120x250x40 Cm Size,17mm Board Using | 1 | 27400 + 18% GST |
| 4 | Prelaminated Board Computer Table With One Drawer And One Cup Board 120x 60x 75 Cm | 1 | 6646 + 18% GST |

| | | | |
|---|---|---|---|
| 5 | Medium Back Revolving Chair With Cushion Seat & Back | 1 | 5976+ 18% GST |
| 6 | Door Modification<br>Work Using Plywood & Mic And Side Panaling | 2 | 14200<br>+ GST 18% |
| 7 | Name Board<br>90x 30 Cm | 1 | 4200+ 18% GST |
| 8 | Table Privacy Divider<br>800 X 30 Cm | 1 | 18000+ 18% GST |
| ആകെ | | | 691671/- |

2). Invoice No. MJRI/22-23/234 Dt. 25-2-23 Of SIDCO Rs. 353382/-

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | Gypsum Ceiling<br>Gypsum Ceiling Work , Aluminium Channel And Gyproc Board Usinginclude Light Fitting 885 Sqft | 1 | 117000+ 18% GST |
| 2 | White Board With Aluminium Frame 180x120 Cm | 1 | 4676+ 18% GST |
| 3 | Window Fabrication Work | 1 | 18500+ 18% GST |
| 4 | Wall Shelf 60x120x40 Cm | 4 | 10500+ 18% GST |
| 5 | Electrical Work<br>Wiring Work | 1 | 43300+ 18% GST |
| 6 | Painting Work<br>2000 Sqft | 1 | 74000 + 18% GST |
| ആകെ | | | 353382/- |

ഈ പ്രൊജക്റ്റ് പ്രകാരം SIDCO -യിൽ നിന്നും 'ടെണ്ടർ നടപടികൾ പാലിക്കാതെ നേരിട്ട് വിവിധ ഇനം ഉപകരണങ്ങൾ വാങ്ങുകയും ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തി ചെയ്യുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തിയും വിവിധ സാധനങ്ങളുടെ സപ്ലൈയുമാണ് പ്രൊജക്റ്റ്പ്രകാരം നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ടെണ്ടർ കൂടാതെ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾ പാലിക്കാതെയാണ് ഈ പ്രൊജക്റ്റ് SIDCO മുഖേന നടപ്പിലാക്കിയത് എന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

പ്രൊജക്റ്റ് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി- സർക്കാർ ഉത്തരവ് പാലിക്കാതെ പ്രവൃത്തി നടപ്പാക്കി.**

സർക്കാർ ഉത്തരവ് GO(P) 104/2022/Fin Dt 02.09.2022 പ്രകാരം SIDCO യെ ജനറൽ സിവിൽ പ്രവൃത്തികൾ PMC എന്നരീതിയിൽ നടപ്പിലാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായാണ് അംഗീകരിച്ചിട്ടുള്ളത്.

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നത് GO(P) 67/2021/Fin Dt 28.04.2021 നം ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചതാണ്

ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1) PMC ആയി അക്രഡിറ്റേഷൻ കിട്ടിയ സ്ഥാപനങ്ങൾ പ്രവൃത്തി നേരിട്ട് നടപ്പാക്കാൻ പാടില്ല. മറിച്ച് പ്രവൃത്തി പ്ലാൻ, ഡിസൈൻ , എസ്റ്റിമേറ്റ്, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കൽ തുടങ്ങിയവയാണ് ചെയ്യേണ്ടത്. പ്രവൃത്തി നടത്തിപ്പ് സുതാര്യമായ ടെണ്ടർ നടപടികളിലൂടെ മറ്റ് കരാറുകാരെ ഏൽപിച്ച് നൽകുകയാണ് ചെയ്യേണ്ടത്. പ്രവൃത്തിയുടെ ബില്ല് പ്രകാരമുള്ള പണം തെരഞ്ഞെടുക്കപ്പെട്ട കരാറുകാർക്കാണ് നൽകേണ്ടത്. അക്രഡിറ്റഡ് ഏജൻസിക്ക് സെന്റേജ് ചാർജ്ജ് മാത്രമാണ് അർഹതയുള്ളത്.

2) പ്രവൃത്തി നടത്തുന്നതിനുള്ള PMC അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ ബിഡ്ഡിംഗ് നടപടികൾ പാലിക്കേണ്ടതുണ്ട്.

3) എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കണം.

4) പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചായിരിക്കണം പ്രവൃത്തി നടത്തേണ്ടത്.

പ്രൊജക്ട് നടത്തിപ്പിൽ മേൽ പരാമർശിക്കുന്ന നിബന്ധനകളൊന്നും പാലിച്ചിട്ടില്ല.

1) PMC ആയി അംഗീകാരം ലഭിച്ച SIDCO കരാറുകാർ മുഖേനയായിരുന്ന പ്രവൃത്തി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതി SIDCO നേരിട്ട് നടപ്പിലാക്കുകയും പണം നേരിട്ട് സിഡ്കോ ക്ക് നൽകുകയുമാണ് ചെയ്തത്.

2) എസ്റ്റിമേറ്റ് പ്രൈസ് സോഫ്ററ്‌വെയറിൽ തയ്യാറാക്കിയിട്ടില്ല

3) നടപ്പാക്കിയ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയിട്ടില്ല.

4) പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

**2) ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങൽ - സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചില്ല.**

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി SIDCO -യിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ( GO(RT) 33/2021/SPD Dt 22.11.2021 & GO(RT) 97/2022/SPD Dt 23.12.2022) ഈ ഉത്തരവുകളിൽ പരാമർശിക്കാത്ത സാധനങ്ങൾ എല്ലാംതന്നെ വാങ്ങൽ നടപടികൾ പാലിച്ചാണ് വാങ്ങേണ്ടതും എന്നും ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ പൂർണ്ണമായും മേൽ ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ SIDCO യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല. പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി നൽകിയ പ്രത്യേക ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടില്ല.

10 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പ്രൊജക്ട് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നടപ്പാക്കിയത്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി SIDCO മുഖേന നടപ്പാക്കിയത് പദ്ധതി നടത്തിപ്പിലെ സുതാര്യത ഇല്ലാതെയാക്കി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതുമൂലം നഗരസഭാ ഫണ്ടിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോ എന്നത് ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (31/13.02.2023 ) ക്ക് ലാബ് ഫർണിഷിംഗ് ജോലികൾ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളതെന്നും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും മറുപടി നൽകി. എന്നാൽ ആയതിന് രേഖകൾ ഹാജരാക്കിയില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ പ്രൊജക്ടിന് ചെലവഴിച്ച 1045053/-രൂപ തടസ്സം ചെയ്യുന്നു. പദ്ധതി നടത്തിപ്പിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഗവൺമെന്റ് മോഡൽ ഹയർസെക്കന്ററി സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേക്ക് ഫർണിച്ചർ - പദ്ധതി നിർവ്വഹണം- അപാകതകൾ

| | |
|---|---|
| നിർവഹണം | പ്രിൻസിപ്പാൾ |
| പ്രൊജക്ട് | നം.389/23:ഗവൺമെന്റ് മോഡൽ ഹയർസെക്കന്ററി സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലേക്ക് ഫർണിച്ചർ |
| അടങ്കൽ- | 2400000/- (MG-NR) |
| ചെലവ്- | 2397470/- (MG-NR)<br>BRN. 22150347003101423782/21.03.2023- 761686/-<br>BRN. 22150347003101423796/21.03.2023-641225/-<br>BRN. 22150347003101423809/21.03.2023-465150/-<br>BRN. 22150347003101423820/21.03.2023-529409/-/ |

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പെരിന്തൽമണ്ണ മോഡൽ ഹയർസെക്കന്ററി സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നവീകരിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനുമാണ് ലക്ഷ്യം വെച്ചത്. ആയതിനായി KADCO സമർപ്പിച്ച എസ്റ്റിമേറ്റ് (NO- KADCO/NRO/S&SS/P-GVHSS-PMNA/2022-23 Dtd.28.11.2022) താഴെ നൽകുന്നു.നടത്തിയിട്ടുണ്ട്

എസ്റ്റിമേറ്റ്

| | |
|---|---|
| High School Staff Room Work | 448651.00 |
| High School Boys Staff Office Work | 645497.00 |
| Higher Secondary School Office Work- | 394195.00 |
| Higher Secondary School Principal Office Work- | 543411.00 |
| Total- | 2031754.00 |
| GST 18%- | 365716.00 |

| Grand Total- | 2397470.00 |
|---|---|

ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കാതെ പ്രവൃത്തി നടത്തിപ്പ് KADCO ക്ക് നൽകുകയാണ് ചെയ്തത്.

KADCO സമർപ്പിച്ച താഴെ കൊടുത്ത ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ പണം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1). Invoice No.NRO/22-23/663 Dt. 10.03.23 - Rs. 761686/-

| ഇനം | എണ്ണം | നിരക്ക് (നികുതി ഒഴികെ) | തുക (നികുതി ഒഴികെ) |
|---|---|---|---|
| Senior Assistant Cabin – Partition Wall For Assistant Cabin With Aluminium Powder Coated Channel Of 50 Mm Thickness, Door Glass Made Of Milky Glasses | 1 | 52516 | 52516 |
| Senior Assistant Table<br>2250x700x800mm | 1 | 36822.03 | 36822.03 |
| Senior Assistant Side Table<br>900 X 750x 450 Mm | 1 | 11493.64 | 11493.64 |
| Senior Assistant Back Bench Storage<br>2440x900x450 Mm | 1 | 45502.12 | 45502.12 |
| Clerk Mini Cabin<br>Partition Wall For Clerk MiniCabin Room | 1 | 13855.93 | 13855.93 |
| Clerk Mini Table<br>1800x800x800 Mm<br>With 17 Mm Prelaminated MDF | 1 | 34004.24 | 34004.24 |
| Staff Table<br>1200x 750x 600mm<br>With 17 Mm Prelaminated MDF | 6 | 21080.51 | 126483.06 |
| Side Storage<br>FHS Storage<br>2220x 1550x450 Mm | 1 | 56885.59 | 56885.59 |
| Side Storage<br>SHS Storage<br>900x 900x450 Mm | 1 | 12924.79 | 12924.79 |
| Side Storage<br>SHS Storage<br>1266x 900x450 Mm | 1 | 18177.97 | 18177.97 |
| Side Storage<br>SHS Storage<br>1200x 600x400 Mm | 1 | 11483.05 | 11483.05 |
| Senior Assistant Chair – Cushion With Revolving Mechanism | 1 | 15889.83 | 15889.83 |
| Staff Chair -Cushion With Revolving Mechanism | 6 | 7415.25 | 44491.50 |
| Visitors Chair<br>Cushion With Armed Chair | 12 | 4766.95 | 57203.40 |
| Visitors Partition Wall- Partition Wall For Visitors Area Room, Door Glass Made Of Milky Glass | 1 | 19203.39 | 19203.39 |
| Steel Almirah | 1 | 15360.17 | 15360.17 |

| | | | |
|---|---|---|---|
| Window Curtain | 5 | 5614,41 | 28072.05 |
| Architrave Work | 5 | 9025.42 | 45127.10 |
| | | Total | 645496.81+<br>58094.72 CGST+58094.72 SGST |

2). Invoice No.NRO/22-23/664 Dt. 10.03.23 - Rs. 641225/-

| ഇനം | എണ്ണം | നിരക്ക് (നികുതി ഒഴികെ) | തുക (നികുതി ഒഴികെ) |
|---|---|---|---|
| Pricipal Table<br>2250x700x800 Mm | 1 | 39500.00 | 39500.00 |
| Pricipal Side Table<br>900x750x450mm | 1 | 16700.00 | 16700.00 |
| BacK Bench Storage<br>1800x600x450 Mm | 1 | 26500.00 | 26500.00 |
| Open Storage<br>Storage 17 Mm Prelaminated MDF With PVC Edge Banding | 1 | 22000.00 | 22000.00 |
| Display Storage<br>Storage 1950x 900x450 Mm | 1 | 31000.00 | 31000.00 |
| Principal Chair<br>Bosq Or Equivalent Branded | 1 | 15889.83 | 15889.83 |
| Over Head Storage<br>560x600x200 Mm | 1 | 56500.00 | 56500.00 |
| Window Curtain | 5 | 5200.00 | 26000.00 |
| Architrave Work | 5 | 8300.00 | 41500.00 |
| Principal Cabin Partition Wall | 1 | 70593.39 | 70593.39 |
| Wall Side Storage<br>1800x900x450mm | 2 | 25847.46 | 51694.92 |
| Wall Side Storage<br>1433x900x450 Mm | 1 | 20815.68 | 20815.68 |
| Principal Meeting Table<br>1200x750x600 Mm | 1 | 29500.00 | 29500.00 |
| Staff Meeting Table<br>1200x750x600 Mm | 2 | 37500.00 | 75000.00 |
| Visitors Partition Wall | 1 | 12801.91 | 12801.91 |
| Principal Meeting Chair | 1 | 7415.25 | 7415.25 |
| | | Total | 543410.00+ GST |

3). Invoice No.NRO/22-23/661 Dt. 10.03.23 - Rs. 465150/-

| ഇനം | എണ്ണം | നിരക്ക് (നികുതി ഒഴികെ) | തുക (നികുതി ഒഴികെ) |
|---|---|---|---|
| Wall Side MHS Storage | 1 | 80423.73 | 80423.73 |
| Staff Table<br>1200x750x600mm | 6 | 21080.51 | 126483.06 |
| Steel Almirah | 4 | 15360.17 | 61440.68 |

| | | | |
|---|---|---|---|
| 950x900x450 | | | |
| Staff Chair | 6 | 7415.26 | 44491.50 |
| Visitors Chair | 8 | 4766.95 | 38135.60 |
| Window Curtain | 3 | 5614.41 | 16843.23 |
| Architrave Work | 3 | 8792.37 | 26377.11 |
| | | Total | 465150.00 |

4). Invoice No.NRO/22-23/662 Dt. 10.03.23 - Rs. 529409/-

| ഇനം | എണ്ണം | നിരക്ക് (നികുതി ഒഴികെ) | തുക (നികുതി ഒഴികെ) |
|---|---|---|---|
| Staff Room Table 2400x1000x900 Mm | 3 | 35618.64 | 106855.92 |
| Staff Room Table 3600x1000x900 Mm | 2 | 53525.58 | 107049.16 |
| Staff Room Table 2400x500x750 Mm | 1 | 26762.29 | 26762.29 |
| Staff Room Table 800x500x750 Mm | 1 | 8947.36 | 8947.36 |
| Staff Chair | 42 | 3813.56 | 160169.52 |
| Power Sources & Necessary Cabling | 28 Set | 1388.14 | 38867.92 |
| | | Total | 529409 |

സ്കൂൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമായ മോഡിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പാക്കിയത് എന്ന് നിർവഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് GO(P) 104/2022/Fin Dt 02.09.2022 പ്രകാരം KADCO യെ InteriorFurnishing Works, Modernisation Works Of Labs, Educational Institutional Works എന്നീ പ്രവൃത്തികൾ Non-PMC എന്നരീതിയിൽ നടപ്പിലാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായാണ് അംഗീകരിച്ചിട്ടുള്ളത്.

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു .

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി- സർക്കാർ ഉത്തരവ് പാലിക്കാതെ പ്രവൃത്തി നടപ്പാക്കി.**

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടത്തുന്നത് GO(P) 67/2021/Fin Dt 28.04.2021 നം ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം എന്ന് സർക്കാർ നിർദ്ദേശിച്ചതാണ്

Non PMC അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1) അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 )

- അക്രഡിറ്റഡ് ഏജൻസി (Non PMC) നേരിട്ട് നടപ്പാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല.
- ഗവ അക്രഡിറ്റഡ് ഏജൻസികൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അതാത് സ്ഥാപനങ്ങളും, നോൺ ഗവ അക്രഡിറ്റഡ് ഏജൻസികൾ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള സമിതികളുമാണ് സാങ്കേതികാനുമതി നൽകേണ്ടത്.
- KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 )
- Non PMC പ്രവൃത്തികളിൽ പ്രവൃത്തിയുടെ പണം ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ എഞ്ചിനിയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Non PMC ക്ക് നേരിട്ട് നൽകാവുന്നതാണ്.

പ്രൊജക്ട് നടത്തിപ്പിൽ മേൽ പരാമർശിക്കുന്ന നിബന്ധനകളൊന്നും പാലിച്ചിട്ടില്ല.

1) എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടില്ല

2) നടപ്പാക്കിയ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കിയിട്ടില്ല.

3) പ്രവൃത്തി നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിലെ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

4) സാധനങ്ങൾ സംഭരിക്കുന്നതിന് സ്റ്റോർ പർച്ചേസ് മാന്വൽ പാലിച്ചിട്ടില്ല.

5) പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിട്ടില്ല.

6) മരാമത്ത് പ്രവൃത്തി നടത്തുന്നതിനുള്ള നടപടികളൊന്നും പാലിക്കാതെ KADCO നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മാത്രം പണം നൽകുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 53/15.02.23 ന് സ്കൂൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടത്തിയ മോഡിഫിക്കേഷൻസ് ആണ് ഈ പദ്ധതി പ്രകാരം നടത്തിയതെന്നും ഇത് പർച്ചേസ് കമ്മിറ്റിയും കൗൺസിലും വിശദമായി ചർച്ച നടത്തി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളതെന്നും സദുദ്ദേശപരമായ പ്രവർത്തി ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നും മറുപടി ലഭ്യമാക്കി.

സർക്കാർ അംഗീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുക , അളവ് രേഖപ്പെടുത്തുക , ബിൽ തയ്യാറാക്കുക തുടങ്ങി അക്രഡിറ്റഡ് ഏജൻസി മുഖേന പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടികളൊന്നും പാലിക്കാതെ പ്രവൃത്തി നടത്തിയതിനാൽ പ്രവൃത്തിയുടെ ഗുണ നിലവാരം, പ്രവൃത്തിക്ക് അനുവദിച്ച നിരക്കിന്റെ ക്ഷമത എന്നിവയൊന്നും ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. അതിനാൽത്തന്നെ പ്രവൃത്തിയിൽ നഗരസഭക്ക് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാനായിട്ടില്ല.

അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കുന്ന Non PMC പ്രവൃത്തികൾക്ക് അനുവദനീയമായ നിരക്കിലുള്ള എസ്റ്റിമേറ്റ് (പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയത്) , മരാമത്ത് പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ രേഖകൾ , ബിൽ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യുന്നത് വരെ പദ്ധതി പ്രകാരമുള്ള ചെലവ് 2397470/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-38 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവഹണം | പ്രിൻസിപ്പാൾ |
| പ്രൊജക്ട് | നം.292/23: 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്. സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ- | 1175000/- (SCP) |
| ചെലവ്- | 1139922/- (SCP) BRN. 22150347003101416824/20.03.2023- 569961/-<br>BRN.22150347003101416838/20.03.2023- 569961/- |

സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ.ടി) 19/2020/SPD തീയതി 23.10.2020, സ.ഉ (ആർ.ടി) 73/2022/SPD തീയതി 02.11.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി കാഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അതിന് നൽകാവുന്ന വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 4 ൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്. സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കാതെ KADCO യിൽ നിന്ന് വാങ്ങിയ താഴെപ്പറയുന്ന ഇനങ്ങൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | ഇനം | എണ്ണം | നിരക്ക് നികുതി ഉൾപ്പെടെ | ആകെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | NRO/ 22-23/376 തി. 18.01.2023 | Steel Table 36x24x30 With One Drawer And Cupboard 18 Mm Novopan Top- 20 Gauge | 114 | 3919.96 | 446875.44 |
| 2 | | Steel Chair Armless Cushioned Seat(14x14) Total Height 36 Inch Using 1 Inch Pipe 5.5 Mtr | 114 | 1079.70 | 123085.80 |
| 3 | NRO/ 22-23/693 തി. 14.03.2023 | Steel Table 36x24x30 With One Drawer And Cupboard 18 Mm Novopan Top- 20 Gauge | 114 | 3919.96 | 446875.44 |
| 4 | | Steel Chair Armless Cushioned Seat(14x14) Total Height 36 Inch Using 1 Inch Pipe 5.5 Mtr | 114 | 1079.70 | 123085.80 |

മേൽ പരാമർശിക്കപ്പെട്ട ഉത്തരവുകൾ പ്രകാരം ടെണ്ടർ നടപടിയിലൂടെ വാങ്ങേണ്ട ഇനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 46/14.02.2023 ന് എസ്.സി വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5000/-രൂപയിൽ ഒതുങ്ങുന്ന ഫർണിച്ചറുകൾ ആണ് അനുവദിച്ച് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ടി വ്യവസ്ഥ പാലിക്കുന്നതിനായി KADCO യുടെ പ്രൈസ് ലിസ്റ്റിൽ 4419 രൂപക്കുള്ള ഇനം 3322/- രൂപക്കും സ്റ്റീൽ ചെയർ 915 രൂപക്കുമാണ് നൽകിയതെന്നും ഓപ്പൺ മാർക്കറ്റ് വിലയേക്കാൾ കുറവായി ആണ് വാങ്ങിയതെന്നും മറുപടി ലഭ്യമാക്കി.

നഗരസഭക്ക് ആവശ്യമായ സാധനങ്ങൾ ടെണ്ടർ / ക്വട്ടേഷൻ നടപടികളിലൂടെ ആയിരുന്നു വാങ്ങേണ്ടിയിരുന്നത്. ടെണ്ടർ കൂടാതെ വാങ്ങണമെങ്കിൽ അതിന് സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചായിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. സർക്കാർ നിർദ്ദേശം പാലിക്കാതെ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങിയ ശേഷം തെളിവുകൾ ഒന്നുമില്ലാതെ മാർക്കറ്റ് വിലയെക്കാൾ കുറവായാണ് വാങ്ങിയത് എന്ന് മറുപടി നൽകിയത് അംഗീകരിക്കാനാവില്ല.
സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയതിന് ചെലവ് ചെയ്ത ₹1139922 ചെലവ് തടസ്സം ചെയ്യുന്നു.
സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം -അപാകതകൾ

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ ജി.എസ്.ടി ഒഴികെ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS (1% CGST + 1% SGST) ബില്ലുകളിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക

സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | B.R.N നമ്പർ/തിയ്യതി/ തുക | വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | തുക (ജി.എസ്.ടി ഒഴികെ) |
|---|---|---|---|---|---|
| 1. | 52/23 ഷ്വവർ- വിദ്യാഭ്യാസ പദ്ധതി എസ്.സി വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ്(ചെലവ്- എസ്.സി.പി 883922 | 1.22150347002401532697 Dtd 28.03.2023 RS 408980 | നിയോ സിസ്റ്റംസ് ഒറ്റപ്പാലം | GST-595 Dtd 21.03.2023 | 346593.17 |
| | | 2.22150347002401532633 Dtd 28.03.2023 RS 474942 | ലെജന്ററി ഡിസ്റ്റിബ്യൂട്ടേഴ്സ്, പെരിന്തൽമണ്ണ. | MLP/ 900006/2223 Dtd 4.03.2023 | 376493.13 |
| 2. | 367/23 യുവ മിത്ര പദ്ധതി (പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്പ്ടോപ്പ് നൽകൽ | 22150347002400964677 Dtd 28.12.2022 RS 445887 | നിയോ ടെക്നോളജീസ്,പാലക്കാട്. | NT-26 Dtd 12.12.2022 | 377870.35 |
| 3. | 51/23ഷ്വവർ- വിദ്യാഭ്യാസ പദ്ധതി എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 22150347002401532734 Dtd 28.03.2023 RS 369990 | നിയോ സിസ്റ്റംസ് ഒറ്റപ്പാലം | GST-609 Dtd 23.03.2023 | 313550.8 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 8/7.02.2024ന് മറുപടിയായി സ്ഥാപനങ്ങൾക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ജി.എസ്.ടി അടച്ചതിന്റെ രശീതി ഹാജരാക്കിയിട്ടുമുണ്ട്, മേലിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 സിഡ്കോയിൽ നിന്നും പർച്ചേസ് നടത്തിയതിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

സ്റ്റോർ പർചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 49/2019/SPD തിയതി 14.11.2019, സ ഉ (സാധാ) 97/2022/SPD തിയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലവിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽപ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.മെഡിക്കൽ ഓഫീസർ(ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായ താഴെ പറയുന്ന പ്രൊജക്റ്റിൽ സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെയാണ് പർച്ചേസ് നടത്തിയിട്ടുള്ളത്.

പ്രൊജക്റ്റ് നം- 387/23 (ഗവൺമെന്റ് ഹോമിയോ ആശുപത്രിയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ)

അടങ്കൽ- 100000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - 99684/-(BRN 22150347001900812435/24.11.2022)

താഴെ പട്ടികയിൽ കൊടുത്ത ഫർണ്ണിച്ചറുകൾ സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്(invoice Number-MJRI/22-23/79 Dtd 01.11.2022 ).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ |
|---|---|---|---|
| 1.Hardwood Pharmacy Galaxy Rack 180*60*75/180cm With 3 Drawer And 3 Cupboard 6 Steps | 1 | 50,095 | 50,095 |
| 2.Executive High Back Revolving Chair (Special Type) | 1 | 11,868 | 11,868 |
| 3.Weighing Machine For Baby | 1 | 2,400 | 2,400 |
| 4.Weighing Machine With Height | 1 | 3,675 | 3,675 |
| 5.Armed Fibre Chair Best Quality | 17 | 650 | 11,050 |

| | | | |
|---|---|---|---|
| 6.Hard Wood Stool 40*40*45 | 1 | 1,690 | 1,690 |
| 7.Revolving Chair<br>Low Back | 1 | 3,700 | 3,700 |
| ആകെ | | | 84478 |
| 18% GST ഉൾപ്പടെ ആകെ തുക | | | 99684 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി നമ്പർ-15/8.02.2024) മറുപടിയായി മേലിൽ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല മേൽ വസ്തുക്കൾ പർച്ചെയ്സ് ചെയ്തിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വാങ്ങലുകൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 99684/- രൂപ തടസ്സം ചെയ്യുന്നു.

## 1-41 പലിശ ഒഴിവാക്കി നൽകിയത് - സർക്കാർ അനുമതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

താഴെപ്പറയുന്ന രണ്ട് പി.എം.എ.വൈ-ലൈഫ് ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റി രണ്ട് വർഷങ്ങൾക്ക് ശേഷം, ലഭ്യമായ സ്ഥലത്ത് തങ്ങൾക്ക് ഭവന നിർമ്മാണം സാധ്യമല്ല എന്ന് അറിയിച്ച് കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടുണ്ട് -

| ക്ര.നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക/ കാലയളവ് | മുനിസിപ്പൽ കൗൺസിൽ തീരുമാനം | പദ്ധതിയിൽ തുടർന്ന് പോകാതിരിക്കുന്നതിന് അറിയിച്ച കാരണം |
|---|---|---|---|---|
| 1 | ശ്രീമതി ഫാത്തിമ നിഹാല, വടക്കേതിൽ<br>**ഫയൽ :**<br>**PC-3/12264/2022** | 40,000<br>05/2020 | 27-07-2022 (3) | ഭവന നിർമ്മാണത്തിനായി തീരുമാനിച്ച സ്ഥലം അനുയോജ്യമല്ല |
| 2 | ശ്രീ. രവീന്ദ്രൻ, സ്രാമ്പിക്കൽ<br>**ഫയൽ :**<br>**PC-3/20598/2022** | 40,000<br>02/2020 | 30-11-2022 (26) | ഭവന നിർമ്മാണത്തിനായി തീരുമാനിച്ച സ്ഥലത്തേക്ക് ഗതാഗത സൗകര്യമില്ലാത്തതിനാൽ ചെലവ് ഇരട്ടിയോളമാകും |

മുകളിൽ പരാമർശിച്ച മുനിസിപ്പൽ കൗൺസിൽ തീരുമാനങ്ങൾ പ്രകാരമാണ് പ്രസ്തുത ഗുണഭോക്താക്കൾക്ക് 18% പലിശ ഒഴിവാക്കി നൽകിയിട്ടുള്ളത്. പ്രസ്തുത തീരുമാനത്തിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾപരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 47/15-02-2024 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-42 വൈദ്യുതി ചാർജ് -യഥാസമയം അടവാക്കിയില്ല-പിഴ അടവാക്കി

ഫയൽ നം. PW2-482/2023

താഴെ കൊടുത്ത കൺസ്യൂമർ നമ്പറുകളിലുള്ള വൈദ്യുതി ചാർജ് അടവാക്കുന്നതിൽ വീഴ്ച വന്നതിന് റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജിന് പുറമെ പലിശ, കലക്ഷൻ ചാർജ്, ഡിമാന്റ് നോട്ടീസ് ചാർജ് എന്നിവ ഉൾപ്പടെ 27260 രൂപ വൗച്ചർ നം. 118/28-02-2023 പ്രകാരം (30,000 രൂപ. അവശേഷിച്ച 2740 രൂപ 01/122010120388/02-03-2023 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്). ) പാതായ്ക്കര വില്ലേജ് ഓഫീസിൽ അടവാക്കിയിട്ടുണ്ട്.

| ക്ര.നം. | കെട്ടിടം | KSEB കൺസ്യൂമർ നമ്പർ | കാലയളവ് | പ്രിൻസിപ്പൾ തുക | മറ്റ ചാർജ്ജുകൾ ഉൾപ്പടെ അടവാക്കിയ ആകെ തുക |
|---|---|---|---|---|---|
| 1 | കുടിവെള്ളം-കാർഗിൽ മുക്ക് | 1165624017168 | 03-12-2020 | 9798 | 13878 |
| 2 | പഴയ ബസ്സ്റ്റാന്റ് | 1165626017255 | 01-02-2020 | 1347 | 1972 |
| 3 | പഴയ ബസ്സ്റ്റാന്റ് | 1165629017248 | 01-06-2020 | 1897 | 2742 |

| | | | | | |
|---|---|---|---|---|---|
| 4 | മാർക്കറ്റ് | 1165626017287 | 01-02-2021 | 1941 | 2800 |
| 5 | മാർക്കറ്റ് | 1165620017298 | 01-06-2020 | 1280 | 1875 |
| 6 | മാർക്കറ്റ് | 1165626017243 | 03-04-2021 | 1290 | 1890 |
| 7 | മാർക്കറ്റ് | 1165622049096 | 01-02-2021 | 1399 | 2103 |
| | | | ആകെ | **18952** | **27260** |

മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. വൈദ്യുതി ചാർജ്ജ് യഥാസമയം അടവാക്കാതിരുന്നതിന്റെ കാരണം.

2. KSEBയിൽ നിന്ന് ലഭിച്ച ഡിമാന്റ് നോട്ടീസ്.

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 48/15-02-2024 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്ക് വരുത്താത്തത്മൂലം നഗരസഭക്ക് അധികം ചെലവായ 8308 രൂപ (27260-18952) ബിൽ നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-43 വീട് വാസയോഗ്യമാക്കൽ പദ്ധതി –അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : വീട് വാസയോഗ്യമാക്കൽ - ജനറൽ

നം : S0040/2023

അടങ്കൽ - 12,50,000 (വികസനഫണ്ട്- ജനറൽ)
ചെലവ് – 7,87,500

BRN : 22150347000801041414/13-01-2023 : 512500

BRN : 22150347000801186429/14-02-2023 : 37500

BRN : 22150347000801216578/21-02-2023 : 62500

BRN : 22150347000801239314/24-02-2023 : 37500

BRN : 22150347000801239308/24-02-2023 : 112500

BRN : 22150347000801292595/04-03-2023 : 25000

----------

787500

പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും രണ്ട് ഗഡുക്കളായി ആകെ 25,000 രൂപ വീതം നൽകാനാണ് പദ്ധതിയിട്ടത്. തൻവർഷം ആകെയുള്ള 53ഗുണഭോക്താക്കളിൽ 10 പേർക്ക് 25000 രൂപയും 43 പേർക്ക് 12500 രൂപയും (ഒന്നാം ഗഡു) നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്ത അപാകതകൾ കണ്ടു.

1. ജി.ഒ (എം.എസ്)നം. 115/2022/LSGD/28-05-2022 ഖണ്ഡിക 6(7)(4) പ്രകാരം ഈ ഇനത്തിന് ജനറൽ വിഭാഗങ്ങൾക്ക് നൽകാവുന്ന തുക 1,00,000രൂപയാണ്.
എന്നാൽ 25000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം നൽകിയിട്ടില്ല എന്ന് കാണുന്നു.
2. ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഏതെല്ലാം പ്രവൃത്തികളാണ് ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളത് എന്നതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 23/09-02-2024 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനാണ് 25000 രൂപ വീതമാക്കി ധനസഹായം നൽകിയത് എന്നാണ് വ്യക്തമാക്കിയത്.
സർക്കാർ നിർദ്ദേശ പ്രകാരമുള്ള പരമാവധി തുക ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമായി നൽകേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഇലക്ട്രിക്കൽ പ്രവൃത്തി – സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

സ.ഉ (സാ.ധാ) നം 2878/2015/ത.സ്വ.ഭ.വ, തി. 22.09.2015 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ LSGD എക്സി. എഞ്ചിനീയർ

തയ്യാറാക്കേണ്ടതാണെന്നും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്തമായിരിക്കും. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ 3% ൽ കവിയാത്ത തുക പ്രതിഫലമായി എഞ്ചിനീയർക്ക് നൽകാവുന്നതുമാണ്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച യോഗ്യരായ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. പ്രസ്തുത കമ്മിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സി. എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങൾക്ക് എസ്റ്റിമേറ്റിന്റെ 1% പ്രതിഫലമായി നൽകാവുന്നതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്.

2022-23 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല -

| പ്രവൃത്തി - Construction Of Busstand Cum Shopping Complex Electrification | | 4% തുക |
|---|---|---|
| 1st And Part Bill തുക | 35,83,827 | 1,43,353 |
| 2nd And Part Bill തുക | 26,20,320 | 1,04,813 |
| | ആകെ | 248166 |

248166 – 10% IT (24817) = 2,23,349 (വൗച്ചർ നം.69/18-06-2022)

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനീയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.
2). പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവയ്ക്കുള്ള 3% ഓണറേറിയവും, പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള 1% ഓണറേറിയവും ശ്രീ. അലി കുന്നത്ത് AEE (Rtd) ന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്കാണ് (നം. 16000100027269) നൽകിയിട്ടുള്ളത്.
3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 50/15-02-2024 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-45 ഒറിജിനൽ രശീതിയില്ലാതെ ഇലക്ഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകി

2000രൂപ വീതം 13 വ്യക്തികൾ ഇലക്ഷൻ ഡെപ്പോസിറ്റ് ആയി അടവാക്കിയ 26,000രൂപ 24-11-2022 ലെ 88 മുതൽ 100 വരെയുള്ള വൗച്ചറുകൾ പ്രകാരം തിരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക അടവാക്കിയതിന്റെ ഒറിജിനൽ രശീതി ഹാജരാക്കാതെയാണ് പ്രസ്തുത തുകകൾ തിരികെ നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 49/15-02-2024 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അഞ്ച് ദിവസത്തിനകം ഒറിജിനൽ രശീതി ഹാജരാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-46 മുൻ കാലയളവിലെ ഇലക്ട്രിസിറ്റി, വാട്ടർ ബില്ലുകൾ നൽകിയത് -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

വൗച്ചർ നം.66/05-09-2022 : 1,19,742

താഴെപ്പറയുന്ന ഇലക്ട്രിസിറ്റി, വാട്ടർ ബില്ലുകൾക്ക് 25-06-2022 ലെ (1)-ാം നമ്പർ തീരുമാന പ്രകാരം മേൽ വൗച്ചർ മുഖേന തുക നൽകിയിട്ടുണ്ട്-

| ക്ര.നം. | ഇനം | ബിൽ നം. | ബിൽ തിയ്യതി | തുക |
|---|---|---|---|---|
| 1 | ഇലക്ട്രിസിറ്റി ബിൽ | 6562191201311 | 12-03-2019 | 26233 |
| 2 | ഇലക്ട്രിസിറ്റി | 6562600201420 | 10-02-2020 | 23588 |

| | | | | |
|---|---|---|---|---|
| | ബിൽ | | | |
| 3 | ഇലക്ട്രിസിറ്റി ബിൽ | 656221201101 | 02-12-2020 | 60654 |
| 4 | വാട്ടർ ബിൽ | XH00100106 | 29-12-2020 | 9582 |

മേൽ തിയ്യതികൾക്ക് ശേഷമുള്ള ബില്ലുകൾക്ക് നേരത്തേ പണം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ബില്ലുകൾക്ക് യഥാസമയം പേയ്മെന്റ് നടത്താതിരുന്നതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻ കാലയളവിൽ ഇതേ ചെലവുകൾ നടത്തിയിട്ടില്ല എന്ന് ഉറപ്പാക്കിയതിന് ആധാരമാക്കിയ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 52/15-02-2024 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ കാലങ്ങളിൽ ഇതേ ചെലവുകൾ നടത്തിയിട്ടില്ല എന്ന് ഉറപ്പാക്കുന്ന രേഖകൾ ഇല്ലാതെ ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് ഗുരുതരമായ അപാകതയാണ്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-47 കോഴിത്തൊടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം- അധിക നിരക്ക് നൽകി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "കോഴിത്തൊടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം" എന്ന പ്രൊജക്ടിൽ കൾവെർട്ടിന്റെ കരിങ്കൽ പടവ് (RR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി. ഇനം 2 പ്രകാരം കൾവെർട്ടിന്റെ Abutments (Rubble Stone Masonry In Cement Mortar) പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി (Od 214742/2019-2020) ക്യൂബിക്ക് മീറ്ററിന് 1373.07/- രൂപ നിരക്കിൽ തുക അനുവദിച്ചു. പ്രസ്തുത ഇനത്തിന് Mord 2.7.B പ്രകരമുള്ള നിരക്ക് ആണ് (419.17/M$^3$) നിരക്കാണ് നൽകേണ്ടത്. Mord-ൽ Spec Code ഉള്ള മേൽ ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 499000/499000 -Own Fund |
| കരാർ | 175/2019-20/05.12.2019 (Tender Variation -NIL) |
| ടി എസ് | TS No.71174/2019-20/01.10.2019 (CI 31.06%) |
| വൗച്ചർ | Vr. No.58/08-2022-23/ 26.08.2022 |
| M Book | 66/19-20 |
| കരാറുകാരൻ | ശ്രീ. E K മൊയ്തുട്ടി |

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക ( Od 214742/2019-2020 @ 1373.07/ M$^3$ _Cost Index 31.06% & Tender Variation -Nil) | നൽകാവുന്ന തുക ( Mord 2.7.B @ 419.17/ M$^3$ _Cost Index 31.06% & Tender Variation -Nil) | അധികം |
|---|---|---|
| 19278/- [Ie, 14.04 M$^3$ * 1373.07/M$^3$] | 5885/- [Ie, 14.04 M$^3$ * 419.17/M$^3$] | 15000/- [Ie, (19278 – 5885)+ 12% GST] |

തെറ്റായ നിരക്ക് നൽകിയത് മൂലം 15000/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/14.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. [ഖണ്ഡിക 3-1 കൂടി കാണുക]

## 1-48 നഗരസഭ കെട്ടിടത്തിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ- അധിക ചെലവ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പുതിയ നഗരസഭ ഓഫീസിലെ ഇടത് വശത്തെ സ്റ്റെയറിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ ഹാൻഡ് റെയിലിന്റെ പോസ്റ്റുകൾ, മുകളിലേയും താഴത്തേയും റെയിലുകൾ എന്നിവ M Book-ലെ രേഖപ്പെടുത്തലുകൾ പ്രകാരം 3mm കനമുള്ള50*50 Rectangular Hollow Section (RHS) സ്റ്റെയിൻലസ് സ്റ്റീൽ (SS Grade 304) കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത സ്റ്റെയിൻലസ് സ്റ്റീലിന് 5.95 Kg/M ആണ് തൂക്കം അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്റ്റെയിൻലസ് സ്റ്റീൽ (SS Grade 304)-ന് സ്റ്റാൻഡേർഡ് വെയ്റ്റ് 4.47 Kg/M ആണ്. ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള സ്റ്റെയിൻലസ് സ്റ്റീൽ തൂക്കിയാണ് വെയ്റ്റ് കണക്കാക്കിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ M Book-ൽ സാക്ഷ്യപത്രം എഴുതിയിട്ടില്ല. മേൽ സാഹചര്യത്തിൽ സ്റ്റാൻഡേർഡ് വെയ്റ്റ് 4.47 Kg/M ആണ് അനുവദനീയമായത്. തെറ്റായ മെഷർമെന്റ് രേഖപ്പെടുത്തിയത് മൂലം (മെഷർമെന്റ് തിയ്യതി 17.10.2020 & മെഷർമെന്റ് തിയ്യതി 27.10.2020) അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | പുതിയ നഗരസഭ ഓഫീസിലെ ഇടത് വശത്തെ സ്റ്റെയറിന് |

| | |
|---|---|
| | ഹാൻഡ് റെയിൽ സ്ഥാപിക്കൽ |
| അടങ്കൽ/ ചെലവ് | 490000/490000 [Own Fund] |
| ടി എസ് | LSGD/TS/2020-21/105584/24.08.2020 (Cl 31.06%) |
| കരാർ | 118/2020-21/11.09.2020 (Tender Variation -Nil) |
| എം ബുക്ക് | 452/2019-20 |
| കരാറുകാരൻ | Sri. Muhammed Rafeeq T |
| വൗച്ചർ | 68/12/2022/19.12.2022 |
| അധിക ചെലവിന്റെ വിവരം | |
| M Book-ൽ രേഖപ്പെടുത്തിയ തൂക്കം | 210.92 Kg [Ie, 35.45 Meter * 5.95 Kg] |
| M Book-ൽ രേഖപ്പെടുത്തേണ്ട തൂക്കം | 158.46 Kg [Ie, 35.45 Meter * 4.47 Kg] |
| നൽകിയ തുക (10.28പ്രകാരം, ER @ 619.13/Kg) | 130587/- [Ie, 210.92 Kg * 619.13/Kg] |
| നൽകാവുന്ന തുക (10.28പ്രകാരം, ER @ 619.13/Kg) | 98107/- [Ie, 158.46 Kg * 619.13/Kg] |
| കരാറുകാരന് അധികം നൽകിയ തുക (GST 12% ഉൾപ്പടെ) | 36378/- [Ie, (130587 – 98107) + (12% GST)] |

തെറ്റായ നിരക്ക് നൽകിയത് മൂലം 36378/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/15.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. [ഖണ്ഡിക 3-2 കൂടി കാണുക]

## 1-49 റോഡ് ഇന്റർലോക്കിംഗ്- അധിക ചെലവ്

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നരങ്ങകുണ്ട് വെള്ളക്കെട്ട് നീക്കൽ (327/23) എന്ന പ്രവൃത്തി പ്രകാരം 60 മീറ്റർ നീളത്തിലും ശരാശരി 4.25 മീറ്റർ വീതിയിലുമായി 80mm കനമുള്ള Concrete Block Pavements ഉപയോഗിച്ച് റോഡ് ഇന്റർലോക്കിംഗ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള ബിറ്റുമിൻ പ്രതലം Scarify ചെയ്ത് ( Item 1 & Item Code 3.2), കോംമ്പാക്റ്റിംഗ് നടത്തി ( Item 2 & Item Code 3.15.2) ശരാശരി 20 Cm കനത്തിൽ (Item 2) കോറിമക്കം, തുടർന്ന് 15 Cm കനത്തിൽ WMM ചെയ്തതിന് മുകളിലാണ് സിമന്റ് കോൺക്രീറ്റ് കട്ടകൾ വിരിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ നിർഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫണ്ട്/ അടങ്കൽ | 499000/497508 (CFC) |
| ടി. എസ് | LSGD/TS/2021-2022/20143/ 17.03.2022 |
| കരാർ | 08/2022-23/22.04.2022 |
| കരാറുകാരൻ | Sri. Haskar M |
| എം ബുക്ക് | 384/2020-21 |
| വൗച്ചർ നമ്പർ | Rs. 497508/- CFC/27/21.02.2023 |

അപാകതകൾ.

1. ചീഫ് എഞ്ചിനീയറുടെ 05.04.2021- ലെ DB1/3727/2021/CE/LSGD സർക്കുലർ പ്രകാരം 10 Cm കനത്തിൽ GSB/ WMM ഉപയോഗിച്ച് Compaction ചെയ്ത് കോൺക്രീറ്റ് കട്ട വിരിക്കുന്നതിനാണ് നിർദ്ദേശമുള്ളത്. ആയത് പരിഗണിക്കാതെ ശരാശരി 20 Cm കനത്തിൽ (Item 2) കോറിമക്കം, തുടർന്ന് 15 Cm കനത്തിൽ WMM ഉം ഉപയോഗിച്ച് Compaction നടത്തി ആയതിന് മുകളിലാണ് സിമന്റ് കോൺക്രീറ്റ് കട്ട വിരിച്ചിട്ടുള്ളത്. അധികമായി Compaction നടത്തേണ്ടതിന്റെ പ്രത്യേക സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദീകരിച്ചിട്ടില്ല. ആയതിനാൽ നഗരസഭ ഫണ്ടിന് അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.
2. ചീഫ് എഞ്ചിനീയറുടെ 6.4.2022 ലെ 31/2022 നമ്പർ സർക്കുലറിൽ ഇത്തരം പ്രവൃത്തികൾ Defects Liability Period 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ഉൾപെടുത്തി നിർവ്വഹിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അത്തരം നിബന്ധനകളൊന്നും ഈ പ്രവൃത്തിയുടെ ടെണ്ടറിൽ ഉൾപെടുത്തുകയോ കരാറിൽ പ്രസ്തുത നിബന്ധന ഉൾപെടുത്തുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (19/09.02.2024) മറുപടിയിൽ സൈറ്റിലെ പ്രത്യേക സാഹചര്യം മൂലമാണ് ക്വാറിമക്കം, തുടർന്ന് 15 Cm കനത്തിൽ WMM ഉം ഉപയോഗിച്ച് Compaction നടത്തേണ്ടിവന്നതെന്നും, അപാകത 2 -ന്മേൽ കരാറുകാരനുമായി കരാർ ചമക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-50 പ്രൊജക്ട് തയ്യാറാക്കാതെ പ്രവൃത്തികൾ നിർവ്വഹിക്കുന്നു

നഗരസഭയിൽ തനത് ഫണ്ട് വിനിയോഗിച്ചുള്ള മിക്ക മരാമത്ത് പ്രവൃത്തികളും പ്രൊജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്.
1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 51 പ്രകാരം മുനിസിപ്പാലിറ്റിയുടെ വികസന പദ്ധതികൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തനത് ഫണ്ടിന്റെ 25 ശതമാനം വിനിയോഗിച്ച് അടിയന്തിര സ്വഭാവമുള്ള മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മാത്രമാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്.

വാർഡ് സഭ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ തയ്യാറാക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ അംഗീകാരം നേടിയാണ് വികസന പദ്ധതികൾ നടപ്പിലാക്കേണ്ടത് എന്ന് സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വളരെയധികം പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നിർവ്വഹിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്. പെറ്റി വർക്കുകളും അടിയന്തിര പ്രവൃത്തികളും ഒഴിവാക്കിയാൽ തന്നെ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ച മുൻവർഷങ്ങളിൽ ആരംഭിച്ചവ ഉൾപ്പടെയുള്ള വിവിധ പ്രവൃത്തികൾ താഴെ ലിസ്റ്റ് ചെയ്യുന്നു. റോഡ് കോൺക്രീറ്റിംഗ്, ടാറിംഗ് പ്രവൃത്തികളും ബസ്റ്റാന്റ് നിർമ്മാണം തുടങ്ങിയ വൻ തുക ചെലവ് വരുന്ന പ്രൊജക്ടുകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഈ പ്രവൃത്തികളെല്ലാം തന്നെ ആവശ്യമായ സമയം നൽകി ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയല്ല എന്ന് വ്യക്തമാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു -

| ക്രമ നം | പ്രവൃത്തി | തുക | വൗച്ചർ നം./ തിയ്യതി |
|---|---|---|---|
| 1 | Thodu Renovation (ഫയൽ -PW1-10775/20) | 297776 | 25/08-04-2022 |
| 2 | Thodu Renovation (ഫയൽ -PW1-10852/20) | 184368 | 26/08-04-2022 |
| 3 | ടൗൺഹാൾ ബിൽഡിംഗ് പ്രവൃത്തി (ഫയൽ -PW1-13921/19) | 955356 | 27/08-04-2022 |
| 4 | മുണ്ടക്കാട് ക്ഷേത്രം റോഡ് പ്രവൃത്തി (ഫയൽ -PW1-253/17-18) | 451521 | 58/15-06-2022 |
| 5 | ജൂബിലി റോഡ് കോൺക്രീറ്റിംഗ് (ഫയൽ -PW1-27626/18) | 282886 | 65/17-06-2022 |
| 6 | സ്ലോട്ടർ ഹൗസ് നിർമ്മാണം (ഫയൽ -PW2-2950/14) | 407850 | 82/28-06-2022 |
| 7 | ടോയ്ലറ്റ് നിർമ്മാണം (ഫയൽ -PW1-15682/20) | 241072 | 33/07-07-2022 |
| 8 | സൈഡ് പ്രൊട്ടക്ഷൻ, കോൺക്രീറ്റിംഗ് (ഫയൽ -PC1-3634/19) | 168717 | 34/07-07-2022 |
| 9 | ഇലക്ട്രിക് കാർ ലീസിനെടുക്കൽ (ഫയൽ -PW2-9820/21) | 327603 | 53/14-07-2022 |
| 10 | പനങ്ങാട്ട പള്ളിയാലിൽ കുടിവെള്ള വിതരണ പദ്ധതി (ഫയൽ -PW1-6033/20) | 433928 | 68/23-07-2022 |
| 11 | കോഴിത്തോട്- നവോദയ കൾവർട്ട് നിർമ്മാണം (ഫയൽ -PW1-11985/19) | 481180 | 58/26-08-2022 |
| 12 | കക്കാട് - വട്ടപ്പാറ റോഡ് നിർമ്മാണം (ഫയൽ -PW1-7190/19) | 481180 | 63/05-09-2022 |
| 13 | ബസ് സ്റ്റാന്റ് നിർമ്മാണം (ഫയൽ -PW1-4771/03) | 449153 | 67/13-09-2022 |
| 14 | ബയോശക്തി പ്ലാന്റ് റീട്ടെയ്നിംഗ് വാൾ നിർമ്മാണം (ഫയൽ -PW1-93/2021) | 241072 | 73/27-09-2022 |
| 15 | തെരുവ് വിളക്കുകളുടെ റിപ്പയർ (ഫയൽ -PW2-11957) | 2647740 | 12 മാസങ്ങളിലായി |
| 16 | അങ്കണവാടി ഇലക്ട്രിഫിക്കേഷൻ (ഫയൽ -PW1-9671/19) | 464142 | 57/19-10-2022 |
| 17 | ബസ് സ്റ്റാന്റ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി (ഫയൽ -PW1-2509/20) | 428000 | 44/08-11-2022 |
| 18 | ലൈഫ് ഫ്ലാറ്റിന് സമീപം സൈഡ് വാൾ നിർമ്മാണം (ഫയൽ -PW1-13235/20) | 241072 | 49/09-11-2022 |
| 19 | ലൈഫ് ഫ്ലാറ്റിന് സമീപം സൈഡ് വാൾ നിർമ്മാണം (ഫയൽ -PW1-12846/20) | 478284 | 42/08-12-2022 |

| | | | |
|---|---|---|---|
| 20 | മുനിസിപ്പൽ ഓഫീസ് ലിഫ്റ്റിന് മുന്നിൽ ഗ്രാനൈറ്റ് വിരിക്കൽ (ഫയൽ -PW1-14621/20-5) | 481180 | 87/23-11-2022 |
| 21 | നമ്പ്യാരിക്കൽ ISS ചെമ്പംകുന്ന് റോഡ്സൈഡ് കോൺക്രീറ്റ് (ഫയൽ -PW1-19502/19) | 289284 | 17/02-12-2022 |
| 22 | ലൈഫ് മിഷൻ ഫ്ലാറ്റ് റോഡ് പ്രവൃത്തി (ഫയൽ -PW1-14012/20) | 443572 | 64/19-12-2022 |
| 23 | സ്റ്റാഫ് മീറ്റിംഗ് ഹാൾ പ്രവൃത്തി (ഫയൽ -PW1-11981/20) | 476692 | 66/19-12-2022 |
| 24 | ചെയർമാന്റെ ഓഫീസ് പ്രവൃത്തി (ഫയൽ -PW1-14370/20) | 475445 | 67/19-12-2022 |
| 25 | മുനിസിപ്പൽ കെട്ടിടത്തിൽ ഹാന്റ് റെയിൽ (ഫയൽ -PW1-14621/20) | 472500 | 68/19-12-2022 |
| 26 | സി.എച്ച്.ആഷിഖ് റോഡ് കോൺക്രീറ്റിംഗ് (ഫയൽ -PW1-404/19-20) | 192856 | 70/19-12-2022 |
| 27 | Improvements At Solid Waste Plant (ഫയൽ -PW1-93/20-21/3) | 241072 | 39/17-01-2023 |
| 28 | മണ്ണിൽപ്പാടം-മാനക്കുട്ടം പടി തോട് പുനരുദ്ധാരണം (ഫയൽ -PW1-11253/20) | 241072 | 76/14-02-2023 |
| 29 | അറിമ്പ്രത്തൊടി റോഡ് പ്രവൃത്തി (ഫയൽ -PW1-425/19-20) | 134010 | 78/14-02-2023 |
| 30 | ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി (ഫയൽ -PW2-13288/19) | 315650 | 83/15-02-2023 |
| 31 | ലൈഫ് ഫ്ലാറ്റ് മിച്ചഭൂമി റോഡ് ടാറിംഗ് (ഫയൽ -PW1-13121/20) | 616886 | 94/21-02-2023 |
| 32 | മാനത്ത് മംഗലം കീഴിശ്ശേരി റോഡ് കോൺക്രീറ്റിംഗ് (ഫയൽ -PW1-401/19-20) | 121786 | 95/21-02-2023 |
| 33 | സഹകരണ സ്കൂൾ ലൈഫ് മിഷൻ ഫ്ലാറ്റ് കോൺക്രീറ്റിംഗ് (ഫയൽ -PW1-14582/20) | 712364 | 106/27-02-2023 |
| 34 | വാഴയിൽപ്പടി റോഡ് പുനരുദ്ധാരണം (ഫയൽ -PC1-221/19-20) | 212144 | 110/28-02-2023 |
| 35 | വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിലെ പ്രവൃത്തികൾ (ഫയൽ -PW1-19502/19) | 477679 | 116/28-02-2023 |
| 36 | LIC മണ്ടൊടി സ്കൂൾ റോഡ് പ്രവൃത്തി (ഫയൽ -PW1-412/19-20) | 453216 | 37/03-03-2023 |
| 37 | ഗോപിനാഥൻ നായർ സ്മാരക വായനശാല പ്രവൃത്തി (ഫയൽ -PW1-10788/19) | 241072 | 40/03-03-2023 |
| 38 | ഒടിയൻചോല ലൈഫ് ഫ്ലാറ്റ് റോഡ് പ്രവൃത്തി (ഫയൽ -PW1-14013/20) | 433928 | 48/03-03-2023 |
| 39 | നമ്പ്യാർ തൊടി പാറക്കൽ തോട് വർക്ക് (ഫയൽ -PW1-10852/20) | 119639 | 49/03-03-2023 |
| 40 | കൗൺസിൽ ഹാൾ പ്രവൃത്തി (ഫയൽ -PW1-14374/20) | 481180 | 50/03-03-2023 |
| 41 | കളത്തിലക്കരെ MESറോഡ് ടാറിംഗ് (ഫയൽ -PW1-3770/19) | 337500 | 51/03-03-2023 |
| 42 | കളത്തിലക്കരെ MESറോഡ് ടാറിംഗ് (ഫയൽ -PW1-3770/19) | 337500 | 69/13-03-2023 |
| 43 | കൗൺസിൽ ഹാൾ പ്രവൃത്തി (ഫയൽ -PW1-14383/20) | 480216 | 80/20-03-2023 |
| 44 | ലൈഫ് ഫ്ലാറ്റ് റോഡ് പ്രവൃത്തി (ഫയൽ -PW1-14452/20) | 465675 | 81/20-03-2023 |
| 45 | സെൻട്രൽ സ്കൂൾ ബിൽഡിംഗ് പ്രവൃത്തി (ഫയൽ -PW1-6061/20) | 1446428 | 83/20-03-2023 |
| 46 | കൗൺസിൽ ഹാൾ പ്രവൃത്തി (ഫയൽ -PW1-14658/20) | 472500 | 84/20-03-2023 |
| 47 | ലൈഫ് ഫ്ലാറ്റ് റോഡ് പ്രവൃത്തി (ഫയൽ -PW1-14010/20) | 455144 | 85/20-03-2023 |
| 48 | തോട്ടക്കര തോട് പുനരുദ്ധാരണം (ഫയൽ -PW1-10771/20) | 299153 | 87/20-03-2023 |
| 49 | പാറക്കത്തോട് മുട്ടിപ്പാലം തോട് പുനരുദ്ധാരണം (ഫയൽ -PW1-11256/20) | 298471 | 88/20-03-2023 |

| | | | |
|---|---|---|---|
| 50 | പാണ്ടി സ്റ്റോർ ടൂ തറയിൽ സ്റ്റാന്റ് തോട് പുനരുദ്ധാരണം (ഫയൽ -PW1-11041/20) | 297443 | 89/20-03-2023 |
| 51 | ടാറ്റാ മോട്ടോഴ്സ് റോഡ് കംപ്ലീഷൻ (ഫയൽ -PW1-1868/19) | 479040 | 91/21-03-2023 |
| 52 | വായ്പ്പാറപ്പള്ളി സൈഡ് പ്രൊട്ടക്ഷൻ (ഫയൽ -PW1-16285/19) | 119581 | 93/21-03-2023 |
| 53 | ഗ്രീൻവാലി റോഡ് പ്രവൃത്തി (ഫയൽ -PW1-13092/20) | 240000 | 94/21-03-2023 |
| 54 | കോഴിത്തൊടി നവോദയ റോഡ് പ്രവൃത്തി (ഫയൽ -PW1-17213/19) | 480216 | 115/31-03-2023 |
| | ആകെ | 23504994 | |

ആവശ്യമായ ഫണ്ട് വകയിരുത്താതെയും ഫണ്ടിന്റെ ലഭ്യത പരിശോധന വിധേയമാക്കാതെയും വൻ തുക ചെലവ് വരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ നിർവ്വഹണ ഏജൻസികൾക്ക് പണം നൽകാനാവാതെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. അത്യന്തം ഗൗരവമർഹിക്കുന്ന മേൽ വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു. പദ്ധതിയുടെ ഭാഗമാക്കാതെ പ്രവത്തികൾ നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-51 നഗരസഭ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ- അവലോകനം

തനത് ഫണ്ട് വകയിരുത്തി വൻകിട പ്രൊജക്ടുകൾ ഏറ്റെടുക്കൽ, പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി സ്വീകരിച്ചിട്ടുള്ള നിക്ഷേപങ്ങളുടെ ഫണ്ട് വകമാറ്റൽ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് വകയിരുത്തിയ മരാമത്ത് പ്രവർത്തികളുടെ ആധിക്യം എന്നിവ മൂലം നഗരസഭ സമ്പത്തിക പ്രതിസന്ധിയിൽ. കരാറുകാർക്കുള്ള നൽകാനുള്ള 17.89 കോടി രൂപയുടെ കുടിശ്ശികയും, 4-5 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ വൻകിട പ്രൊജക്ടുകൾ പാതിവഴിയിൽ മുടങ്ങികിടക്കുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റുകൾ സമയബന്ധിതമായി തിരിച്ച് കൊടുക്കാൻ കഴിയാത്തതും, കരാറുകാരും ലൈസൻസികളും നഗരസഭക്കെതിരെ സ്വീകരിക്കുന്ന നിയമ നടപടികളും സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി വ്യക്തമാക്കുന്നു.

**I. സമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി.**

**1). കരാറുകാർക്ക് നൽകാനുള്ളത് 17.88 കോടി രൂപ.**

2019-20 മുതൽ 31.03.2022 വരെയുള്ള കാലയളവുകളിൽ തനത് ഫണ്ട് വകയിരുത്തി പണി പൂർത്തീകരിച്ച വിവിധ മരാമത്ത് പ്രവൃത്തികളിലായി 6.3 കോടി രൂപയും, രജത ജൂബിലി വർഷ പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ടുകളുടെ 11.59 കോടി രൂപയും ഉൾപ്പടെ മൊത്തം 17.89 കോടി രൂപയുടെ കുടിശ്ശിക കരാറുകാർക്ക് നൽകാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പണം നൽകാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ എണ്ണം | | തുക നൽകാൻ അവശേഷിക്കുന്ന കരാറുകാരുടെ എണ്ണം | കരാറുകാർക്ക് നൽകാൻ അവശേഷിക്കുന്ന തുക (കോടിയിൽ) |
|---|---|---|---|---|
| 1 | 159 | | 12 | 6.30 |
| 2 | രജത ജൂബിലി പദ്ധതികൾ (4 എണ്ണം) | മോഡേൺ ഇൻഡോർ മാർക്കറ്റ് | 1 | 2.99 |
| | | ടൗൺ ഹാൾ നിർമ്മാണം | 1 | 1.25 |
| | | ഗവൺമെന്റ് ആയുർവേദ ആശുപത്രി നിർമ്മാണം | 1 | 0.82 |
| | | ബസ്സ്റ്റാന്റ് നിർമ്മാണം | 1 | 6.52 |
| ആകെ | | | 16 | 17.88 |

**2). 13.18 കോടി രൂപയുടെ നിക്ഷേപ തുക വകമാറ്റി ചെലവഴിച്ചു.**

രജത ജൂബിലി പദ്ധതികളിൽ ഉൾപ്പെടുത്തി മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ലക്സ്, മൂസകുട്ടി സ്മാരക ബസ്സ്റ്റാന്റ് കോംപ്ലക്സ് എന്നിവ നിർമ്മിക്കുന്നതിന് 2019-20 വർഷത്തിൽ ജനകീയ ധനസമാഹരണം നടത്തിയിരുന്നു. നഗരസഭ കൗൺസിലിന്റെ 26.07.2019-ലെ 9 -ാം നമ്പർ തീരുമാന പ്രകാരമുള്ള ജനകീയ ധനസമാഹരണ മാർഗ്ഗരേഖയും-മുൻകൂർ ലേല കരാർ വ്യവസ്ഥകളും പ്രകാരമാണ് ധനസമാഹരണം നടത്തിയിട്ടുള്ളത്. പ്രസ്തുത കരാറിലെ 21 -ാം നമ്പർ വ്യവസ്ഥ പ്രകാരം മുൻകൂർ ലേലത്തിലൂടെ സമാഹരിക്കുന്ന തുകയിൽ കോംപ്ലക്സുകളുടെ പൂർത്തീകരണത്തിന് വരുന്ന തുക കഴിച്ച് ബാക്കി വരുന്ന തുക രജത ജൂബിലി പദ്ധതികളുടെ നിർവ്വഹണത്തിനും, ലോൺ തിരിച്ചടവിനും ഉപയോഗപ്പെടുത്തുന്നതിനാണ് വ്യവസ്ഥയുള്ളത്. ഫയലുകൾ പരിശോധിച്ചതിൽ 39.64 കോടി രൂപ അടങ്കൽ വകയിരുത്തി 08.03.2019-ന് പ്രവൃത്തി ആരംഭിച്ച മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ലക്സിന്റെ 13 കോടി രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. പാർട്ട് ബിൽ തുകയിൽ 2.99 കോടി രൂപ കുടിശ്ശിക ആയത്

മൂലം പ്രവൃത്തി താൽകാലികമായി മുടങ്ങികിടക്കുകയാണ്.

മുൻകൂർ ലേലത്തിലൂടെ ലഭിച്ച 28.44 കോടി രൂപയിൽ 13.18 കോടി രൂപ മനഴി ബസ്സ്റ്റാന്റിൽ പുതിയ മുൻസിപ്പൽ ഓഫീസ് സജ്ജീകരിക്കുന്നതിനും, വിവിധ മരാമത്ത് പ്രവൃത്തികൾക്കുമായി വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക മാറ്റിവെക്കാതെ മറ്റ് ആവശ്യങ്ങൾക്കായി മുൻകൂർ ലേലം മുഖേന സമാഹരിച്ച ഫണ്ട് ചെലവഴിച്ചത് കരാർ വ്യവസ്ഥക്ക് വിരുദ്ധവും ഫണ്ട് വകമാറ്റലുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിൽ ഫണ്ട് വകമാറ്റി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. ന | മുൻകൂർ ലേലം മുഖേന സമാഹരിച്ച നിർമ്മാണങ്ങൾ/ കോംപ്ലക്സുകൾ | നിക്ഷേപകരുടെ എണ്ണം | മുൻകൂർ ലേലം മുഖേന സമാഹരിച്ച തുക (കോടിയിൽ) | കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി ചെലവഴിച്ച തുക (കോടിയിൽ) | മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ച തുക/ വകമാറ്റി ചെലവഴിച്ച തുക (കോടിയിൽ) |
|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ലക്സ് | 90 | 17.67 | 5.26 | 13.18 |
| 2 | മൂസകുട്ടി സ്മാരക ബസ്സ്റ്റാന്റ് കോംപ്ലക്സ് | 53 | 10.77 | 10 | |
| ആകെ | | 143 | 28.44 | 15.26 | |

ചുവടെ ചേർത്തിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും ഫണ്ട് വകമാറ്റിയിട്ടുള്ളത്.

| ക്ര. ന | ആവശ്യം | തുക (കോടിയിൽ) |
|---|---|---|
| 1 | പുതിയ മുൻസിപ്പൽ ഓഫീസ് സജ്ജീകരണം | 3.72 |
| 2 | വിവിധ റോഡ്, അനുബന്ധ പ്രവൃത്തികൾ , മറ്റു പ്രവൃത്തികൾ | 3.49 |
| 3 | ടൗൺ ഹാൾ നിർമ്മാണം | 1.94 |
| 4 | സാന്ത്വനം കെട്ടിട നിർമ്മാണം | 1.02 |
| 5 | ഫിഷ് മാർക്കറ്റ് | 1.78 |
| ആകെ | | 11.95 |

[കുറിപ്പ്: മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ലക്സിന് സമാഹരിച്ച തുകയിൽ നിന്നും മൂസക്കുട്ടി സ്മാരക ബസ്സ്റ്റാന്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് തുക ചെലവഴിച്ചതാണ് വ്യത്യാസത്തിന് കാരണം. പ്രസ്തുത തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല]

**3). 84.66 കോടി രൂപയുടെ വൻകിട പ്രൊജക്ടുകൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നു.**

2019-20 സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ആരംഭിച്ച രജത ജൂബിലി പദ്ധതികൾ മുടങ്ങിക്കിടക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽതുക (പാർട്ട് ബിൽ) കരാറുകാർക്ക് നൽകാൻ കഴിയാത്തതാണ് വർഷങ്ങൾക്ക് മുൻപ് തുടങ്ങിയ പദ്ധതികൾ പണികൾ ഒന്നും നടത്താനാവാതെ മുടങ്ങിക്കിടക്കുന്നതിനുള്ള കാരണം. മുടങ്ങിക്കിടക്കുന്ന പ്രധാന പ്രൊജക്ടുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | പ്രവൃത്തി തുടങ്ങിയത്/ കരാർ തിയ്യതി | അടങ്കൽ (തുക കോടിയിൽ) | പൂർത്തീകരിച്ച മൂല്യം (തുക കോടിയിൽ) | കരാറുകാർക്ക് നൽകിയ തുക (തുക കോടിയിൽ) | കുടിശ്ശിക (തുക കോടിയിൽ) |
|---|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് കോംപ്ലക്സ് | 18.03.2019 | 39.64 | 13 | 10.10 | 2.9 |
| 2 | മൂസക്കുട്ടി സ്മാരക ബസ്സ്റ്റാന്റ് കോംപ്ലക്സ് | 11.01.2016 | 35.93 | 33.40 | 26.88 | 6.52 |
| 3 | ടൗൺ ഹാൾ നിർമ്മാണം | 01.08.2019 | 4.99 | 4.04 | 2.79 | 1.25 |
| 4 | ഗവൺമെന്റ് ആയുർവേദ ആശുപത്രി | 23.12.2019 | 4.10 | 1.78 | 0.96 | 0.82 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം | | | | | |
| ആകെ | | | 84.66 | 52.22 | 40.73 | 11.49 |

**4). നിയമ നടപടികളും, കോടതി കേസുകളും.**

ലഭിക്കാനുള്ള കുടിശ്ശികയിൻമേൽ പല കരാറുകാരും നഗരസഭക്ക് എതിരെ കേസ് കൊടുക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയുടെ സാമ്പത്തിക പ്രയാസം മൂലം കോടതി വിധി ഉണ്ടായിട്ട് പോലും കുടിശ്ശിക നൽകാൻ കഴിഞ്ഞിട്ടില്ല. 3 കരാറുകർക്ക് കുടിശ്ശിക നൽകുന്നതിന് വിധിയായിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികളുടെ എണ്ണം | നൽകാനുള്ള തുക (കോടിയിൽ ) | നൽകിയ തുക (കോടിയിൽ ) | ബാക്കി (കോടിയിൽ ) |
|---|---|---|---|
| 92 | 4.53 | 1.03 | 3.5 |

കൂടാതെ വിവിധ ആവശ്യങ്ങൾക്ക് നഗരസഭയിൽ നിക്ഷേപിച്ചിട്ടുള്ളതും, കാലാവധി പൂർത്തീകരിച്ചതുമായ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സമയബന്ധിതമായി തിരിച്ച് കൊടുക്കാൻ കഴിയുന്നില്ല. ഭരണ സമിതി മിനുട്സ്, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക പ്രയാസം കാരണം ഗഡുക്കളായിട്ടാണ് ഇത്തരത്തിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ തിരിച്ച് നൽകുന്നത് എന്ന് വ്യക്തമായി.

**II. നഗരസഭയുടെ വിശദീകരണം.**

ആധുനിക ഇൻഡോർ മാർക്കറ്റ്, ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ ഹാൾ എന്നിവയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് KURDFC -യിൽ നിന്നുള്ള ലോണിനും, അമൃത് സ്പെഷൽ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും നഗരസഭ വിശദീകരണം ലഭ്യമാക്കി. കൂടാതെ നഗരസഭക്ക് വലിയ വരുമാനം ലഭ്യമാക്കാൻ ശേഷിയുള്ള ആധുനിക ഇൻഡോർമാർക്കറ്റ്, ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, ടൗൺ ഹാൾ എന്നിവ പ്രവർത്തന സജ്ജമാകുന്നതിലൂടെ ലോൺ തിരിച്ചടവാക്കുന്നതിന് നഗരസഭക്ക് സാധിക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**III. ഓഡിറ്റ് നിരീക്ഷണങ്ങൾ.**

മേൽ വിവരങ്ങളുടേയും നഗരസഭ ലഭ്യമാക്കിയ മറുപടിയുടേയും അടിസ്ഥാനത്തിൽ ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1). തനത് ഫണ്ട് ലഭ്യത പരിഗണിക്കാതെ പ്രൊജക്ടുകൾ ഏറ്റെടുത്തു.**

13,14 പഞ്ചവത്സര പദ്ധതികൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തനത് ഫണ്ട് വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാത്രമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളത്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ തനത് ഫണ്ട് വകയിരുത്തി പദ്ധതികൾ ഏറ്റെടുത്തത് മൂലം പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാർക്ക് പണം നൽകാൻ സാധിച്ചില്ല. കൂടാതെ വൻകിട പദ്ധതികളുടെ പാർട്ട് ബിൽ തുക നൽകാത്തത് മൂലം കരാറുകർ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത അവസ്ഥയും സംജാതമായി.

**2). ഫണ്ടുകളുടെ വകമാറ്റൽ തനത് ഫണ്ടിനെ പ്രതികൂലമായി ബാധിച്ചു.**

ആധുനിക ഇൻഡോർമാർക്കറ്റ്, ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് തുടങ്ങിയ ഇൻകം ജനറേറ്റീവായ പദ്ധതികൾക്ക് വേണ്ടി സമാഹരിച്ച തുക നഗരസഭ ഓഫീസ് സജ്ജീകരണം, റോഡുകളുടെ നിർമ്മാണം എന്നിവക്ക് വേണ്ടി വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. ആയതുമൂലം മേൽ പ്രൊജക്ടുകൾ പൂർത്തീകരിച്ച് കരാർ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ റൂമുകൾ കൈമാറുന്നതിന് സാധിച്ചിട്ടില്ല. ആയത് മൂലം വാടക ഇനത്തിലും ഡെപ്പോസിറ്റ് ഇനത്തിലും ലഭ്യമാകുമായിരുന്ന തനതു വരുമാനം സമാഹരിക്കാനായിട്ടില്ല.

**3). ഷെഡ്യൂൾഡ് റേറ്റിലേയും ടാക്സിലേയും മാറ്റം അധിക ബാധ്യതവരുത്തും.**

മുടങ്ങികിടക്കുന്ന പദ്ധതികൾ 2016-ലെ ഷെഡ്യൂൾഡ് റേറ്റ് പ്രകാരം തയ്യാറാക്കി നിർവ്വഹണത്തിന് വേണ്ടി കരാർവെച്ചിട്ടുള്ളതാണ്. നിർമ്മാണ മേഖലയിൽ ഉണ്ടായിട്ടുള്ള വില വർദ്ധനവുകൾ മൂലം 2016-ലെ റേറ്റ് പ്രകാരം നിലവിൽ പ്രവൃത്തി പൂർത്തീകരിക്കാൻ പ്രയാസമുള്ളതായും, പുതിയ ഷെഡ്യൂൾഡ് റേറ്റ് പ്രകാരം റിവൈസ് ചെയ്യണമെന്നും ചില കരാറുകാർ നഗരസഭയെ അറിയിച്ചിട്ടുണ്ട്. പുതിയ ഷെഡ്യൂൾഡ് റേറ്റിലേക്ക് മാറുന്നതോടെ 10-14% ത്തിന്റേയും, ജി എസ് ടി യിലെ വർദ്ധനവ് മൂലം 6% ത്തിന്റേയും ഉൾപ്പടെ മൊത്തം ചെലവിൽ ഏകദേശം 15-20% അധിക ചെലവ് ഉണ്ടാക്കും. ആയത് നിലവിലെ പ്രതിസന്ധി രൂക്ഷമാക്കുന്നു.

**4). തനതുവരുമാനത്തിന്റെ ചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല.**

നഗസഭ വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുമ്പോഴും തനത് വരുമാനത്തിലെ ചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. ഉദാഹരണമായി മേൽ കാലയളവിൽ അനധികൃത കെട്ടിട നിർമ്മാണം നഗരസഭ കണ്ടെത്തി തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. വൻകിട ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ, ഷോപ്പിംഗ് മാളുകൾ എന്നിവ നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപെൻസി വാങ്ങിയതിന് ശേഷം കൂട്ടി ചേർക്കലുകൾ

വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ആയതിലൂടെ പെർമിറ്റ്/ റെഗുലറൈസേഷൻ ഫീ ഇനത്തിലും വസ്തു നികുതി ഇനത്തിലും വരുമാന ചോർച്ചയുണ്ടാവുന്നു. ഇത്തരം സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണം ഉള്ളതായി സൂചിപ്പിച്ച് ലഭിച്ച വിവരാവകാശ അപേക്ഷകളിന്മേൽ "അനധികൃത നിർമ്മാണം ഉണ്ടോ എന്ന് അറിയിക്കുന്നതിന് സ്ഥാപനത്തിന് നോട്ടീസ് നൽകി" എന്ന മറുപടിയാണ് അപേക്ഷകന് നൽകിയിട്ടുള്ളത്. അനധികൃത നിർമ്മാണം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം, കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ, സ്വീകരിച്ച തുടർനടപടികൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

**5). തനത് വരുമാനവും ധനകാര്യ മാനേജ്മെന്റും.**

2022-23 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം നഗരസഭയുടെ തനത് വരുമാനം, സ്ഥാപന-ഭരണ-പരിപാലനചെലവുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| തനത് വരുമാനം | തുക (കോടിയിൽ) | ചെലവുക | തുക (കോടിയിൽ) |
|---|---|---|---|
| നികുതി വരവുകൾ | 7.60 | സ്ഥാപന പരമായ ചെലവുക | 6.59 |
| നികുതിയേതര വരവുകൾ | 4.06 | ഭരണ-മെയ്ന്റൻസ് ചെലവുക | 5.26 |
| ജനറൽ പർപസ് ഗ്രാന്റ് | 2.45 | ലോൺ തിരിച്ചടവ് (പലിശ ഉൾപ്പെടെ) | 4.23 |
| ആകെ | 14.11 | ആകെ | 16.08 |

വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയുടെ സ്ഥാപന, ഭരണ, മെയിന്റനൻസ് ചെലവുകൾ കിഴിച്ച് തനത് ഫണ്ടിൽ ഏകദേശം 1.97 കോടി രൂപ കമ്മിയാണ്. അതിനാൽത്തന്നെ നഗരസഭയുടെ ബാധ്യതകൾ തീർക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിനും പണം കണ്ടെത്തേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ പൂർത്തീകരിക്കേണ്ട പ്രവർത്തികളിൽ ഇൻകം ജനറേറ്റീവായ പദ്ധതികൾക്ക് മുൻഗണ നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തനത് വരുമാനത്തിലുണ്ടാവുന്ന ചോർച്ചകൾ തടയുന്നതിനും, നികുതി/ നികുതിയേതര വരുമാനം പൂർണ്ണമായി ലഭ്യമാവുന്നെണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വിധ ഏജൻസികളിൽ നിന്നുള്ള പ്രത്യേക സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. തനത് ഫണ്ട് ഉപയോഗിച്ച് DPC അപ്രൂവൽ കൂടാതെയുള്ള പദ്ധതി നിർവ്വഹണം പരിമിതപ്പെടുത്തി ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കേണ്ടതുമാണ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 22 (ഡി) പ്രകാരം ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും, അക്കൗണ്ടുകൾ കൂടെക്കൂടെ പരിശോധിക്കുന്നതുൾപ്പടെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

[ഓഡിറ്റ് എൻക്വയറികൾ (നമ്പർ 37, 38, 39/13.02.2024) മുഖേനയുള്ള വിവര ശേഖരണം, ഫയലുകളുടേയും ഭരണ സമിതി മിനുട്സിന്റേയും പരിശോധന, വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്]

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോഴിത്തോടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം- 15000/- രൂപയുടെ അധിക ചെലവ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "കോഴിത്തോടി നവോദയ റോഡ് കൾവർട്ട് പുനരുദ്ധാരണം" എന്ന പ്രൊജക്ടിൽ കൾവെർട്ടിന്റെ കരിങ്കൽ പടവ് (RR Wall) പൊളിച്ച് മാറ്റുന്നതിന് തെറ്റായ നിരക്ക് അനുവദിച്ചതു മൂലം അധിക ചെലവ് ഉണ്ടായി. ഇനം 2 പ്രകാരം കൾവെർട്ടിന്റെ Abutments (Rubble Stone Masonry In Cement Mortar) പൊളിച്ച് മാറ്റുന്നതിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി (Od 214742/2019-2020) ക്യൂബിക്ക് മീറ്ററിന് 1373.07/- രൂപ നിരക്കിൽ തുക അനുവദിച്ചു. പ്രസ്തുത ഇനത്തിന് Mord 2.7.B പ്രകരമുള്ള നിരക്ക് ആണ് (419.17/$M^3$) നിരക്കാണ് നൽകേണ്ടത്. Mord-ൽ Spec Code ഉള്ള മേൽ ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. തെറ്റായ നിരക്ക് നൽകിയതു മൂലമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 499000/499000 -Own Fund |

| | |
|---|---|
| കരാർ | 175/2019-20/05.12.2019 (Tender Variation -NIL) |
| ടി എസ് | TS No.71174/2019-20/01.10.2019 (CI 31.06%) |
| വൗച്ചർ | Vr. No.58/08-2022-23/ 26.08.2022 |
| M Book | 66/19-20 |
| കരാറുകാരൻ | ശ്രീ. E K മൊയ്തൂട്ടി |

തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക ( Od 214742/2019-2020 @ 1373.07/ $M^3$ _Cost Index 31.06% & Tender Variation -Nil) | നൽകാവുന്ന തുക ( Mord 2.7.B @ 419.17/ $M^3$ _Cost Index 31.06% & Tender Variation -Nil) | അധികം |
|---|---|---|
| 19278/- [Ie, 14.04 $M^3$ * 1373.07/$M^3$] | 5885/- [Ie, 14.04 $M^3$ * 419.17/$M^3$] | 15000/- [Ie, (19278 – 5885)+ 12% GST] |

തെറ്റായ നിരക്ക് നൽകിയത് മൂലം 15000/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (45/14.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എൻജിനീയർ, സാങ്കേതിക അനുമതി നൽകിയ അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 നഗരസഭ കെട്ടിടത്തിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ- 36378/- രൂപയുടെ അധിക ചെലവ്

സെക്രട്ടറി നിർവ്വഹണം നടത്തിയ പുതിയ നഗരസഭ ഓഫീസിലെ ഇടത് വശത്തെ സ്റ്റെയറിന് ഹാൻഡ് റെയിൽ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ ഹാൻഡ് റെയിലിന്റെ പോസ്റ്റുകൾ, മുകളിലേയും താഴത്തേയും റെയിലുകൾ എന്നിവ M Book-ലെ രേഖപ്പെടുത്തലുകൾ പ്രകാരം 3mm കനമുള്ള50*50 Rectangular Hollow Section (RHS) സ്റ്റെയിൻലസ് സ്റ്റീൽ (SS Grade 304) കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത സ്റ്റെയിൻലസ് സ്റ്റീലിന് 5.95 Kg/M ആണ് തൂക്കം അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്റ്റെയിൻലസ് സ്റ്റീൽ (SS Grade 304)-ന് സ്റ്റാൻഡേർഡ് വെയ്റ്റ് 4.47 Kg/M ആണ്. ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ള സ്റ്റെയിൻലസ് സ്റ്റീൽ തൂക്കിയാണ് വെയ്റ്റ് കണക്കാക്കിയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ M Book-ൽ സാക്ഷ്യപത്രം എഴുതിയിട്ടില്ല. മേൽ സാഹചര്യത്തിൽ സ്റ്റാൻഡേർഡ് വെയ്റ്റ് 4.47 Kg/M ആണ് അനുവദനീയമായത്. തെറ്റായ മെഷർമെന്റ് രേഖപ്പെടുത്തിയത് മൂലം (മെഷർമെന്റ് തിയ്യതി 17.10.2020 & മെഷർമെന്റ് തിയ്യതി 27.10.2020) അധിക ചെലവ് ഉണ്ടായിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി | പുതിയ നഗരസഭ ഓഫീസിലെ ഇടത് വശത്തെ സ്റ്റെയറിന്<br>ഹാൻഡ് റെയിൽ സ്ഥാപിക്കൽ |
| അടങ്കൽ/ ചെലവ് | 490000/490000 [Own Fund] |
| ടി എസ് | LSGD/TS/2020-21/105584/24.08.2020 (Cl 31.06%) |
| കരാർ | 118/2020-21/11.09.2020 (Tender Variation -Nil) |
| എം ബുക്ക് | 452/2019-20 |
| കരാറുകാരൻ | Sri. Muhammed Rafeeq T |
| വൗച്ചർ | 68/12/2022/19.12.2022 |
| അധിക ചെലവിന്റെ വിവരം | |
| M Book-ൽ രേഖപ്പെടുത്തിയ തൂക്കം | 210.92 Kg [Ie, 35.45 Meter * 5.95 Kg] |
| M Book-ൽ രേഖപ്പെടുത്തേണ്ട തൂക്കം | 158.46 Kg [Ie, 35.45 Meter * 4.47 Kg] |
| നൽകിയ തുക (10.28പ്രകാരം, ER @ 619.13/Kg) | 130587/- [Ie, 210.92 Kg * 619.13/Kg] |
| നൽകാവുന്ന തുക (10.28പ്രകാരം, ER @ 619.13/Kg) | 98107/- [Ie, 158.46 Kg * 619.13/Kg] |
| കരാറുകാരന് അധികം നൽകിയ തുക (GST 12% ഉൾപ്പടെ) | 36378/- [Ie, (130587 – 98107) + (12% GST)] |

തെറ്റായ നിരക്ക് നൽകിയത് മൂലം 36378/- രൂപയുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/15.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക അളവെടുത്ത മുനിസിപ്പൽ എൻജിനീയർ, ചെക്ക് മെഷർന്റ് ചെയ്ത അസി. എക്സി. എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 5.02.2024 മുതൽ 14.02.2024 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./തീയതി | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം. 430/23 എസ് സി | 53/25.08.2022 | 950000 | 719338* | പൂർത്തീകരിച്ച | 230662 |

| | | | | | | |
|---|---|---|---|---|---|---|
| | കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ | | | | | |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 431/23– ക്രമറ്റോറിയം പൈപ്പ് ലൈൻ നീട്ടൽ | 298/14.03.2023 | 270000 | 208474* | പൂർത്തീകരിച്ചു | 61526 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 441/23– സി എച്ച് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 299/14.03.2023 | 200000 | 143375* | പൂർത്തീകരിച്ചു | 56625 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്റ്റ് നം. 11/23 പൈപ്പ് ലൈൻ നീട്ടൽ(താമരത്ത് കോളനി) | 16/26.05.2022 | 1000000 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 1000000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ 395/2023 | 300/14.03.2023 | 436000 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 436000 |
| AMRUTH 2.0 | പ്രൊജക്റ്റ് നം. 41/23കുടിവെള്ള പദ്ധതി നഗരസഭ വിഹിതം | 22201815/31.03.2023 | 9400000 | 0 | പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല | 9400000 |

(*വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്) പൂർത്തീകരിച്ച പ്രവൃത്തികളിൽ അവശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ ഭവനപദ്ധതി (HUDCO) | ലഭ്യമല്ല | -- | 139840000 | 11653334 | 0 | 128186666 |
| MODERN INDORE MARKET (HUDCO) | സ.ഉ.(സാധാ) നം.119/2020/ തസ്വഭവ തി: 14-01-2020 | 0 | 39604540 | 4062500 | 0 | 35542040 |
| URBAN BANK BUS STAND | 119842/ DC3/2015/ തസ്വഭവ തി. 15.09.2015 | 00 | 63658433 | 26484988 | | 37173445 |

കുറിപ്പ്-ബസ്റ്റാന്റ് നിർമ്മാണം വായ്പ മുൻബാക്കി AFS മായി പൊരുത്തപ്പെടുന്നില്ല. വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 2021-22 ബാലൻസ്ഷീറ്റ് പ്രകാരം 63417148/- രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 63658433 /- രൂപയാണ്. രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പാണ് ചേർത്തിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4049130 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 4049130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4049130 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | തുക | രശീതി നം. |
|---|---|---|
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 500000 | 022/26.05.2014 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 | 63/26.12.2016 |
| അർബൺ കോ – ഓപ്പറേറ്റീവ് ബാങ്ക്,പെരിന്തൽമണ്ണ | 2501000 | 21.03.2019 |
| പഞ്ചാബ് നാഷണൽ ബാങ്ക് പെരിന്തൽമണ്ണ | 48130 | GKV003167/18.10.2019 |

കുറിപ്പ്: അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 21.03.19 ൽ നിക്ഷേപിച്ച 1000/- രൂപയുടെ സ്ഥിര നിക്ഷേപം AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപ തുക AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2020-21 | 1-32 | 36653 | ശോഭ എം എസ് , ഹെഡ്മാസ്റ്റർ | 122010105389/28.06.22 |
| 2018-19 | 3-2 | 8381 | വഹീദ ബീഗം | 122010105390/28.06.22 |
| 2018-19 | 3-2 | 25000 | ശോഭ എം എസ് , ഹെഡ്മാസ്റ്റർ | 122010105391/28.06.22 |
| 2018-19 | 3-2 | 22393 | ശോഭ എം എസ് , ഹെഡ്മാസ്റ്റർ | 122010106117/12.07.22 |
| 2018-19 | Enq | 27586 | എൻ പ്രസന്നകുമാർ, മുനിസിപ്പൽ എഞ്ചിനീയർ | 122010117304/31.01.23 |

| | | | | |
|---|---|---|---|---|
| 2021-22 | Enq | 27340 | ഹസ്കർ എം | 122010121708/20.03.23 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 46, 47 | 2000-01 | മാർക്കറ്റ് സ്റ്റാളിലെ വാടക ഈടാക്കാത്തത് നഷ്ടം 54925 രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 50 | 2003-04 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 63 | 2003-04 | ടാർ വില | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 74 | 2003-04 | സംഗീത ക്രോസ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3(38) | 2010-11 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2010-11 2011-12 | 2(10) | 2013-14 | ലഘു അവലോകനം (പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ്) | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2(1) | 2017-18 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | -- | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | മരാമത്ത് പ്രവർത്തികളിന്മേൽ കൃത്രിമം കാണിച്ച് 3.69 ലക്ഷം പിൻവലിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ഇല്ല.

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക ( രസീത് | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | വകുപ്പ് | നമ്പറും തിയ്യതിയും | തുക | നമ്പർ/ തിയ്യതി) | തുക (തിയ്യതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | പെരിന്തൽമണ്ണ നഗരസഭ | 2001-02 | 3(4) | സന്തോഷ്.ടി സെക്രട്ടറി. | LF-5822/ SP.Cell/ SC5/08 / 19.6.2009 | 25350 | 25350 | | | | 25350 | 0 | |
| 2 | ,, | 2006-07 | 3(6) | ലളിതാംബിക .കെ.എസ്. | LF 8998/ SP.Cell/Csc /A2 /12 തി. 24.8.2013 | 21450 | 1140110 3559/ 14.5.2014 | - | - | 21450 | - | 0 | |
| 3 | ,, | 2007-08 | 3(5) | സുധാകരൻ സെക്രട്ടറി | LF 17183/ SP.Cell/ CSC/ A2/12/ തി. 15.6.15 | 23026 | 115011 22710/ 21.1.16 | | | 23026 | | 0 | |
| 4 | ,, | 1998-99 | 47,45 | സുരേന്ദ്രൻ സെക്രട്ടറി | LF-15394/ SP.Cell/ SC-5/03തി. 2.7.2004 | 43153 | | - | - | - | - | 43153 | OP 200/ 2006 |
| 5 | ,, | 1998-99 | 91 | പി.ജെ. ജോസഫ് എച്ച് .എം | LF 15394/ SP.Cell/ SC-5/03തി. 3.9.2013 | 17108 | | - | - | - | - | -17108 | വിവരം ലഭ്യമല്ല |
| 6 | ,, | 1998-99 | 838487 | ടി.എം.അപ്പു | LF 15394/ SP.Cell/ SC-5/03തി. 3.9.2013 | 11500 | | | | | | 11500 | WPC 2490/ 04 PEN DNG |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 370558195 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 380874115 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51368 രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20242294രൂപ |

**(ബി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1000000 | ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 784813 | ശ്രീ. മിത്രൻ ജി, സെക്രട്ടറി |
| 1-22 | 1677600 | ശ്രീ. മിത്രൻ ജി, സെക്രട്ടറി |
| 1-24 | 680034 | ശ്രീ. മിത്രൻ ജി, സെക്രട്ടറി |
| 1-28 | 1000000 | ശ്രീ. നിഷാന്ത് കാവുങ്ങപറമ്പിൽ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-29 | 1017718 | ശ്രീ. മിത്രൻ ജി, സെക്രട്ടറി |
| 1-30 | 9400000 | ശ്രീ. മിത്രൻ ജി, സെക്രട്ടറി |
| 1-36 | 1045053 | ശ്രീ. രാജീവ് ബോസ് , പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് |

| | | |
|---|---|---|
| 1-37 | 2397470 | ശ്രീ. രാജീവ് ബോസ് , പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് |
| 1-38 | 1139922 | ശ്രീ. രാജീവ് ബോസ് , പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് |
| 1-40 | 99684 | ഡോ.സാബിറ , മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 20242294 | |

**നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 15000 | ശ്രീ. പ്രസന്നകുമാർ.എൻ, മുനിസിപ്പൽ എൻജിനീയർ (Rs. 7500/-) 01.10.2019 |
| | | ശ്രീ. ഉമ്മർ, അസി. എക്സി. എൻജിനീയർ (Rs. 7500/-) 01.10.2019 |
| 3-2 | 36368 | ശ്രീ. പ്രസന്നകുമാർ.എൻ, മുനിസിപ്പൽ എൻജിനീയർ (Rs. 18189/-) 17.10.2020 |
| | | ശ്രീ. ഉമ്മർ, അസി. എക്സി. എൻജിനീയർ(Rs. 18189/-) 27.10.2020 |
| ആകെ | 51368 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രസന്നകുമാർ.എൻ, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസ്, അങ്ങാടിപ്പുറം | മാരി നിവാസ്, കൊടുമ്പ് പി.ഒ. പാലക്കാട്-678551 ഫോൺ-944728194 |
| ശ്രീ. ഉമ്മർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | (വിരമിച്ചു ) | കാരയിൽ വീട്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട് -673602 ഫോൺ: 9744405332 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ.19.02.1982 | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 02 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 12 |
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 26.02.1982 | 05 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. 21.10.1988 | 7 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. 21.10.1988 | 3 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ.21.10.1988 | 12 |

| | | |
|---|---|---|
| 1979-80 | എൽ.എഫ്.എം.10/122/82 തീ.21.10.1988 | 4 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1988 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1988 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ.21.10.1988 | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/220/15(7) തീ.23.02.2015 | 24 |
| 1991-92,1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95,1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) തീ.24.02.2015 | 26 |
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 77 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 42 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 42 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 21 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 33 |
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 69 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11,2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | 28 |
| 2013-14,2014-15 | കെഎസ്എഎംപിഎം21/1425/2016തി.14.7.16 | 28 |
| 2015-16 | കെഎസ്എഎംപിഎം 21/178/2017 തി:02-05-2018 | 28 |
| 2016-17 | കെഎസ്എഎംപിഎം21/2459/2017തി.30-11-17 | 28 |
| 2017-18 | കെഎസ്എഎംപിഎം21/2866/2018തി.30-10-19 | 16 |
| 2018-19 | കെഎസ്എഎംപിഎം21/1441/2020 തി.03-02-2021 | 17 |
| 2019-20 | കെഎസ്എഎംപിഎം21/600/22 തി.17-04-2023 | 13 |
| 2020-21 | കെ.എസ്.എ.എം.പി.എം.21/201/22 തി.18-04-2023 | 17 |
| 2021-22 | കെ.എസ്.എ.എം.പി.എം.21/551/23 തി.105-07-2023 | 50 |

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്ന അവസ്ഥ ശരിയായ നടപടിയല്ല. നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 40 dated 20-06-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Perinthalmanna Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perinthalmanna Municipality for the year 2022-2023

**Date: 04/03/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Perinthalmanna Municipality for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit( Ratios, Notes on accounts comparative statements.)
2.Some amounts in AFS entered as Fraction.
3.Monthly bank reconciliation statements are not attested.
4.Even after reconciliation the bank passbook does not match the bank book balance.
5.Following registers are not reliable for audit.(Deposit register, Advance register, Asset register, profession tax register, rent register, PMAY Loan register
6.Details in the loan register does not match the AFS.
7.Directly debited by bank -further action not taken.
8. Directly credited by bank -further action not taken.
9.Checks not cashed more than 3 months after issue are not converted to stale check head.
10.Checks deposited in the bank are not credited.
11.Deposit work-incorrectly accounted.

12. The fixed deposit amount remaining at the end of the year does not match the AFS.
13. Utilised beneficiary contribution remains as liability.
14. No entry has been made for the amount incurred
15. Bank Book closing balance shows credit balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്